www.infokairali.in വില 30 രൂപ 2025 ഫെബ്രുവരി

# ഇൻഫോ-കൈരളി

**കമ്പ്യൂട്ടർ മാഗസിൻ**

facebook.com/infokairali 9447124390

**ബിസിനസ് കുതിപ്പിന് കൈകോർത്ത് ഗൂഗിൾ**

**ഏജന്റിക് എ ഐ- സ്വയംഭരണ സാങ്കേതികവിദ്യയിലേക്ക് ഒരു ജാലകം**

**സ്വയം ജോലി ചെയ്തു വരുമാനം: സ്മാർട്ട്ഫോൺ മാത്രം മതി**



## ലോകം അടക്കിവാണ്

# ഗൂഗിൾ പ്രോഡക്റ്റ്സ്

# വീട്ടിലൊരു തീയേറ്റർ നിങ്ങളുടെ സ്വപ്നമാണോ?






## Aries DM Pvt Ltd അവതരിപ്പിക്കുന്നു ലോകത്തിലെ ആദ്യത്തെ റെഡിമെയ്ഡ് ഹോം തീയേറ്റർ

വീടിന്റെ ടെറസിന്റെ അനുയോജ്യമായ ഭാഗത്ത് കുറഞ്ഞ സമയം കൊണ്ട് ഇത് നിർമ്മിക്കാം. വീടിന്റെ പുറത്ത് ഔട്ട്ഹൗസ് പോലെയും നിർമ്മിക്കാം

8 അടി വീതിയും 12 അടി നീളവുമുള്ള 4 സീറ്റർ, 8 അടി വീതിയും 16 അടി നീളവുമുള്ള 7 സീറ്റർ,കൂടാതെ കസ്റ്റമൈസ്ഡ് സൈസുകളിലും റെഡിമെയ്ഡ് തീയേറ്റർ ലഭ്യമാണ്.

റെഡിമെയ്ഡ് ഹോം തീയേറ്റർ നേരിട്ട് കണ്ടു മനസ്സിലാക്കുന്നതിനായി 9539000522 അല്ലെങ്കിൽ 9446090206 നമ്പറിലേക്ക് വാട്സ്ആപ്പ് ചെയ്യൂ... കൂടുതലറിയാൻ www.ariesdm.com സന്ദർശിക്കുക.

Aries Digital Magics Pvt Ltd
Door No: 11/335
Pullappallil Buildings
Manjoor PO, Kuruppanthara
Kottayam, Kerala, India - 686603
www.ariesdm.com


LAPTOP SERVICE
ANY BRAND..
ANY PROBLEM
( COMPUTER, LAPTOP, PRINTER, CCTV SALES & SERVICE )
DOOR TO
DOOR PICKUP
& DELIVERY
CCTV
SALES &
SERVICE
ICM INFOTEK
THALAYOLAPARAMBU
PH:04829234625,8086122244,9447124393/4
COMPUTER SALES, LAPTOP SALES SERVICE ACCESSORIES, CCTV INSTALLATION & SERVICE
NETWORKING, PRINTER SERVICE , LASER CARTRIDGE REFILLING

# INFO-KAIRALI

**VOL.26 NO.4 FEBRUARY 2025**



Kuruppanthara
Kottayam - 686 603
Whatsapp: 9447124390
Website: www.infokairali.com
E-Mail: kairali.info@gmail.com
facebook.com/infokairali



Managing Editor & Editor in Charge
**SOJAN JOSE**

Editorial Support
**NANDAKUMAR E.**

Sub Editors
**MARY MATHEWS**
**OJITHA K S**

Digital Marketing Consultant
**ANAND SOJAN**

Circulation
**SHAJI MANIMALA**

Marketing
**LINO MOHAN**

Advisory Board Chairman
**DR. ACHUTH SANKAR S. NAIR**
Director, Quality Assurance, Professor,
Dept of Computational Biology and
Bioinformatics, University of Kerala

Advisory Board
**PROF. JYOTHY JOHN**
Principal, College of Engineering,
Chengannur

**Er. M.P. LOKNATH**
General Secretary,
Internet Society of India

**DR. SABU M. THAMPI**
Associate Professor,
IIITM-K Trivandrum

**DR. UMESH P.**
HOD, Department of Applied Science,
College of Engineering, Aranmula

**MR. ROBIN TOMMY**
Innovation Lead, TCS,
Trivandrum

**MR. GOKUL ALEX**
Senior Manager, UST Global,
Infinity Labs Trivandrum,

Lay-Out & Design
**SANTHOSH**






06

## ലോകം അടക്കിവാണ് ഗൂഗിൾ പ്രോഡക്റ്റ്സ്

ഭാവി വിദ്യാഭ്യസം ഗൂഗിളിന്റെ കൈകളിൽ സുരക്ഷിതം........08
ബിസിനസ് കുതിപ്പിന് കൈകോർത്ത് ഗൂഗിൾ........12
പുതിയ ട്രെൻഡിനൊപ്പം ഗൂഗിൾ എന്റർടൈൻമെന്റ്........16
ആശയവിനിമയം ഇനി ഞൊടിയിൽ........19
വിവിധ മേഖലകളിൽ ജനപ്രിയമായി ഗൂഗിൾ........22
ഗൂഗിൾ ഉത്പന്നങ്ങൾക്കൊരു അവലോകനം........24
സ്വയം ജോലി ചെയ്തു വരുമാനം: സ്മാർട്ട്ഫോൺ മാത്രം മതി........26
എക്സിന്പകരക്കാരൻ........33
ഇൻഫോ സൈറ്റ്........42
വെബ്സൈറ്റ് റിവ്യു........44
വിറ്റി മൗസ്........50



35

ഏജന്റിക് എഐ സ്വയംഭരണ സാങ്കേതിക വിദ്യയിലേക്കൊരു ജാലകം



46

ആൻഡ്രോയ്ഡ് ഫോൺ ഉപേക്ഷിക്കാൻ പ്ലാനുണ്ടോ ?



# നോ-കോഡ്: നോ വേണ്ടത് അതിരറ്റ സ്വപ്നങ്ങൾക്ക്

സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് രംഗത്തെ ചൂടേറിയ വിഷയങ്ങളാണ് എഐ അധിഷ്ഠിത ലോ-കോഡ്, നോ-കോഡ് സങ്കേതങ്ങൾ. കോഡ് പൂർണ്ണമായും എഴുതിയുണ്ടാക്കുന്നതിനുപകരം ആകർഷകമായ ഇന്റർഫെയ്സിന്റെ സഹായത്തോടെ വികസിപ്പിക്കാൻ സഹായിക്കുകയാണ് ലോ-കോഡ് പ്ലാറ്റ്ഫോമുകൾ ചെയ്യുന്നത്. നോ-കോഡ് പ്ലാറ്റ്ഫോമുകളാകട്ടെ, കോഡിങ് ഒന്നും ആവശ്യമില്ലാതെ ആപ്ലിക്കേഷനുകൾ നിർമ്മിക്കാനുള്ള ഇന്റർഫേസുകൾ നൽകുന്നു. എഐ ചാറ്റ്ബോട്ടുകൾ കൂടി ഇതിന്റെ ഭാഗമാകുന്നതോടെ നമ്മുടെ ആവശ്യം ഇംഗ്ലീഷിലെഴുതിക്കൊടുത്താൽ ആപ്പുണ്ടാക്കിക്കിട്ടുമെന്നാണ് വെപ്പ്.

ഇവയെച്ചുറ്റിപ്പറ്റി മോഹനവാഗ്ദാനങ്ങൾ ഏറെയാണ്. ആവശ്യമായ യോഗ്യത ഇല്ലെങ്കിൽപ്പോലും പ്രതിമാസം ലക്ഷങ്ങൾ സമ്പാദിക്കാം എന്നതാണ് ചുരുക്കം. ഈ സോഷ്യൽ മീഡിയാ വിളംബരം വിദ്യാർത്ഥികളും കോഡിങ് പരിജ്ഞാനം കുറഞ്ഞ ഐടി ജീവനക്കാരും സംരംഭകരുമുൾപ്പെട്ട ഒരു സമൂഹത്തെ മായാലോകത്ത് എത്തിക്കുന്നു. ഇവർ കാണാതെപോകുന്ന പ്രശ്നങ്ങൾ പലതാണ്.

കോപ്പിറൈറ്റ് നിബന്ധനകളുള്ള കോഡ് പുനരുപയോഗിക്കുന്നതിലെ നിയമപ്രശ്നമാണൊന്ന്. എഐ ടൂളുകളിൽനിന്ന് കോപ്പി ചെയ്ത കോഡിൽ ഒരു പ്രശ്നം വന്നാൽ എങ്ങനെ പരിഹരിക്കണം എന്ന അറിവ് സാധാരണ ഉപയോക്താവിനുണ്ടാവണമെന്നില്ല അടുത്തത് അവയിലെ സുരക്ഷാപ്പിഴവുകൾ ആണ്.

പ്രൊട്ടോടൈപ്പ് നിർമ്മാണം, കസ്റ്റമർ കെയർ, പരിമിതമായ ടൂളുകൾ തുടങ്ങി അനവധി ആവശ്യങ്ങൾക്ക് നോ-കോഡ്/എഐ കോഡിങ് പ്ലാറ്റ്ഫോമുകൾ പ്രയോജനപ്രദമാണ്. എന്നാൽ സങ്കീർണമായ സോഫ്റ്റ്‌വെയറിനോ ദീർഘകാല പ്രോജക്റ്റുകൾക്കോ ഇവ നന്നാവില്ല. ഇതിനൊക്കെ ഡെവലപ്പർമാരുടെ പ്രാവീണ്യവും അറിവും അവശ്യമാണ്.

*എഡിറ്റോറിയൽ ടീം*




# ലോകം അടക്കിവാണ് ഗൂഗിൾ പ്രോഡക്റ്റ്സ്

◐ അന്ന ബേബി

നമ്മുടെ ജീവിതത്തിന്റെ പ്രധാന ഭാഗമാണ് ഇന്ന് ഗൂഗിൾ. എന്തിനും ഏതിനും ഗൂഗിൾ സെർച്ച് എഞ്ചിനെയും ഗൂഗിൾ ഉത്പന്നങ്ങളെയും ആശ്രയിക്കുന്ന ഒരു തലമുറയാണ് നമ്മുടേത്.

സ്റ്റാൻഡേഫോർഡ് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളായ ലാറി പേജും സെർജി ബ്രിനും 1998 സെപ്റ്റംബറിലാണ് ഗൂഗിൾ സ്ഥാപിച്ചത്. ഗൂഗിളിന്റെ ആദ്യനാമം ബാക്ക്റബ്ബ് എന്നായിരുന്നു. ഗൂഗോൾ എന്ന പദത്തിൽ നിന്നാണ് ഗൂഗിൾ എന്ന പേരിന്റെ ഉത്ഭവം. ഒന്ന് മുതൽ,നൂറ് വരെയുള്ള സംഖ്യകളെ സൂചിപ്പിക്കുന്ന പദമാണിത്. എന്നാൽ ഒരു അക്ഷരപേശകിൽ അത് ഗൂഗിൾ എന്ന് അറിയപ്പെടാൻ തുടങ്ങി. ലളിതമായ രൂപകൽപ്പനയും, പണം നൽകാതെ ഉപയോക്താക്കൾക്ക് സേവനങ്ങൾ നൽകുന്നു എന്നതും ഗൂഗിളിനെ ഇന്റർനെറ്റ് ഉപയോക്താകൾക്കിടയിൽ കൂടുതൽ പ്രചാരത്തിലാക്കി. ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും വൈവിധ്യമാർന്ന തലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ ഈ ബഹുമുഖ സാങ്കേതിക ഭീമന് കഴിഞ്ഞിട്ടുണ്ടെന്നത് നിസംശയം പറയാൻ സാധിക്കും.

അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗൂഗിളിന് ലോകത്ത് മില്യണുകളോളം വരുന്ന ഉപയോക്താക്കളാണുള്ളത്. സുന്ദർ പിച്ചയാണ് ഗൂഗിളിന്റെ നിലവിലെ സി ഇ ഒ. 2023 ലെ കണക്ക് പ്രകാരം ഏതാണ്ട് ഒരു ലക്ഷത്തിൽ പരം തൊഴിലാളികളാണ് ഈ സ്ഥാപനത്തിന് കീഴിൽ ജോലി ചെയ്യുന്നത്.

ആശയവിനിമയ രംഗത്തും വിദ്യാഭ്യാസ രംഗത്തും ബിസിനസ് രംഗത്തുമെല്ലാമായി ഗൂഗിൾ തന്റെ പ്രബലമായ സ്ഥാനം ഉറപ്പിച്ചിരിക്കുന്നു. ഉപയോക്താക്കളുടെ ജീവിതം എളുപ്പ



**ജിമെയിൽ, ഗൂഗിൾ മാപ്പ്, വെബ് അധിഷ്ഠിത സേവനങ്ങൾ, യൂട്യൂബ് ഇവ ഗൂഗിളിന്റെ പ്രധാന ഉത്പന്നങ്ങളാണ്. ഉപയോക്താക്കളുടെ സുരക്ഷയെ മുൻനിർത്തിയുള്ള സേവനങ്ങളാണ് ഗൂഗിൾ വാഗ്ദാനം ചെയ്യുന്നത്.**

മാക്കുന്നതോടൊപ്പം, കാര്യക്ഷമമാമാക്കുക എന്നതും ഗൂഗിൾ ലക്ഷ്യം വയ്ക്കുന്നു.

ജിമെയിൽ, ഗൂഗിൾ മാപ്പ്, വെബ് അധിഷ്ഠിത സേവനങ്ങൾ, യൂട്യൂബ് ഇവ ഗൂഗിളിന്റെ പ്രധാന ഉത്പന്നങ്ങളാണ്. ഉപയോക്താക്കളുടെ സുരക്ഷയെ മുൻനിർത്തിയുള്ള സേവനങ്ങളാണ് ഗൂഗിൾ വാഗ്ദാനം ചെയ്യുന്നത്. ഇതിനായി ലെയേർഡ് പ്രൈവസി പോളിസി ഫോർമാറ്റുകളും, മറ്റ് വ്യക്തിഗത അറിയിപ്പുകളും ഗൂഗിൾ നൽകി വരുന്നു.

ഗൂഗിൾ സേർച്ച് എഞ്ചിനാണ് ഗൂഗിളിന്റെ ആദ്യ ഉത്പന്നം. വിവരങ്ങൾ കണ്ടെത്തുന്നതിനും, ചിത്രങ്ങളിലൂടെ വിവരശേഖരണത്തിനും, വെബ്സൈറ്റുകളിലേക്ക് പ്രവേശിക്കുന്നതിനുമെല്ലാം നാം ഈ സേർച്ച് എഞ്ചിനെ ആശ്രയിക്കുന്നു. മറ്റു ഭാഷകളിലെ വാക്കുകളുടെ അർത്ഥം തിരയാൻ ഡിക്ഷണറി ഉപയോഗിച്ചിരുന്ന നാം ഇന്ന് എന്തിനും ഏതിനും ഗൂഗിൾ സേർച്ച് എഞ്ചിനെയാണ് കൂട്ട് പിടിക്കുന്നത്. നമ്മുടെ സംശയ നിവാരണത്തിനുള്ള ഒരു പ്രധാന ഉപാധി തന്നെയാണ് ഗൂഗിൾ സേർച്ച് എന്നത്.

ഇതിന് പിന്നാലെ 2004 ലാണ് ഗൂഗിൾ ജിമെയിൽ പുറത്തിറങ്ങുന്നത്. പിന്നീട് 2005 ൽ ഗൂഗിൾ മാപ്പും അതേവർഷം തന്നെ ഓപ്പൺ സോഴ്സ് മൊബൈൽ ഓപ്പറേറ്റിംഗ് സിസ്റ്റമായ ആൻഡ്രോയ്ഡും ഗൂഗിൾ സ്വന്തമാക്കി. ഗൂഗിൾ ഡ്രൈവ്, ഗൂഗിൾ ക്രോം, ഗൂഗിൾ ഫോട്ടോസ് തുടങ്ങി എണ്ണിയാൽ ഒടുങ്ങാത്ത ഉൽപ്പന്നങ്ങളാണ് ഗൂഗിളിന് ഇന്ന് സ്വന്തമായുള്ളത്.

ഗൂഗിൾ ഇന്ന് വിവിധ മേഖലയിൽ സൃഷ്ടിച്ചിരി






ക്കുന്ന സുവർണ്ണ വിപ്ലവം അവയുടെ കാര്യക്ഷമതയുടെയും മൂല്യത്തിന്റെയും നിലവാരം വിളിച്ചോതുന്നു. ഗൂഗിളിന്റെ സേവനങ്ങൾ, ഉപയോഗങ്ങൾ എന്നിവ ചെന്നെത്താത്ത മേഖലകൾ ഇല്ലെന്നു തന്നെ പറയാം.

വിദ്യാഭ്യാസ മേഖലയിൽ അധ്യാപക വിദ്യാർത്ഥി അന്തരമില്ലാതെ വിവിധ ആവശ്യങ്ങൾക്കും, സേവനങ്ങൾക്കുമായി ഗൂഗിൾ ഉത്പന്നങ്ങൾ പ്രയോജനപ്പെടുത്തുന്നു. ഒപ്പം കൃഷി, വാണിജ്യ മേഖലകൾ, ആരോഗ്യ സംരക്ഷണം, ഉപയോക്ത സേവനങ്ങൾ, തൊഴിൽ സേവനങ്ങൾ, പൊതു സുരക്ഷ, ആധുനിക സാങ്കേതികവിദ്യ തുടങ്ങി വിവിധ മേഖലകളിൽ ഗൂഗിൾ ഉത്പന്നങ്ങൾ അതിന്റേതായ മേന്മ ഉയർത്തി കാണിക്കുന്നുണ്ട്. ഇനി പ്രധാന ഗൂഗിൾ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്ന വിവിധ മേഖലകൾ നമുക്ക് പരിചയപ്പെടാം.

●



# ഭാവി വിദ്യാഭ്യാസം ഗൂഗിളിന്റെ കൈകളിൽ സുരക്ഷിതം

വിദ്യാർത്ഥികളുടെ വളർച്ചയ്ക്ക് മികച്ച പഠനശൈലിയും ഗുണമേന്മയുള്ള വിദ്യാഭ്യാസവും അനിവാര്യമാണ്. ഇത്തരത്തിൽ കുട്ടികളുടെയും അധ്യാപകരുടെയും പഠന നിലവാരം ഉറപ്പു വരുത്താൻ ഗൂഗിൾ നൽകി വരുന്ന സേവനങ്ങൾ നിരവധിയാണ്. ആശയവിനിമയം നടത്തുന്നതിനും ക്ലാസുകൾ പങ്കുവയ്ക്കുന്നതിനും ഡോക്യുമെന്റുകൾ കൈമാറുന്നതിനും അവ സൂക്ഷിച്ചു വയ്ക്കുന്നതിനും നോട്ട് തയ്യാറാക്കുന്നതിനുമുള്ള ഗൂഗിൾ ടൂളുകൾ ഇന്ന് ലഭ്യമാണ്.

ഡിജിറ്റൽ ലേണിംഗ് പ്ലാറ്റ്ഫോമുകൾ കുട്ടികൾക്ക് വളരെയധികം പ്രയോജനം ചെയ്യുന്നവയാണ്. വിദ്യാഭ്യാസത്തിനു വേണ്ടി ഗൂഗിൾ വികസിപ്പിച്ചെടുത്ത ഉൽപ്പാദന ക്ഷമതയാർന്ന ഉപകരണങ്ങൾ വിദ്യാഭ്യാസ മേഖലയിൽ ഒരു നാഴികകല്ല് തന്നെയാണ്. ഉപകരണങ്ങളുടെ ഒരു ശേഖരം എന്നതിനപ്പുറം കുട്ടികളുടെ പഠനാനുഭവം മെച്ചപ്പെടുത്താൻ അത്യാധുനിക സാങ്കേതിക വിദ്യയും, സംവേദനാത്മകമായ പഠനവും അവരെ സഹായിക്കുന്നു.

## ഗൂഗിളിന്റെ ചില പഠന ഉത്പന്നങ്ങളിലൂടെ

### ഗൂഗിൾ ക്ലാസ്സ്റൂം

സൗജന്യമായി ഉപയോഗിക്കാവുന്ന ഒരു ലേർണിംഗ് മാനേജ്മെന്റ് പ്ലാറ്റ്ഫോം ആണിത്. അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും ഡോക്യുമെന്റുകൾ കൈമാറാനും, ശേഖരിക്കാനും സഹായകമായ ഒരു ആപ്പ് ആണ് ഗൂഗിൾ ക്ലാസ്സ്റൂം. 2014 ലാണ് ഇവയുടെ ആദ്യ പതിപ്പ് പുറത്തിറങ്ങുന്നത്. ഒരു കോഡ് ഉപയോഗിച്ച് അധ്യാപകന് ഈ ആപ്പിലേക്ക് വിദ്യാർത്ഥികളെ അതിവേഗം സന്നിവേശിപ്പിക്കാൻ സാധിക്കും.



**ജിമെയിൽ, ഗൂഗിൾ മാപ്പ്, വെബ് അധിഷ്ഠിത സേവനങ്ങൾ, യൂട്യൂബ് ഇവ ഗൂഗിളിന്റെ പ്രധാന ഉത്പന്നങ്ങളാണ്. ഉപയോക്താക്കളുടെ സുരക്ഷയെ മുൻനിർത്തിയുള്ള സേവനങ്ങളാണ് ഗൂഗിൾ വാഗ്ദാനം ചെയ്യുന്നത്.**

പേപ്പറിൽ നോട്ടുകൾ എഴുതി സൂക്ഷിക്കുന്നതിന് പകരം ഡിജിറ്റൽ മാർഗത്തിലൂടെ വിവരങ്ങൾ ലഭ്യമാക്കാൻ ഈ ആപ്പ് സംവിധാനം സഹായകമാണ്. ഗൂഗിൾ ഡ്രൈവ്, ഗൂഗിൾ ഷീറ്റുകൾ, ഗൂഗിൾ സ്ലൈഡുകൾ, ജിമെയിൽ എന്നിവയുമായും ഇത് ബന്ധിപ്പിക്കാൻ സാധിക്കും.

വിദ്യാർത്ഥികൾക്ക് അസൈസ്മെന്റുകൾ, ടെക്സ്റ്റുകൾ, സർവേ, ഗ്രേഡിങ് എന്നിവ സമർപ്പിക്കാനും ആപ്പ് ഉപകാരപ്രദമാണ്. കോഴ്സിൽ ലഭ്യമായ പാഠങ്ങൾ പങ്കുവയ്ക്കാനും, ചർച്ചകൾ നടത്താനും കൃത്യസമയത്ത് ഫീഡ്ബാക്കുകൾ പങ്കുവയ്ക്കാനും ഇവ സഹായിക്കുന്നു. ഗൂഗിൾ അക്കൗണ്ട് ഉള്ള ആർക്കും സൗജന്യമായി ഈ സേവനം ഉപയോഗിക്കാൻ സാധിക്കും. ജനപ്രിയവും, ഫലപ്രദവും, ഒപ്പം സുരക്ഷിതവുമായ ഒരു പ്ലാറ്റ്ഫോം എന്ന് തന്നെ ഗൂഗിൾ ക്ലാസ്സ് റൂമിനെ വിശേഷിപ്പിക്കാം.

## ഗൂഗിൾ ഷീറ്റ്സ്

2006 ൽ പുറത്തിറങ്ങിയതും വിദ്യാർത്ഥികൾക്ക് ഉപകാരപ്രദവുമായ ഗൂഗിളിന്റെ ക്ലൗഡ് ബേസ്ഡ് സ്പ്രെഡ്ഷീറ്റ് ആപ്ലിക്കേഷനാണ് ഗൂഗിൾ ഷീറ്റ്സ്. ഡേറ്റാ പരിശോധിക്കാനും, എഡിറ്റ് ചെയ്യാനും, പങ്കുവയ്ക്കാനും, ഡേറ്റയെ ഗ്രാഫുകൾ ആയും, ചാർട്ടുകൾ ആയും പരിവർത്തനം ചെയ്യാനും ഇതിലൂടെ സാധിക്കും. കുട്ടികളുടെ ഹാജർ നിലവാരം കണക്കാക്കാനും, അവരുടെ സ്വഭാവം ട്രാക്ക് ചെയ്യാനുമെല്ലാം ഇത് ഉപയോഗിച്ച് വരുന്നു . സ്മാർട്ട് ഫോണുകളിലും ഡെസ്ക്ടോപ്പുകളിലും ഈ ആപ്പ് ഉപയോഗിക്കാനാകും. ഒപ്പം ഉപയോക്താവിന് ആവശ്യാനുസരണം വിവിധ ഗ്രാഫുകൾ സൃഷ്ടിക്കാനുള്ള സംവിധാനവും ഇതിൽ ഒരുക്കിയിട്ടുണ്ട്.

കുട്ടികളോടൊപ്പം, അധ്യാപകർക്കും ഇവ ഉപകാരപ്രദമാണ്. പ്രോജക്റ്റ് പ്ലാനിങ്ങിനും, പാഠ്യവിവരങ്ങളുടെ ശേഖരണത്തിനുമായി ഏകദേശം 83 ഭാഷകളിൽ ഇവയുടെ സേവനം ഇന്ന് ലഭ്യമാകുന്നുണ്ട്. ഒന്നിലധികം ഉപയോക്താക്കളായി ഒരേ സമയം ഡോക്യുമെന്റുകൾ പങ്കിടാൻ ഇതിലൂടെ സാധിക്കുന്നു.




വിവരങ്ങൾ കൃത്യമായി സൂക്ഷിക്കാനും, വിശകലനം ചെയ്യാനും, സൃഷ്ടിക്കാനും ഇത് ഉപയോഗപ്രദമാണ്. ഇവ എഡിറ്റ് ചെയ്യാനും, അവശ്യ ഫോർമാറ്റുകളായ പി ഡി എഫ്, മൈക്രോസോഫ്റ്റ് എക്സൽ, പവർപോയിന്റ്, വേഡ്, പി എൻ ജി തുടങ്ങിയവയിലേക്ക് മാറ്റാനും സാധിക്കും. ആൻഡ്രോയ്ഡ്, ഐഒഎസ് മൊബൈലുകളിൽ ഗൂഗിൾ ഷീറ്റ്സ് സേവനം ലഭ്യമാണ്. ഓഫ് ലൈൻ എഡിറ്റിംഗ് ഇവയുടെ മറ്റൊരു പ്രധാന സവിശേഷതയാണ്.

## ഗൂഗിൾ ഡോക്സ്

മൾട്ടി നാഷണൽ ടെക്നോളജി എന്റർപ്രൈസസ് അഥവാ ഗൂഗിൾ ഐ എൻ സി നിർമ്മിച്ച ഉപയോക്തൃ സൗഹൃദ ടൂളുകളിൽ ഒന്നാണിത്. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഡോക്യുമെന്റുകൾ സൃഷ്ടിക്കാനും എഡിറ്റ് ചെയ്യാനും സഹായിയായ മറ്റൊരു ഗൂഗിൾ സംവിധാനമാണ് ഗൂഗിൾ ഡോക്സ്. സുരക്ഷിതമായി വിവരങ്ങൾ സൂക്ഷിക്കാൻ സാധിക്കുന്ന ഒരു പ്ലാറ്റ്ഫോമാണ് ഡോക്സ്. വെബ് ബ്രൗസറിൽ തന്നെ ടെക്സ്റ്റ് ഡോക്യുമെന്റുകൾ സൃഷ്ടിക്കാനും എഡിറ്റ് ചെയ്യാനുമുള്ള സംവിധാനം ഈ ആപ്പിലുണ്ട്.



വിദ്യാർഥികൾക്കും അധ്യാപകർക്കും ഒരേസമയം ഇത് ആക്സസ് ചെയ്യാൻ സാധിക്കും. ഹോം വർക്കുകൾ പൂർത്തിയാക്കാനും, കാര്യക്ഷമമായ പഠനത്തിനും ഡോക്സ് ഉപകാരപ്രദമാണ്. വോയിസ് ടൈപ്പിംഗ് സംവിധാനം നിലവിലുള്ളതിനാൽ വലിയ ലേഖനങ്ങളുംമറ്റും എഴുതാൻ ഈ ക്രമീകരണം ഉപ




**വിദ്യാർത്ഥികൾക്ക് പരസ്പരം ആശയവിനിമയം നടത്തുന്നതിനും, ക്ലാസ്സ് ഇഷ്ടാനുസരണം ആക്സസ് ചെയ്യുന്നതിനും ഗൂഗിൾ മീറ്റ് സഹായിക്കുന്നു.**

യോഗിക്കാനാകും. റിവിഷൻ ഹിസ്റ്ററി ഇവയുടെ മറ്റൊരു പ്രത്യേകതയാണ്. ഒരു ഡോക്യുമെന്റിൽ നാം വരുത്തിയ മാറ്റങ്ങളെല്ലാം ഇതിലൂടെ അറിയാൻ സാധിക്കുന്നു.

ഗൂഗിൾ ഡോക്സ് ഉപയോഗിക്കുന്നതിനുള്ള പ്രധാന ആവശ്യകത ഒരു രജിസ്റ്റർ ജി മെയിൽ ഐഡിയാണ്.

വേഡ് പ്രോസസ്സിംഗ് ടൂൾ എന്നതിലുപരി ഫോണ്ടുകൾ, തലക്കെട്ടുകൾ, അടിക്കുറുപ്പുകൾ, ലൈൻ സ്പേസിങ് എന്നിവ ചേർക്കാനും ഈ സംവിധാനം ഉപയോഗിക്കാവുന്നതാണ്.

പി ഡി എഫ്, എച്ച് ടി എം എൽ,ടെക്സ്റ്റ് ഫോർമാറ്റുകളിലേക്കും ഇത് മാറ്റാൻ സാധിക്കും. ഇംഗ്ലീഷിൽ നിന്ന് ഫ്രഞ്ച്, ഡച്ച്, സ്പാനിഷ് തുടങ്ങിയ ഭാഷകളിലേക്ക് വിവർത്തനം ചെയ്യാനും ഗൂഗിൾ ഡോക്സിന് സാധിക്കും.

## ഗൂഗിൾ മീറ്റ്

കോവിഡ് ഭീതി നമ്മുടെ വിദ്യാഭ്യാസ മേഖലയെ പിടിച്ചു കുലുക്കിയപ്പോൾ നമ്മുടെ കുട്ടികൾ പഠനത്തിനായി ഏറ്റവും കൂടുതൽ ആശ്രയിച്ച പ്ലാറ്റ്ഫോം ഗൂഗിൾ മീറ്റ് ആയിരുന്നു. അധ്യാപകർ മുഖാമുഖം കണ്ട് സംവേദനാത്മകമായി ക്ലാസ്സുകൾ എടുത്തിരുന്ന ഒരു ഡിജിറ്റൽ യുഗം നമ്മുടെ ഓർമകളിൽ ഇന്നുമുണ്ട്.

അധ്യാപകർക്ക് തങ്ങളുടെ പാഠഭാഗങ്ങൾ മികച്ച രീതിയിൽ അവതരിപ്പിക്കാൻ സഹായകമായ ഒരു പ്ലാറ്റ്ഫോമാണ് ഗൂഗിൾ മീറ്റ്. 2017 ലാണ് ഗൂഗിൾ മീറ്റ് അവതരിപ്പിക്കപ്പെട്ടത്. വീഡിയോ കോൺഫറൻസിങ് പ്ലാറ്റ്ഫോമുകളിലെ തന്നെ മുൻനിര കേമന്മാരിൽ



ഒന്നാണ് ഗൂഗിൾ മീറ്റ്. പ്രതിദിനം ഏതാണ്ട് 100 ദശലക്ഷത്തിലധികം ആളുകളാണ് ഗൂഗിൾ മീറ്റ് ഉപയോഗിക്കുന്നത്.

ടു വേ, മൾട്ടി വേ കോളുകൾ ഇവയുടെ പ്രത്യേകതയാണ്. ഓഡിയോ, വീഡിയോ ആവശ്യാനുസരണം ക്യാൻസൽ ചെയ്യാനും ഇതിൽ സൗകര്യമുണ്ട്. കൂടാതെ സ്ക്രീൻ ഷെയറിങ്, വീഡിയോ ഫിൽറ്റർ തുടങ്ങിയ സംവിധാനങ്ങളും ഇവയ്ക്കുണ്ട്.

വിദ്യാർത്ഥികൾക്ക് പരസ്പരം ആശയവിനിമയം നടത്തുന്നതിനും, ക്ലാസ്സ് ഇഷ്ടാനുസരണം ആക്സസ് ചെയ്യുന്നതിനും ഗൂഗിൾ മീറ്റ് സഹായിക്കുന്നു. ഇവന്റുകളും മീറ്റിങ്ങുകളും സംഘടിപ്പിക്കാൻ ഗൂഗിൾ കോൺടാക്ടുമായും, ഗൂഗിൾ കലണ്ടറുമായി മീറ്റിനെ ബന്ധിപ്പിക്കാൻ സാധിക്കും.

സാധാരണ സ്ക്രീൻ റെസൊല്യൂഷൻ 360 പി ആണെങ്കിലും ഇത് 720 പി റെസൊല്യൂഷനിലേക്ക് മാറ്റാനുള്ള സംവിധാനവും നിലവിലുണ്ട്. കേവലം ഒരു ലിങ്ക് മുഖേന ഗൂഗിൾ മീറ്റ് ക്ലാസ്സുകളിലും, സെമിനാറുകളിലും ചേരാൻ സാധിക്കും.

പഠനമേഖലയിൽ എന്ന പോലെ മറ്റ് വിഷയങ്ങളിലും ഇന്ന് ഗൂഗിൾ മീറ്റ് ചെലുത്തുന്ന സ്വാധീനമെന്നത് വളരെ വലുതാണ്.

## ഗൂഗിൾ സെർച്ച് എഡ്യൂക്കേഷൻ




കുട്ടികൾക്ക് ഇന്റർനെറ്റ് എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുമെന്ന് ഗൂഗിൾ സെർച്ച് എഡ്യൂക്കേഷനിലൂടെ മനസിലാക്കാൻ സാധിക്കും. ഇത് സൗജന്യമായി ഉപയോഗിക്കാൻ സാധിക്കുന്ന ഒരു റിസോഴ്സസ് ആണ്. ഇവ അനുയോജ്യമായ ഫലങ്ങൾ നേടിത്തരുന്നു.

അഡ്വാൻസ് സെർച്ചിംഗ് ഫീച്ചറുകൾ ഉപയോഗിക്കാനും കാര്യക്ഷമമായ വിവരങ്ങൾ ശേഖരിക്കാനും ഇവ ഉപകാരപ്രദമാണ്. വിദ്യാർത്ഥികൾ, അധ്യാപകർ, ഗവേഷകർ എന്നിവർക്ക് വേണ്ടിയാണ് ഈ പ്രോഗ്രാം രൂപകല്പന ചെയ്തിരിക്കുന്നത്.




**ഉപയോക്താക്കളെ ഗൂഗിൾ സേർച്ച്എഞ്ചിൻ ഉപയോഗിച്ച് കാര്യക്ഷമമായ വിവരങ്ങൾ എങ്ങനെ ലഭിക്കുമെന്ന് പഠിപ്പിക്കുന്നു.**

ഉപയോക്താക്കളെ ഗൂഗിൾ സേർച്ച് എഞ്ചിൻ ഉപയോഗിച്ച് കാര്യക്ഷമമായ വിവരങ്ങൾ എങ്ങനെ ലഭിക്കുമെന്ന് പഠിപ്പിക്കുന്നു. ഈ ഓൺലൈൻ പ്രോഗ്രാമുകൾ ഗൂഗിൾ സെർച്ചിന്റെ എളുപ്പത്തിലുള്ള ഉപയോഗവും അഡ്വാൻസ്ഡ് വിവരങ്ങളും നേടിത്തരുന്നു. കുട്ടികൾക്ക് ഇതിനാവശ്യമായ മാർഗങ്ങളും, രസകരമായ പഠന മാർഗങ്ങളും ഗൂഗിൾ സേർച്ച് എഡ്യൂക്കേഷൻ നൽകിവരുന്നു.

## ഗൂഗിൾ സ്ലൈഡ്സ്

വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒരു പോലെ സഹായകമായ ഒന്നാണ് ഗൂഗിൾ സ്ലൈഡ്സ്. സെമിനാറുകളും, പ്രസന്റേഷനുകളും മറ്റും അവതരിപ്പിക്കാൻ മികച്ച ഒരു ടൂൾ ആണിത്.

ദൃശ്യങ്ങളുടേയും, ഗ്രാഫിക്സുകളുടേയും സഹായത്തോടെ മികച്ച രീതിയിൽ പഠന പ്രവർത്തനങ്ങൾ നടത്താൻ ഇതിലൂടെ സാധിക്കുന്നു. ഗൂഗിൾ സ്ലൈഡ് ഒരു വെബ് ആപ്ലിക്കേഷൻ എന്നതിനൊപ്പം ഒരു ആപ്പ് സംവിധാനം കൂടിയാണ്.

ഡോക്യുമെന്റ് പങ്കിടുന്നതിനൊപ്പം എഡിറ്റ് ചെയ്യാനും ഉപയോക്താക്കൾക്ക് ഇഷ്ടാനുസരണം സ്ലൈഡുകൾ മാറ്റി അവതരിപ്പിക്കാനുമുള്ള സൗകര്യം ഇതിലുണ്ട്.

ഒരേസമയം ഒരു കൂട്ടം വിദ്യാർത്ഥികൾക്ക് ആക്സസ് ചെയ്യാൻ സാധിക്കുന്നു എന്നതിനപ്പുറം വ്യത്യസ്തമായ ഇടങ്ങളിൽ ഇരുന്നു കൊണ്ട് ഒരുമിച്ച് പ്രവർത്തിക്കാൻ സാധിക്കുന്നു എന്നത് ഇവയുടെ സവിശേഷതയാണ്.

ഗൂഗിൾ സ്ലൈഡ് ഉപയോഗപ്പെടുത്തി രചനകൾ നിർവഹിക്കാൻ കുട്ടികൾക്ക് നിരവധി മാർഗങ്ങളുണ്ട്. ഇത്തരത്തിൽ ഡിജിറ്റൽ സ്റ്റോറി ബുക്കുകൾ നിഷ്പ്രയാസം നിർമ്മിച്ചെടുക്കാവുന്നതാണ്. ഇതിൽ ഇഷ്ടാനുസരണം ചിത്രങ്ങളും അനിമേഷനുകളും ഉപയോഗിക്കാനും സാധിക്കും.

## ഗൂഗിൾ സ്കോളർ

പുസ്തകങ്ങളും പഠന സംബന്ധിയായ ഗ്രന്ഥങ്ങളും പ്രബന്ധങ്ങളും സാങ്കേതിക റിപ്പോർട്ടുകളും ഉൾപ്പെടുന്ന ഒരു വെബ് സെർച്ച് എഞ്ചിനാണ് ഗൂഗിൾ സ്കോളർ എന്നത്. 2004 ലാണ് ഈ സംവിധാനം പുറത്തിറക്കുന്നത്. ലൈബ്രറിയിലും മറ്റും ലഭ്യമായ പുസ്തകങ്ങളുടെ ഡിജിറ്റൽ കോപ്പിക്കായി ഈ സംവിധാനത്തെ ഉപയോഗപ്പെടുത്താവുന്നതാണ്. ഗ്രന്ഥങ്ങളും ലേഖനങ്ങളും ഡിജിറ്റലൈസ് ചെയ്ത ഈ സാങ്കേതിക സംവിധാനം വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമാണ്.

നിരവധി വിഷയങ്ങൾ സംബന്ധിച്ച ഗ്രന്ഥങ്ങൾ, സാഹിത്യ സൃഷ്ടികൾ ഇവ ഒരു കുടക്കീഴിൽ ഗൂഗിൾ സ്കോളറിലൂടെ ലഭിക്കുന്നു. പുസ്തകങ്ങളുടെ സമഗ്ര ഉള്ളടക്കം ലഭിക്കുന്നതിനൊപ്പം ഒരു ലേഖനം എത്ര തവണ ഉദ്ധരിക്കപ്പെട്ടുവെന്ന് മനസിലാക്കാനും ഇതിലൂടെ സാധിക്കും. പ്രസിദ്ധീകരിച്ച വർഷം, തീയതി, ഗ്രന്ഥകർത്താവ് എന്നിവരുടെ വിവരങ്ങൾ ഉപയോഗിച്ച് യഥേഷ്ടം വിവരങ്ങൾ കണ്ടുപിടിക്കാൻ സാധിക്കുന്നു. ഒപ്പം ഉപയോക്താവിന് ഇഷ്ട വിഷയങ്ങളിലുള്ള പുതിയ രചനകൾ ലഭിക്കുന്നതിനായുള്ള അലേർട്ട് സംവിധാനവും ഗൂഗിൾ സ്കോളറിലുണ്ട്.

●



# ബിസിനസ് കുതിപ്പിന് കൈകോർത്ത് ഗൂഗിൾ

ടെക് ഭീമനായ ഗൂഗിൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപകമായി ഉപയോഗിച്ച് വരുന്നു. വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും തങ്ങളുടെ ബിസിനസ് ആവശ്യങ്ങൾ കാര്യക്ഷമമായി നിർവഹിക്കുവാൻ ഗൂഗിളിന്റെ സഹായം ഇന്ന് അനിവാര്യമാണ്.

ബിസിനസ് കാര്യക്ഷമമായി മുന്നോട്ട് കൊണ്ട് പോകാനും, ആസൂത്രണം ചെയ്യാനും, പരസ്പരം ആശയവിനിമയം നടത്താനും, തങ്ങളുടെ ഉത്പന്നങ്ങൾ പരസ്യം ചെയ്യാനുമുള്ള വഴികൾ ഗൂഗിൾ തുറന്നിടുന്നു. ഗൂഗിളിന്റെ കാര്യക്ഷമമായ പ്ലാറ്റ്ഫോമുകളുടെ ഉപയോഗം ബിസിനസ് മേഖലയിൽ വിവിധ തരത്തിലുള്ള സഹായങ്ങൾ ഊട്ടിഉറപ്പിക്കുന്നു. ഡോക്യമെന്റുകൾ സൂക്ഷിക്കാനും, ഡിജിറ്റൽ പ്ലാറ്റ് ഫോം വഴി മുഖാമുഖം സംസാരിക്കാനും, വിവരശേഖരണം നടത്താനും, ടീമുകൾക്കിടയിൽ സംവാദം നടത്താനും, ഡേറ്റാ അനലൈസ് ചെയ്യാനും തുടങ്ങി വിവിധ ആവശ്യങ്ങൾക്ക് ഗൂഗിൾ പ്രോഡക്റ്റ്സ് ഉപയോഗിച്ച് വരുന്നു. ഗൂഗിൾ ഉത്പന്നങ്ങൾ ഓരോ ബിസിനസ്സ് ആവശ്യങ്ങൾക്കും ഉത്തമമായ രീതിയിലുള്ള പ്രവർത്തനം കാഴ്ച്ച വയ്ക്കുന്നു. നിമിഷനേരം കൊണ്ട് അവശ്യകാര്യങ്ങൾ നിർവഹിക്കാൻ സാധിക്കുന്നു എന്നത് തന്നെ കൂടുതൽ ഫലപ്രാപ്തിയുള്ള ബിസിനസ് രംഗങ്ങളിൽ അഭിവൃദ്ധിക്ക് കാരണമാകുന്നു.

ചില ജനപ്രിയ ഗൂഗിൾ ബിസിനസ് ഉത്പന്നങ്ങൾ ചുവടെ ചേർക്കുന്നു.

### ഗൂഗിൾ ജിമെയിൽ

ബിസിനസ് രംഗത്ത് ഒഴിച്ചു കൂടാനാവാത്ത ഒരു സംവിധാനമാണ് ജിമെയിൽ. ഒരു പ്രൊഫഷണൽ ആശയവിനിമയ ഉപാധിയാണിത്. ജീവനക്കാർക്ക് പ്രൊഫഷണൽ വിവരങ്ങൾ കൈമാറുന്ന ഒരു പ്രധാന മാർഗമെന്ന് പറയാം. 2004 ഏപ്രിലിലാണ് ഗൂഗിളിന്റെ ജിമെയിൽ പുറത്തിറങ്ങുന്നത്. ഇന്ന് ഏതാണ്ട് 133 ഭാഷകളിൽ ജിമെയിലിന്റെ സാന്നിധ്യമുണ്ട്. 2019 ലെ കാണക്കനുസരിച്ച് ഈ പ്ലാറ്റ്ഫോമിന് 1.5 ബില്യൺ ഉപയോക്താക്കളാണ് ഉള്ളത്. ഒരു ജി ബി സ്റ്റോ






**വ്യക്തിഗത ജിമെയിലുകൾക്ക് പുറമേ ബിസിനസ് ജിമെയിലുകൾ ഇന്ന് ലഭ്യമാണ്. എളുപ്പത്തിൽ ആക്സസ് ചെയ്യാൻ കഴിയുന്ന ഒരു മാർഗ്ഗമാണിത്.**

റേജുമായി പ്രവർത്തനം ആരംഭിച്ച ജിമെയിൽ ഇന്ന് ബിസിനസ് രംഗത്ത് 25 ജിഗാബൈറ്റ് അഥവാ 25 ജിബി സ്റ്റോറേജ് നൽകുന്നുണ്ട്. ഇത് വലിയ ഡോക്യുമെന്റുകൾ കൈവശം വയ്ക്കാൻ സഹായിക്കുന്നു. ബിസിനസ് രംഗത്ത് മുന്നേറികൊണ്ടിരിക്കുന്ന ബ്ലാക്ക്ബെറി, മൈക്രോസോഫ്റ്റ് ഔട്ട്ലുക്ക് തുടങ്ങിയവയുമായി ജിമെയിൽ ബന്ധിപ്പിക്കാൻ സാധിക്കും.

വ്യക്തിഗത ജിമെയിലുകൾക്ക് പുറമേ ബിസിനസ് ജിമെയിലുകൾ ഇന്ന് ലഭ്യമാണ്. എളുപ്പത്തിൽ ആക്സസ് ചെയ്യാൻ കഴിയുന്ന ഒരു മാർഗ്ഗമാണിത്.

ജിമെയിലിൽ വീഡിയോ വോയിസ് കോളുകൾ നടത്താനുമുള്ള സംവിധാനമുണ്ട്. ഗൂഗിൾ മീറ്റ്, ഗൂഗിൾ ഡ്രൈവ്, മറ്റ് ഗൂഗിൾ സൈറ്റുകൾ, ഗൂഗിൾ കലണ്ടർ എന്നിവയുമായും ഇതിനെ ബന്ധിപ്പിച്ചിരിക്കുന്നു. കമ്പനിയുടെ ഡൊമൈൻ നാമങ്ങൾ ഉപയോഗപ്പെടുത്തി ജിമെയിൽ ഇഷ്ടാനുസരണം നിർമ്മിക്കാൻ സാധിക്കും. സുരക്ഷിതമായി വിവരങ്ങൾ കൈമാറാൻ സാധിക്കുന്ന ഒരു പ്ലാറ്റ് ഫോം കൂടിയാണിത്. കൂടാതെ മറ്റുള്ളവയെ അപേക്ഷിച്ച് ചെലവ് കുറവാണെന്നതും വിശ്വസനീയമാണെന്നതും മറ്റൊരു സവിശേഷതയാണ്.

നേരിട്ടുള്ള ജിമെയിലുകളെക്കാൾ ബിസിനസ് ജിമെയിലുകൾ ട്രാക്ക് ചെയ്യാൻ എളുപ്പമാണ്. ഡോ






മെയിൻ നെയിമുകൾ ഉപയോഗിച്ച് മെയിലുകൾ എളുപ്പത്തിൽ കണ്ടുപിടിക്കാനും അവയുടെ റെക്കോർഡ് സൂക്ഷിക്കാനും സാധിക്കുന്നു. ഇത്തരത്തിൽ ബിസിനസ് ആശയവിനിമയത്തിൽ ജിമെയിലുകൾ വഹിക്കുന്ന പങ്ക് എന്നത് വളരെ വലുതാണ്.

## ഗൂഗിൾ ഡ്രൈവ്

ഗൂഗിൾ ഡ്രൈവ് ബിസിനസ് രംഗത്ത് വ്യാപകമായി ഉപയോഗിച്ച് വരുന്ന ഒരു സംവിധാനമാണ്. ഈ ക്ലൗഡ് സ്റ്റോറേജ് അധിഷ്ഠിത സംവിധാനം 2012 ലാണ് പുറത്തിറക്കിയത്.

ഫയലുകൾ സംഭരിക്കാനും, ഷെയർ ചെയ്യാനുമുള്ള മാർഗങ്ങൾ ഇതിലുണ്ട്. ഗൂഗിൾ ഡ്രൈവിന്റെ വ്യക്തിഗത മോഡലിനെക്കാൾ സ്റ്റോറേജ് സംവിധാനം ബിസിനസിനായുള്ള ഗൂഗിൾ ഡ്രൈവ് നൽകുന്നു. ജി സ്യൂട്ട് ആണ് ഗൂഗിൾ ഡ്രൈവിന്റെ ബിസിനസ് പതിപ്പ്. പരിധിയില്ലാത്ത സ്റ്റോറേജ് സേവനം നൽകുന്ന പാക്കേജുകളും സുരക്ഷാ ഫീച്ചറുകളും ഗൂഗിൾ ഡ്രൈവിൽ അടങ്ങിയിട്ടുണ്ട്. സ്പാം പരിരക്ഷയും,ബാക്കപ്പുകളും ഗൂഗിൾ ഡ്രൈവിനുണ്ട്. കൂടാതെ ബിസിനസ് സംബന്ധമായി ഉപയോഗിക്കുന്ന ഗൂഗിൾ ഡ്രൈവിനെ ഗൂഗിൾ ഡോക്സ്, ജിമെയിൽ, ഗൂഗിൾ മീറ്റ് സംവിധാനങ്ങളുമായി ബന്ധിപ്പിക്കാൻ സാധിക്കും. ആൻഡ്രോയ്ഡ്, ഐ ഒ എസ്, വിൻഡോസ്, മാക് ഓഎസ് കംപ്യൂട്ടറുകളിലും ഇവ പ്രവർത്തിക്കുന്നു.

എളുപ്പത്തിൽ ഫയലുകൾ കൈമാറാനും, ആക്സസ് ചെയ്യാനും, വലിയ ഡേറ്റകൾ പരസ്പരം കൈമാറാനും മാനേജ് ചെയ്യാനും ഇത് ഗുണകരമാണ്. സ്റ്റോറേജ് സംവിധാനമില്ലാതെ ഫയലുകൾ കൈകാര്യം ചെയ്യുന്ന ബുദ്ധിമുട്ട് ഇത് ഒഴിവാക്കുന്നു.

മറ്റൊന്ന് ടീം അംഗങ്ങളെ ഫയലുകളിൽ ഒരുമിച്ചു പ്രവർത്തിക്കാൻ അനുവദിക്കുന്നു എന്നതാണ്. ഇത്തരത്തിൽ ബിസിനസ് അനുയോജ്യമായ നിരവധി സവിശേഷതകൾ ഗൂഗിൾ ഡ്രൈവിനുണ്ട്. കമ്പനികൾക്ക് ഡിജിറ്റൽ അസ്സറ്റുകൾ മാനേജ്മെന്റ് അഥവാ



**ഒരു ഓൺലൈൻ പരസ്യസംവിധാനമാണ് ഗൂഗിൾ ആഡ്സ് എന്നത്. 2000 ലാണ് ഗൂഗിൾ ആഡ്സ് പുറത്തിറക്കുന്നത്. ഉത്പന്നങ്ങൾ പ്രൊമോഷൻ ചെയ്യാനുള്ള ഒരു ഓൺലൈൻ വേദിയാണിത്.**

DAM സുരക്ഷിതമാക്കി വയ്ക്കാനും, കൈമാറാനുമുള്ള മികച്ച മാർഗമാണിത്.

## ഗൂഗിൾ ക്ലൗഡ് പ്ലാറ്റ്ഫോം

ക്ലൗഡ് കംപ്യൂട്ടിംഗ് എന്നത് നെറ്റ്വർക്ക് വഴി ബിസിനസുകൾക്കും വ്യക്തികൾക്കും ആവശ്യാനുസരണം ഡേറ്റാബേസുകൾ, കംപ്യൂട്ടിംഗ് ഉറവിടങ്ങൾ -ഹാർഡ്‌വെയർ, നെറ്റ്വർക്കിംഗ്, സോഫ്റ്റ്‌വെയർ എന്നിവ വിതരണം ചെയ്യുന്ന രീതിയാണ്. ഗൂഗിൾ പുറത്തിറക്കിയ ഒരു ക്ലൗഡ് കംപ്യൂട്ടിങ് പ്ലാറ്റ്ഫോം ആണിത്. വിവിധ മേഖലകളിൽ പ്രത്യേകിച്ച് ബിസിനസ് രംഗത്ത് ഇവ ഉപയോഗിച്ച് വരുന്നു. ഉപയോക്താക്കൾക്ക് ഈ സംവിധാനം ഉപയോഗപ്പെടുത്തി മെഷീൻ ലേണിംഗ്, അനലറ്റിക്സ്, ഡെവലപ്പ്മെന്റ് ടൂളുകൾ, ഡേറ്റാ സ്റ്റോറേജ്, കമ്മ്യൂണിക്കേഷൻ സെക്യൂരിറ്റി എന്നിവ എളുപ്പത്തിൽ ചെയ്യാനാകും.

ഗൂഗിൾ ക്ലൗഡ് സ്റ്റോറേജ് ഡേറ്റാ സംരക്ഷണത്തിനും, ഷെയർ ചെയ്യാനും സഹായിക്കുമ്പോൾ ഗൂഗിൾ ബിഗ്ക്വയറി ഡേറ്റാ അനാലിസിസ് വേഗം നടത്താൻ സഹായിക്കുന്നു. സ്റ്റോറേജിൽ ഗൂഗിൾ ക്ലൗഡ് ക്ലൗഡ് sql, ഗൂഗിൾ ക്ലൗഡ്പ്ലാനർ, ക്ലൗഡ് ബിഗ് ടേബിൾ എന്നിവയിൽ ഡേറ്റാ സംരക്ഷണം ചെയ്യാൻ സാധിക്കും.

ഇവ ഉയർന്ന പ്രകടനത്തോടൊപ്പം ബിസിനസ് രംഗത്ത് വിശ്വാസ്യതയും വർധിപ്പിക്കുന്നു. ഗൂഗിൾ ക്ലൗഡ് പ്ലാറ്റ്ഫോമുകൾ വേഗത്തിലും, സുരക്ഷിതവുമായി ആപ്ലിക്കേഷൻ നിർമ്മിക്കാൻ ഡെവലപ്പർമാരെ സഹായിക്കുന്നു. ഈ ടൂളുകൾ ബിസിനസ്സിൽ കാര്യക്ഷമതയും വർധിപ്പിക്കുന്നു.

## ഗൂഗിൾ ആഡ്സ്

ഒരു ഓൺലൈൻ പരസ്യസംവിധാനമാണ് ഗൂഗിൾ ആഡ്സ് എന്നത്. 2000 ലാണ് ഗൂഗിൾ ആഡ്സ് പുറത്തിറക്കുന്നത്. ഉത്പന്നങ്ങൾ പ്രൊമോഷൻ ചെയ്യാനുള്ള ഒരു ഓൺലൈൻ വേദിയാണിത്. ഉപയോക്താക്കളെ വിവിധ പരസ്യങ്ങളിലൂടെ സൈറ്റുകളിലേക്കും, ആപ്പുകളിലേക്കും കൊണ്ടെത്തിക്കുകയാണ് ഗൂഗിൾ ആഡ്സ് ചെയ്യുന്നത് . പി. പി.സി അഥവാ പേയ് പർ ക്ലിക്ക് അനുസരിച്ചാണ് ഗൂഗിൾ ആഡ്സ് പ്രവർത്തിക്കുന്നത്.

ബിസിനസ്സ് സംരഭകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ കേന്ദ്രീകരിച്ച് പരസ്യങ്ങൾ നൽകാനും ഇത് വഴി പ്രമോട്ട് ചെയ്യാനും സാധിക്കും. ഇത് വലിയ ഒരു സേർച്ച് എൻജിൻ ആയതിനാൽ തന്നെ കൂടുതൽ ആളുകളിലേക്ക് പരസ്യങ്ങൾ ചെന്നെത്താൻ സഹായകമാകുന്നു.

ഇത്തരത്തിൽ ഉത്പന്നങ്ങളും സേവനങ്ങളും ജനപ്രിയമാക്കാൻ ബ്രാൻഡിന്റെ ദൃശ്യപരത വർധിപ്പിക്കാൻ ഗൂഗിൾ ആഡ്സ് ബിസിനസ് സംരംഭകർക്ക് അവസരം ഒരുക്കുന്നു. ടാർഗറ്റ് ഓഡിയൻസിലേക്ക് പരസ്യം എത്തുന്നതിനാൽ തന്നെ വിൽപ്പന വർധിപ്പിക്കാനുള്ള ഒരു വഴിയാണിത്.




നൽകുന്ന പരസ്യം മറ്റുള്ളവർ ക്ലിക്ക് ചെയ്ത് കാണുന്നുണ്ടോ എന്നറിയാനുള്ള സംവിധാനവും ഇതിലുണ്ട്. പരമ്പരാഗത പരസ്യങ്ങളിൽ നിന്ന് വ്യത്യസ്തമായ ഇത്തരം ഓൺലൈൻ ആഡുകൾ ചെലവുകൾ നിയന്ത്രിക്കാനും കൂടുതൽ ഉയർന്ന ഫലങ്ങൾ നൽകാനും ബിസിനസ്സ് രംഗത്തെ പ്രാപ്തമാക്കുന്നു.

## ഗൂഗിൾ മൈ ബിസിനസ്

ബിസിനസ് മേഖലകളിലെ വളർച്ച സ്വപ്നം കാണുന്നവർക്ക് മികച്ച ഒരു സംവിധാനമാണ് ഗൂഗിൾ മൈ ബിസിനസ് എന്നത്. 2011 ലാണ് ബിസിനസ് ഉടമകളുടെ വിവരങ്ങൾ സൗജന്യമായി നൽകി ഇത്തരമൊരു പ്ലാറ്റ് ഫോം ആരംഭിക്കുന്നത്. ഇത് ഗൂഗിൾ നൽകുന്ന ഒരു സൗജന്യ ടൂളാണ്. ചെറുകിട ബിസിനസ് മുതൽ വൻകിട സംവിധാനങ്ങൾ വരെ ഇതിൽ ഉൾപ്പെടുന്നു. ബിസിനസ്സ് കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിന് ഇവ സഹായകമാണ്. ഉദാഹരണത്തിനു നാം അടുത്തുള്ള ഒരു ഹോട്ടലോ, സലൂണോ, ഷോപ്പോ ഗൂഗിളിൽ തിരയുമ്പോൾ ലഭിക്കുന്ന റിസൾട്ട് ഗൂഗിൾ മൈ ബിസിനസ്സിൽ ആ ഷോപ്പ് ഉൾപ്പെട്ടിട്ടുണ്ട് എന്നതിനുള്ള തെളിവാണ്. ഇത്തരത്തിൽ വിവരങ്ങൾ നൽകുമ്പോൾ ബിസിനസ്സ് ഉടമകൾക്ക് ലഭിക്കുന്നത് നിരവധി ഉപയോക്താക്കളെയാണ്.

കസ്റ്റമറിനു ആവശ്യമായ കോൺടാക്ട് നമ്പർ, വെബ്സൈറ്റ്,ലൊക്കേഷൻ, നിലവിൽ ലഭ്യമായ സർവീസ്, ഓഫർ എന്നിവയും ഇതിൽ നിന്നും ലഭിക്കുന്നു. ഓൺലൈൻ സാന്നിധ്യം വർധിപ്പിക്കുന്നത് ബിസിനസ്സിൽ മറ്റു കൂടുതൽ ആളുകളുടെ ശ്രദ്ധ ആകർഷിക്കുന്നതിന് സഹായിക്കുന്നു.

ഒപ്പം സംരംഭകരുടെ ബിസിനസ്സ് എളുപ്പത്തിൽ ഗൂഗിളിൽ പ്രദർശിപ്പിക്കാനും സഹായിക്കുന്നു. റേറ്റിംഗ്, ചിത്രങ്ങൾ, അവലോകനം എന്നിവ ഉപയോക്താക്കൾക്ക് കൂടുതൽ വിശ്വാസ്യത സൃഷ്ടിക്കുന്നു. ഒപ്പം പുതിയ ആളുകളെ ആകർഷിക്കുകയും ചെയ്യുന്നു.

●

# കമ്പ്യൂട്ടർ പുസ്തകങ്ങൾ മലയാള ഭാഷയിൽ

## ഇൻഫോകൈരളിയിൽ നിന്നും പ്രസിദ്ധീകരിച്ച 36 വ്യത്യസ്ത കമ്പ്യൂട്ടർ പുസ്തകങ്ങൾ

| | | | |
|---|---|---|---|
| 1. | കംപ്യൂട്ടർ ഗുരുകുലം– ടാലി GST | : | വില–200/ |
| 2. | കംപ്യൂട്ടർ ഗുരുകുലം– JAVA | : | വില–200/ |
| 3. | കംപ്യൂട്ടർ ഗുരുകുലം– വിഷ്വൽ ബേസിക് | : | വില– 200/ |
| 4. | കംപ്യൂട്ടർ ഗുരുകുലം– ഒറാക്കിൾ | : | വില– 200/ |
| 5. | ഹാർഡ് വെയർ | : | വില– 200/ |
| 6. | അഡോബി ഇല്ല്യുസ്ട്രേറ്റർ | : | വില–200/ |
| 7. | നിങ്ങൾക്കും തുടങ്ങാം സ്വന്തം വെബ്സൈറ്റ് | : | വില–200/ |
| 8. | ഫോട്ടോഷോപ്പ് പഠിക്കാം | : | വില–200/ |
| 9. | മാസ്റ്ററിംഗ് ഓട്ടോ കാർഡ് | : | വില–275/ |
| 10. | ഫ്ലാഷ് ദി 2ഡി ആനിമേറ്റർ | : | വില–250/ |
| 11. | ഇൻററനെറ്റ്– അറിഞ്ഞതും അതിനപ്പുറവും | : | വില–250/ |
| 12. | ആനിമേഷൻ അടിസ്ഥാനതത്വങ്ങളും എളുപ്പവഴികളും | : | വില–150/ |
| 13. | LCD മോണിറ്റർ റിപ്പയറിംഗ് | : | വില–90/ |
| 14. | വിൻഡോസ് 7 ടിപ്സ് & ട്രിക്സ് | : | വില–90/ |
| 15. | ഓഫീസ് ടിപ്സ് & ട്രിക്സ് | : | വില–90/ |
| 16. | ലിനക്സ് | : | വില–90/ |
| 17. | HTML | : | വില–90/ |
| 18. | ഇലക്ട്രോണിക്സ് | : | വില–90/ |
| 19. | ഗ്നു /ലിനക്സ് | : | വില–90/ |
| 20. | ടെക് ഡിക്ഷ്ണറി | : | വില–75/ |
| 21. | മൊബൈൽ ഫോൺ റിപ്പയറിംഗ് | : | വില–120/ |
| 22. | ഇൻററനെറ്റിലൂടെ സമ്പാദിക്കാം | : | വില–120/ |
| 23. | ഇൻററനെറ്റ് ടിപ്സ് & ട്രിക്സ് | : | വില–100/ |
| 24. | മലയാളം കംപ്യൂട്ടിംഗ് | : | വില–100/ |
| 25. | ഇൻററനെറ്റ് സുരക്ഷ | : | വില–50/ |

### ഇൻഫോകൈരളി അക്കാദമിക് സീരീസ് ബുക്കുകൾ

| | | | |
|---|---|---|---|
| 1. | Basics of Computer | : | Rs. 75/ |
| 2. | Computer Hardware & Basic Networking | : | Rs. 90/- |
| 3. | Tally | : | Rs. 90/- |
| 4. | C programming | : | Rs. 90/- |
| 5. | C++ | : | Rs. 90/- |
| 6. | DTP | : | Rs. 120/- |
| 7. | Mobile Phone Repairing & Servicing | : | Rs. 150/- |
| 8. | SQL & VB.NET | : | Rs. 200/- |

മുഖവിലയിൽ നിന്ന് 10% വില കുറവിൽ പുസ്തകങ്ങൾ ലഭ്യമാണ്. പുസ്തകങ്ങൾ സ്വന്തമാക്കാനായി വിളിക്കുക 9447124390
എല്ലാ പ്രമുഖ ബുക്ക് സ്റ്റാളുകളിലും ഈ പുസ്തകങ്ങൾ ലഭ്യമാണ്.

**ഇൻഫോകൈരളി പുസ്തകങ്ങളുടെ വില നേരിട്ട് ബാങ്കിൽ അയയ്ക്കാം**

Name : INFOKAIRALI A/c No- 67003574237,Branch- Kuruppanthara, Bank- State Bank of India,
Ac Type- Current account IFSC code- SBIN0070136

**ഗൂഗിൾ പേ നമ്പർ: 9447124391**

പേയ്മെന്റ് അടച്ചശേഷം വാട്സ്ആപ്പ് (9447124390)/ മെയിൽ (kairali.info@gmail.com) മുഖാന്തരം നിങ്ങളുടെ പേര്, മൊബൈൽ നമ്പർ, വിലാസം എന്നീ വിവരങ്ങൾ ഇൻഫോകൈരളിയെ അറിയിക്കുമല്ലോ




# പുതിയ ട്രെൻഡിനൊപ്പം ഗൂഗിൾ എന്റർടൈൻമെന്റ്

വിനോദത്തിനായുള്ള നിരവധി സംവിധാനങ്ങൾ ഗൂഗിൾ പ്രദാനം ചെയ്യുന്നു. ഗുണമേന്മയുള്ള ഉള്ളടക്കം സൃഷ്ടിക്കാനും അവ ജനങ്ങളിലേക്ക് ദൃശ്യ ശ്രവ്യ ചാരുത ചോരാതെ സന്നിവേശിപ്പിക്കാനും ഗൂഗിൾ ഉത്പന്നങ്ങൾ സജ്ജമാണ്. ആരോഗ്യം, വിദ്യാഭ്യാസം എന്നതിനൊപ്പം എന്റർടെയിന്മെന്റും മനുഷ്യന്റെ ശാരീരിക മാനസിക ആരോഗ്യത്തിന് അനിവാര്യമാണ്.

**ചില വിനോദ ഗൂഗിൾ സംവിധാനങ്ങൾ നമുക്ക് പരിചയപ്പെടാം.**

## യൂട്യൂബ് മ്യൂസിക്

2015 ലാണ് യൂട്യൂബ് മ്യൂസിക് തുടക്കം കുറിക്കുന്നത്. 100 ദശലക്ഷത്തിലധികം പ്രീമിയം വരിക്കാരാണ് ഈ ആപ്പിനുള്ളത്. 2018 ലാണ് ഇതിന്റെ മികച്ച സംവിധാനം ലഭ്യമായി തുടങ്ങുന്നത്. സൗജന്യമായി ലഭിക്കുമെങ്കിലും പ്രീമിയം ഉപയോക്താക്കൾക്ക് പരസ്യ രഹിതമായി പാട്ടുകൾ കേൾക്കാനും ഡൗൺലോഡ് ചെയ്യാനും ഓഫ്‌ലൈൻ ആയി സംഗീതവും പോഡ്കാസ്റ്റും ആൽബങ്ങളും ആസ്വദിക്കാനും സാധിക്കും. ലൈവ് സംഗീത പ്രകടനങ്ങൾ ആസ്വദിക്കുന്നതോടൊപ്പം, ഒരു വലിയ സംഗീത ലൈബ്രറി തന്നെ യൂട്യൂബ് മ്യൂസിക്കിൽ അടങ്ങിയിട്ടുണ്ട്.

ഓരോരുത്തരുടെയും ഇഷ്ട്ടാനുസരണം പാട്ടുകൾ ലഭിക്കാനും ട്രെൻഡിംഗ് ആയവ ലഭിക്കാനുമുള്ള അൽഗോരിതങ്ങളാണ് യൂട്യൂബ് മ്യൂസിക്കിൽ ഉള്ളത്. ഇഷ്ട്ടാനുസരണം ഉപയോക്താവിന് പ്ലേ ലിസ്റ്റുകൾ സൃഷ്ടിക്കാനും സാധിക്കുന്നു. ഗൂഗിൾ ഹോം പോലുള്ള ഡിവൈസ്സുകൾ വഴിയും ഇവ സ്ട്രീമിങ് ചെയ്യാനാകും. മെച്ചപ്പെട്ട ഓഡിയോ, വീഡിയോ ക്വാളിറ്റിയാണെന്നതും ഇവയെ ജനപ്രീയമാക്കുന്നു.




**2015 ലാണ് യൂട്യൂബ് മ്യൂസിക് തുടക്കം കുറിക്കുന്നത്. 100 ദശലക്ഷത്തിലധികം പ്രീമിയം വരിക്കാരാണ് ഈ ആപ്പിനുള്ളത്. 2018 ലാണ് ഇതിന്റെ മികച്ച സംവിധാനം ലഭ്യമായി തുടങ്ങുന്നത്.**




## യൂട്യൂബ്

ഇന്ന് ഏറ്റവും പ്രചാരം നേടികൊണ്ടിരിക്കുന്ന ഒരു എന്റർടൈൻമെന്റ് ആപ്പാണ് യൂട്യൂബ്. സ്വന്തമായി യൂട്യൂബ് ചാനൽ ഇല്ലാത്ത ആളുകൾ നന്നേ ചുരുക്കമമെന്ന് തന്നെ പറയാം. വിനോദങ്ങളുടെ ഒരു ശേഖരം എന്നതിനപ്പുറം പലരെയും സാമ്പത്തികമായി ഉന്നമനത്തിലേക്ക് എത്തിക്കാനും യൂട്യൂബിനു കഴിഞ്ഞിട്ടുണ്ട്. 2006 ലാണ് ഗൂഗിൾ യൂട്യൂബ് ഏറ്റെടുക്കുന്നത്.

2005-ൽ ചാഡ് ഹാർലി, സ്റ്റീവ് ചെൻ, ജാവേദ് കരീം എന്നിവരാണ് യൂട്യൂബ് സ്ഥാപി ച്ചത്. ഇന്ന് 54 ഭാഷകളിൽ യൂട്യൂബ് സേവനം ലഭ്യമാണ്. ഏറ്റവും കൂടുതൽ എന്റർടൈൻമെന്റിനായും, വീഡിയോ ഷെയറിങ്ങിനായും ഈ സംവിധാനം ഉപയോഗിച്ച് വരുന്നു.

വളരെ പെട്ടെന്ന് വീഡിയോ അപ്‌ലോഡ് ചെയ്യാൻ സാധിക്കുമെന്നതും നിമിഷനേരം കൊണ്ട് കൈമാറ്റം ചെയ്യപ്പെടുന്നു എന്നതും ഇതിന്റെ സവിശേഷതയാണ്. വീഡിയോയുടെ ഗുണമേന്മയും ജനപ്രീതി വർധിപ്പിക്കുന്നതിനുള്ള ഒരു കാരണമാണ്. ലോകത്തെവിടെ നിന്നു കൊണ്ടും വീഡിയോ കാണാനും അപ്‌ലോഡ് ചെയ്യാനും സാധിക്കുമെന്നത് ഇവയുടെ പ്രത്യേകതയാണ്. ഇന്റർനെറ്റ് കണക്ഷൻ ലഭ്യമായ ഏത് ഉപകരണത്തിൽ നിന്നും വീഡിയോ കാണാനും, അപ്‌ലോഡ് ചെയ്യാനും സാധിക്കുന്നു.

ഇഷ്ട്ടാനുസരണം വിവിധ കണ്ടന്റുകളിലുള്ള വീഡിയോ തിരഞ്ഞെടുക്കാനും, പ്രേക്ഷകരുടെ അഭിപ്രായം പങ്കു വയ്ക്കാനും, പരസ്യങ്ങൾ ചെയ്യാനുമുള്ള ഒരു വേദി കൂടിയാണ് യൂട്യൂബ്. യൂട്യൂബ് സൗജന്യമായി ഉപയോഗിക്കാൻ സാധിക്കുമെങ്കിലും പരസ്യരഹിത വീഡിയോകൾക്കായി പ്രീമിയം സബ്സ്ക്രിപ്ഷൻ ആവശ്യമാണ്.

സിനിമകൾ കാണാനും, പാട്ടുകൾ ആസ്വദിക്കാനും, പഠിക്കാനും, കുക്ക് ചെയ്യാനുമെല്ലാം യൂട്യൂബ് വീഡിയോകളെ നാം നിരന്തരം ആശ്രയിക്കുന്നു. ഉപയോക്തൃ അനുഭവം മെച്ചപ്പെടുത്തുന്ന യൂട്യൂബിന്റെ മറ്റൊരു പ്രധാന സവിശേഷത റിവേഴ്സ് സെർച്ച് എന്ന ഓപ്ഷൻ ആണ്. ഒരോ വ്യക്തികൾക്കും അവരുടെ ഇഷ്ട്ടാനിഷ്ടങ്ങൾ അനുസരിച്ചുള്ള ദൃശ്യ വിസ്മയങ്ങൾ ഒരുക്കുന്നതിലും കുട്ടികൾക്ക് വിവിധ പഠനപരമായ പ്രൊഫഷണൽ ട്രെയിനിങ്, ക്ലാസുകൾ നൽകുന്നതിലും യൂട്യൂബ് മികച്ചു നിൽക്കുന്നു. ഗൂഗിളിന്റെ ഒരു സംരംഭം എന്നതിലുപരി യൂട്യൂബ് വിശ്രമവേളകളിൽ ആനന്ദം പകരുന്ന ഒരു ജനപ്രീയ സംവിധാനം കൂടിയാണ്.

## ഗൂഗിൾ ടി വി

2011 ൽ ആരംഭിച്ച ഗൂഗിൾ പ്ലേ മൂവീസ് & ഗൂഗിൾ ടീവിയാണ് 2020 ൽ ഗൂഗിൾ ടി വി എന്ന് അറിയപ്പെടാൻ തുടങ്ങിയത്. ഗൂഗിൾ ടി വി ആൻഡ്രോയ്ഡ്, ഐ ഒ




എസ്, ആപ്പിൾ ടി വി , ടാബുകൾ എന്നിങ്ങനെ നിരവധി ഉപകരണങ്ങളിൽ ലഭ്യമാണ്.

ലൈവ് ടി വി, സിനിമകൾ, ടെലിവിഷൻ ഷോകൾ എന്നിവ ഇതിലൂടെ ലഭിക്കുന്നു. ഉപയോക്താവിന്റെ ഇഷ്ട്ടാനുസരണം സിനിമകൾ, ഷോകൾ എന്നിവ കാണാനും തിരഞ്ഞെടുക്കാനും കഴിയും. ഒപ്പം ഒരു നിശ്ചിത കാലയളവിലേക്കോ, മുഴുനീള സമയത്തേക്കോ സിനിമകൾ കാണുന്നതിനായി വാങ്ങിക്കാനും കഴിയുന്നു.



**വാർത്തകളുടെ അപ്ഡേറ്റുകൾ ലഭിക്കാനും, ലോകത്ത് നടക്കുന്ന സംഭവവികാസങ്ങൾ വളരെ പെട്ടെന്ന് തന്നെ അറിയാനും ഇതിലൂടെ സാധിക്കുന്നു. ഇത് തീർത്തും സൗജന്യമായി ലഭിക്കുന്ന ഒരു സേവനമാണ്.**

ഗൂഗിൾ പേയ്മെന്റ് ഗേറ്റ് വേ എന്ന സംവിധാനത്തിലൂടെ ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾ ഉപയോഗിച്ചാണ് ഈ പ്ലാറ്റ്ഫോമിലേക്ക് പണമടക്കാനാകുക. ക്ലാരിറ്റിയും ഒപ്പം ശബ്ദനിലവാരവും ഇവയുടെ പ്രത്യേകതയാണ്. HDR, 4K, DOLBY VISION, DOLBY ATMOS എന്നിവ മികച്ച അനുഭവം പ്രേക്ഷകരിൽ സൃഷ്ടിക്കുന്നു. വിവിധ ഭാഷകളിൽ സബ് ടൈറ്റിലുകൾ ലഭിക്കുന്നതിനാൽ തന്നെ ഭാഷ വ്യത്യാസം ഒരു പ്രശ്നമായി വരുന്നില്ല. ഗൂഗിൾ ടി വി യിലെ ഫാമിലി ലൈബ്രറി എന്ന സംവിധാനം വളരെ മികച്ച ഒന്നാണ്.

## ഗൂഗിൾ നെസ്റ്റ് മിനി

ഗൂഗിൾ നെസ്റ്റ് ബ്രാൻഡിന് കീഴിൽ വികസിപ്പിച്ചെടുത്ത സൗണ്ട് സ്പീക്കർ ആണിത്. 2019 – ലാണ് ഈ സംവിധാനം പുറത്തിറക്കുന്നത്. ഈ സ്പീക്കർ സംവിധാനം ഉപയോഗിച്ച് ഗൂഗിൾ അസിസ്റ്റന്റുമായി




സംവദിക്കാനും മീഡിയ പ്ലേ ചെയ്യാനും ടാസ്കുകൾ നിയന്ത്രിക്കാനും സാധിക്കും. ഗൂഗിൾ ഹോം മിനിയുടെ പുതിയ പതിപ്പാണിത്. വോയിസ് കൺട്രോൾ ഇവയുടെ പ്രധാന സവിശേഷതയാണ്. മീഡിയ പ്ലേ ചെയ്യുന്നതിന് പുറമേ കാലാവസ്ഥ പ്രവചനങ്ങൾ അറിയാനും, ട്രാഫിക്, കലണ്ടർ, ഫ്ളൈറ്റ് അപ്ഡേറ്റുകൾ എന്നിവ മനസ്സിലാക്കാനും ഇവ ഉപകരിക്കുന്നു.

നിലവാരമുള്ള മൈക്രോഫോണുകൾ ആണ് ഇവയ്ക്ക് ഉള്ളത്. 3.5 മി. മി ഉപയോഗിച്ച് ഓഡിയോ ഔട്ട്പുട്ട് ഉപകരണങ്ങൾ ഇതിൽ സംയോജിപ്പിക്കാനാകും.

## ഗൂഗിൾ ന്യൂസ്

ഗൂഗിൾ നൽകുന്ന ഓൺലൈൻ വാർത്തകളുടെ ഒരു സമാഹരണമാണ് ഗൂഗിൾ ന്യൂസ്. 2002 ലാണ് ഇവയുടെ സേവനം ലഭ്യമായി തുടങ്ങിയത്. ഉപ



യോക്താകൾക്കിടയിൽ വളരെ പെട്ടെന്ന് തന്നെ പ്രധാന വാർത്തകൾ എത്തിക്കുന്ന ഒരു സംവിധാനമാണിത്.

അനുയോജ്യമായ വാർത്തകൾ വിവിധ വെബ്സൈറ്റുകളിൽ നിന്ന് തിരഞ്ഞു കണ്ടുപിടിക്കാനും ഇത് സഹായകമാണ്. വാർത്തകളുടെ അപ്ഡേറ്റുകൾ ലഭിക്കാനും, ലോകത്ത് നടക്കുന്ന സംഭവവികാസങ്ങൾ വളരെ പെട്ടെന്ന് തന്നെ അറിയാനും ഇതിലൂടെ സാധിക്കുന്നു. ഇത് തീർത്തും സൗജന്യമായി ലഭിക്കുന്ന ഒരു സേവനമാണ്.

വിവിധ സൈറ്റുകളുടെ ആരോഗ്യ, കായിക, സാമ്പത്തിക, സാമൂഹിക, പ്രാദേശിക വാർത്തകളും ഇതിൽ ഉൾപ്പെടുന്നു. മറ്റുള്ള ന്യൂസ് മാർഗങ്ങളെ അപേക്ഷിച്ച് ഇവ വ്യക്തിഗത അനുഭവത്തിന് പ്രാധാന്യം നൽകുന്ന ഒരു സംവിധാനമാണ്. ഇന്ത്യയിൽ വിവിധ ഭാഷകളിൽ ഗൂഗിൾ ന്യൂസ് സേവനം ഇന്ന് നിലവിലുണ്ട്.

ഗൂഗിൾ ന്യൂസ് വെബ്, ഐ ഒ എസ്, ആൻഡ്രോയ്ഡ് എന്നിവയിലും ഇവ ലഭ്യമാണ്.

●



# ആശയവിനിമയം ഇനി ഞൊടിയിൽ

കത്തുകളിലൂടെ വിശേഷങ്ങൾ പങ്കു വച്ചിരുന്ന നാം ഇന്ന് ഡിജിറ്റൽ യുഗത്തിലൂടെയാണ് കടന്നു പോകുന്നത്. മൊബൈലിലെ വിവിധ ആപ്ലിക്കേഷൻ ഉപയോഗിച്ച് ചാറ്റ് ചെയ്തും വീഡിയോ, വോയിസ് കോളുകൾ ചെയ്തും പുതുതലമുറ ബന്ധം പുതുക്കുന്നു. ഇത്തരത്തിൽ ആശയവിനിമയ രംഗത്തിന് സഹായകമാകുന്ന ഗൂഗിൾ ഉത്പന്നങ്ങളും, സേവനങ്ങളും ഇന്ന് ലോകമെമ്പാടും പ്രചാരം നേടുകയാണ്.

മനുഷ്യനെ തമ്മിൽ ബന്ധിപ്പിക്കുന്ന ശക്തമായ കണ്ണി തന്നെയാണ് ആധുനിക യുഗത്തിലെ ഈ ആശയവിനിമയ സംവിധാനങ്ങൾ എന്നു തന്നെ പറയാം.

## ഗൂഗിളിന്റെ പ്രധാന ആശയവിനിമയ ഉപാധികൾ

### ഗൂഗിൾ ഡ്യൂയോ

2016- ൽ പുറത്തിറക്കിയ ഒരു വോയിസ്, വീഡിയോ കോൾ സംവിധാനമാണ് ഗൂഗിൾ ഡ്യൂയോ. ഉയർന്ന നിലവാരമുള്ളതും എൻഡ് ടു എൻഡ് എൻക്രിപ്ഷൻ സംവിധാനം ഉള്ളതുമായ ഒരു ആപ്പ് ആണിത്. ലിങ്ക് ഉപയോഗിച്ച് മീറ്റിംഗ് നടത്താനും കോളുകൾ ഇഷ്ടാനുസരണം ഷെഡ്യൂൾ ചെയ്യാനും സാധിക്കും. കൂടാതെ ഗ്രൂപ്പ് കോൾ സംവിധാനവും ഇതിലുണ്ട്.

സ്മാർട്ട് ഫോണുകൾ, ടി സി എൽ സ്മാർട്ട് ടിവികൾ, ഐഫോൺ, കംപ്യൂട്ടറുകൾ, ടാബ്ലറ്റുകൾ എന്നിവയിൽ ഇവ ഉപയോഗിക്കാൻ സാധിക്കും. ലളിതമായ ഉപയോക്തൃ ഇന്റർഫേസ് ഇതിന്റെ സവിശേഷതയാണ്. 2G, 3G പോലുള്ള കുറഞ്ഞ നെറ്റ്‌വർക്കിലും 4G, 5G പോലുള്ള ഉയർന്ന നെറ്റ്‌വർക്കിലും ഇവ ലഭ്യമാകുന്നു. മികച്ച സുരക്ഷ നൽകുന്നു എന്നതും, നിലവാരമേറിയതാണ് എന്നതും ഈ ആപ്പിന്റെ പ്രചാരം വർധിപ്പിക്കുന്നു. വിളിക്കുന്നത് ആരെന്ന് മുൻകൂട്ടി അറിയാൻ knock knock ഫീച്ചറും ഇതിൽ ലഭ്യമാണ്.

### ഗൂഗിൾ ചാറ്റ്

ഗൂഗിളിന്റെ ഒരു ആശയവിനിമയ സംവിധാനമാണ് ഗൂഗിൾ ചാറ്റ് എന്നത്. 2017- ലാണ് ഈ പ്ലാറ്റ് ഫോം പുറത്തിറക്കുന്നത്. കമ്മ്യൂണിക്കേഷൻ പ്ലാറ്റ് ഫോം എന്നതിലുപരി വ്യവസായ, വിദ്യാഭ്യാസ മേഖലകളിൽ പ്രൊജക്റ്റ് മാനേജ്മെന്റ്, സോഫ്റ്റ്‌വെയർ പ്രോഗ്രാമുകൾ എന്നിവയ്ക്കായി ഇവ ഉപയോഗിച്ച് വരുന്നു.

ഈ സംവിധാനത്തിലൂടെ ചാറ്റ് ചെയ്യുന്നതിനുമൊപ്പം ഫയലുകളും, ഡോക്യുമെന്റുകളും, ചിത്രങ്ങളും കൈമാറാനും സാധിക്കും. ഗ്രൂപ്പ് ചാറ്റുകൾ സൃഷ്ടിക്കുന്നതിനൊപ്പം അറിയിപ്പുകൾ നൽകാനും, റിപ്പോർട്ടുകൾ അയക്കാനും ഇതിലൂടെ സാധിക്കുന്നു.

> **ഇന്ന് വ്യാപകമായി ഉപയോഗിച്ച് വരുന്ന ഗൂഗിളിന്റെ ഒരു സംവിധാനമാണ് ഗൂഗിൾ ട്രാൻസലേറ്റ്. ഇന്റർനെറ്റിലെ ഏറ്റവും ഉയർന്ന വിവർത്തന മാർഗമാണിത്. 2006– ലാണ് ഈ ആപ്പ് ലോഞ്ചു ചെയ്യുന്നത്.**

ഗൂഗിൾ ഡോക്യുമെന്റുകൾ, ഗൂഗിൾ ഷീറ്റുകൾ, ഗൂഗിൾ ഡ്രൈവ് എന്നീ ടൂളുകളുമായും ഇത് സംയോജിപ്പിക്കാനാകും. ഇതിലൂടെ കൂടുതൽ പ്രവർത്തന ക്ഷമത കൈവരിക്കാനും സാധിക്കും. ഗൂഗിളിന്റെ എല്ലാ സുരക്ഷാ സംവിധാനങ്ങളും ഈ ആപ്പിൽ ലഭ്യമാണ്. ഇത് കൂടാതെ ആർട്ടിഫിഷ്യൽ ഇന്റലിൻസ് ഫീച്ചറുകളും ഇവയിൽ ഉൾകൊള്ളിച്ചിരിക്കുന്നു. ഉപയോക്തൃ സൗഹൃദ ഇന്റർഫേസ് ആണ് ഇവയ്ക്കുള്ളത്.

## ഗൂഗിൾ ട്രാൻസലേറ്റ്

ഇന്ന് വ്യാപകരമായി ഉപയോഗിച്ച് വരുന്ന ഗൂഗിളിന്റെ ഒരു സംവിധാനമാണ് ഗൂഗിൾ ട്രാൻസലേറ്റ്. ഇന്റർനെറ്റിലെ ഏറ്റവും ഉയർന്ന വിവർത്തന മാർഗമാണിത്. 2006– ലാണ് ഈ ആപ്പ് ലോഞ്ചു ചെയ്യുന്ന




ത്. ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് വിവർത്തനം ചെയ്യാനുള്ള സൗകര്യം ഇതിലുണ്ട്. ഗൂഗിൾ ട്രാൻസലേറ്റർ 249 തോളം ഭാഷകളിൽ വിവർത്തനം ലഭ്യമാക്കുന്നു. ടെക്സ്റ്റുകൾ, ചിത്രങ്ങൾ, സംഭാഷണങ്ങൾ, വിവിധ ഫോർമാറ്റിലുള്ള ഫയലുകൾ ഇവ ആവശ്യമായ ഭാഷയിലേക്ക് നമുക്ക് മാറ്റാൻ സാധിക്കും.

അറിയാത്ത വാക്കുകളുടെ അർത്ഥം കണ്ടെത്തുന്നതിനൊപ്പം, മറ്റ് ഭാഷകളുടെ പ്രയോഗം എളുപ്പത്തിൽ മനസിലാക്കാനും ഇത് സഹായിക്കുന്നു. ബഹുഭാഷ വിവർത്തന സഹായിയായ ഗൂഗിൾ ട്രാൻസലേറ്റ് തികച്ചും സൗജന്യമായി ഉപയോഗിക്കാനാകും. ഉപയോക്താക്കൾക്ക് മറ്റു ഭാഷകളുമായുള്ള ഇടപെടൽ സുഗമമാക്കുവാൻ ഇവയ്ക്ക് കഴിയുന്നു. ഒപ്പം ഭാഷ തടസങ്ങൾ ലഘൂകരിക്കാനും ഗൂഗിൾ ട്രാൻസലേറ്റർ ഫലപ്രദമാണ്. വിദേശ യാത്ര നടത്തുന്നവർക്ക് ഭാഷ തടസ്സങ്ങൾ മറികടക്കാൻ ഇതൊരു എളുപ്പമാർഗ്ഗമാണെന്ന് തന്നെ പറയാം.

## ഗൂഗിൾ വോയിസ്

ഗൂഗിളിന്റെ ഒരു കമ്മ്യൂണിക്കേഷൻ സംവിധാനമാണ് ഗൂഗിൾ വോയിസ്. ടെക്സ്റ്റ് മെസ്സേജ് സേവനങ്ങൾ, ടെലിഫോൺ സേവനങ്ങൾ, സ്പാം കോൾ




പ്രൊട്ടക്ഷൻ വോയിസ് മെയിൽ സേവനങ്ങൾ, കോൾ സ്ക്രീനിംഗ് എന്നീ ഫീച്ചറുകൾ ഇവ പ്രതിനിധാനം ചെയ്യുന്നു 2009 – ലാണ് ഈ ആപ്പ് പുറത്തിറക്കുന്നത്. കോൾ ഫോർവേർഡിങ് സംവിധാനവും ഇവയ്ക്കുണ്ട്. വളരെ കുറഞ്ഞ നിരക്കിൽ കോൾ ചെയ്യാൻ ഈ ആപ്പ് സഹായകമാണ്. അമേരിക്ക, കാനഡ, ഫ്രാൻസ്, ഡെന്മാർക്ക്, യു കെ, സ്വിറ്റ്സർലാൻഡ്, സ്പെയിൻ, സ്വീഡൻ, ജർമനി തുടങ്ങി നിരവധി രാജ്യങ്ങളിൽ ഈ ആപ്പിന്റെ സേവനം ലഭ്യമാണെങ്കിലും ഇന്ത്യയിൽ നിലവിൽ ഉപയോഗിക്കാൻ സാധിക്കില്ല.

പല രാജ്യങ്ങളിലും ഉപയോഗിച്ച് വരുന്ന ഈ ആശയവിനിമയ സംവിധാനം ഉപയോക്താവിന്റെ സ്വീകാര്യതയും, വിവരങ്ങളും സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുന്നു.

കംപ്യൂട്ടറുകൾ, മൊബൈൽ ഫോണുകൾ, ടാബ്ലറ്റുകൾ, എന്നിവ ഉപയോഗിച്ച് ഈ സംവിധാനത്തിലൂടെ കോൾ ചെയ്യാനാകും. ഇത് ഉപയോഗിക്കാനായി ഒരു ഗൂഗിൾ അക്കൗണ്ട് മാത്രമാണ് അനിവാര്യമായത്. ●

# മികച്ച ആനുകൂല്യങ്ങളോടെ ഇൻഫോകൈരളി വരിക്കാരാകാം !

ഇൻഫോകൈരളി ഒരു ലക്കം 30 രൂപ വാർഷിക വരിക്കാർ ആകുന്നവർക്ക് പ്രത്യേക ഡിസ്കൗണ്ട്




വരിക്കാരാകുവാൻ 9447124390
എന്ന നമ്പറിൽ വാട്സ്ആപ്പ് മെസ്സേജ് ചെയ്യുകയോ വിളിക്കുകയോ ചെയ്യുക

**കാലാവധി – 1 വർഷം**
മുഖവില : 360/–
അയയ്ക്കേണ്ട തുക : 340/–

**കാലാവധി – 3 വർഷം**
മുഖവില : 1080/–
അയയ്ക്കേണ്ട തുക : 980/–

**കാലാവധി – 2 വർഷം**
മുഖവില : 720/–
അയയ്ക്കേണ്ട തുക : 660/–

**കാലാവധി – 5 വർഷം**
മുഖവില : 1800/–
അയയ്ക്കേണ്ട തുക : 1450/–

**ഇൻഫോകൈരളിയുടെ ഡിജിറ്റൽ കോപ്പിയും ലഭ്യമാണ്**

**ഇൻഫോകൈരളി വരിസംഖ്യ നേരിട്ട് ബാങ്കിൽ അടയ്ക്കാം**

Name : INFOKAIRALI A/c No- 67003574237,Branch- Kuruppanthara, Bank- State Bank of India,
Ac Type- Current account IFSC code- SBIN0070136

**ഗൂഗിൾ പേ നമ്പർ: 9447124391**

പേയ്മെന്റ് അടച്ചശേഷം വാട്സ്ആപ്പ് (9447124390)/ മെയിൽ (kairali.info@gmail.com) മുഖാന്തരം നിങ്ങളുടെ പേര്, മൊബൈൽ നമ്പർ, വിലാസം എന്നീ വിവരങ്ങൾ ഇൻഫോകൈരളിയെ അറിയിക്കുമല്ലോ



# വിവിധ മേഖലകളിൽ ജനപ്രിയമായി ഗൂഗിൾ

## ഗൂഗിൾ മാപ്പ്

ഗൂഗിളിന്റെ വ്യാപകമായി ഉപയോഗിച്ച് വരുന്ന നാവിഗേഷൻ സംവിധാനമാണ് ഗൂഗിൾ മാപ്പ്. 2005 ൽ പുറത്തിറക്കിയ ഈ ജനപ്രീയ സംവിധാനം 74 ലോളം ഭാഷകളിൽ ലഭ്യമാണ്.

ഗൂഗിൾ നൽകുന്ന സാറ്റ്‌ലൈറ്റ് ദൃശ്യങ്ങൾ നമുക്ക് ആവശ്യമായ റൂട്ടുകൾ കണ്ടുപിടിക്കുന്നതിനും തത്സമയ ട്രാഫിക് വിവരങ്ങൾ അറിയുന്നതിനും സഹായിക്കുന്നു. ലാൻഡ് മാർക്കുകൾ, പ്രധാന സ്ട്രീറ്റ് വിവരങ്ങൾ, ബൈക്ക്, ഡ്രൈവിംഗ്, നടത്തം ഇവയ്ക്കായി എടുക്കുന്ന സമയം എന്നിവയും മാപ്പ് കൃത്യമായി നൽകുന്നു.

ഇത് കൂടാതെ ഷോപ്പുകളുടെയും, മറ്റ് സ്ഥാപനങ്ങളുടെയും വിശദ വിവരങ്ങൾ, കോൺടാക്ട് നമ്പർ, പ്രവർത്തനസമയം ഇവയും ഉപയോക്താവിന് അതിവേഗം ലഭിക്കുന്നു. ലൊക്കേഷൻ ഷെയർ ചെയ്യാനും, പബ്ലിക് ട്രാൻസ്പോർട്ട് വിവരങ്ങൾ നൽകാനും ഇത് സജ്ജമാണ്. ഉപയോക്താവിന് 360 ഡിഗ്രിയിൽ സ്ഥലം വീക്ഷിക്കാനും, 3 D ദൃശ്യങ്ങൾ ലഭിക്കാനുമുള്ള സൗകര്യം ഇതിലുണ്ട്.

വ്യക്തികൾക്കും, ബിസിനസ് സ്ഥാപനങ്ങൾക്കും ഉപയോഗപ്രദമായ വൈവിധ്യമാർന്ന സവിശേഷതകൾ ഉള്ള ഗൂഗിൾ മാപ്പ് കംപ്യൂട്ടറുകളിലും, മൊബൈൽ ഫോണുകളിലും ലഭ്യമാണ്. എളുപ്പത്തിൽ റൂട്ട് കണ്ടെത്തി മികച്ച റോഡ് മാർഗങ്ങൾ നിർദ്ദേശിക്കുന്ന ഈ സംവിധാനം പ്രതിദിനം ഉപയോഗിക്കുന്നത് 50 മില്യണിലധികം ആളുകളാണ്.

## ഗൂഗിൾ പേ

ഗൂഗിളിന്റെ സുരക്ഷിതമായ ഒരു ഡിജിറ്റൽ പേയ്മെന്റ് ആപ്പാണ് ഗൂഗിൾ പേ. 2011- ലാണ് ഈ ആപ്പ് വികസിപ്പിച്ചത്. കോൺടാക്ട്‌ലെസ്സ് പേയ്മെന്റ് നടത്താനുള്ള ഒരു മാർഗമാണിത്.

മൊബൈൽ നമ്പർ, അക്കൗണ്ട് നമ്പർ, ക്യൂ ആർ കോഡ് എന്നിവ ഉപയോഗിച്ച് പരസ്പരം പണം അയക്കാൻ സാധിക്കുന്നു. പേയ്മെന്റുകൾ സ്പ്ലിറ്റ് ചെയ്ത് സുഹൃത്തുക്കൾക്ക് അയക്കാനുള്ള സംവിധാനവും ഇതിലുണ്ട്. ഇ കോമേഴ്സ് പ്ലാറ്റ് ഫോമുകൾ, ബില്ല് പേയ്മെന്റുകൾ, ഓൺലൈൻ പണമിടപാട്, ഷോപ്പിംഗ്, മൊബൈൽ റീചാർജ് തുടങ്ങിയ ഇടപാടുകളിലും ഗൂഗിൾ പേ വ്യാപകമായി ഉപയോഗിച്ചു വരുന്നു.

ഗൂഗിൾ പേയുടെ പണമിടപാട് ടോക്കണൈസ്സ് ചെയ്തിരിക്കുന്നതിനാൽ തന്നെ സുരക്ഷിതമാണ്. ഇതിലെ ഓരോ ട്രാൻസാക്ഷനും എൻക്രിപ്റ്റ് ചെയ്തിരിക്കുന്നു.

ഇന്ത്യയിൽ 2018 മുതൽ യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് എന്നതിന് കീഴിൽ ഗൂഗിൾ പേ പ്രവർത്തിച്ചു വരുന്നു. ബന്ധിപ്പിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട്, ക്രെഡിറ്റ്, ഡെബിറ്റ് കാർഡു



**ഗൂഗിൾ പേയുടെ പണമിടപാട് ടോക്കണൈസ്ഡ് ചെയ്തിരിക്കുന്നതിനാൽ തന്നെ സുരക്ഷിതമാണ്. ഇതിലെ ഓരോ ട്രാൻസാക്ഷനും എൻക്രിപ്റ്റ് ചെയ്തിരിക്കുന്നു.**

കൾ വഴി പേയ്മെന്റ് അയക്കാനും, സ്വീകരിക്കാനും ഇതിൽ സൗകര്യമുണ്ട്.

## ഗൂഗിൾ ക്രോം

2018 ൽ പുറത്തിറക്കിയ ഗൂഗിൾ ക്രോം വെബ് ബ്രൗസർ വേഗതയേറിയ ജനപ്രിയ പ്ലാറ്റ്ഫോം ആണ്. അതിവേഗം ബ്രൗസിംഗ് നടത്താനാകുമെന്നതും അതിവേഗം പേജ് ലോഡ് ചെയ്യുമെന്നതും ഇവയുടെ സവിശേഷതയാണ്.



പുതിയ ഫീച്ചറുകളും, സാങ്കേതികവിദ്യയും നൽകുന്നതിൽ ക്രോം എന്നും മുൻപന്തിയിലാണ്. വിൻഡോസ്, ലിനക്സ്, മാക് ഓഎസ്, ഐഓഎസ്, ആൻഡ്രോയ്ഡ് പ്ലാറ്റുഫോമുകളിൽ ക്രോം ലഭ്യമാണ്. ഗൂഗിൾ ക്രോമിനെ ഗൂഗിൾ മീറ്റ്, ഗൂഗിൾ ഡ്രൈവ്, ഗൂഗിൾ ട്രാൻസലേറ്റ് തുടങ്ങിയ സംവിധാനങ്ങളുമായി സംയോജിപ്പിക്കാൻ സാധിക്കും. ഇവയിൽ ലഭ്യമായ ലൈബ്രറി ഗൂഗിൾ ക്രോമിന്റെ പ്രവർത്തനത്തെ മെച്ചപ്പെടുത്തുന്നു. ഉപയോക്തൃ സൗഹൃദമുള്ള ഇന്റർഫേസ് ഇവയുടെ മറ്റൊരു സവിശേഷതയാണ്.

ഉപയോക്താവിന് ഗൂഗിൾ അക്കൗണ്ട് ഉപയോഗപ്പെടുത്തി ബുക്ക്മാർക്കുകളും, ഹിസ്റ്ററിയും മറ്റും സമന്വയിപ്പിക്കാനാകും.

ഉപയോക്തൃ ഡേറ്റാ എൻക്രിപ്റ്റ് ചെയ്താണ് ക്രോമിൽ സംഭരിക്കുന്നത്. കൂടാതെ ക്രോം പതിവായി അപ്ഡേറ്റ് ചെയ്യുന്നു എന്നത് സുരക്ഷാ തകരാറുകൾ മറികടക്കാൻ സഹായിക്കുന്നു. കൂടാതെ ഡെവലപ്പർമാർക്ക് ജാവ, എച് ടി എം എൽ പോലുള്ള വെബ് സ്റ്റാൻഡേർഡുകളിലും പിന്തുണ നൽകുന്നു. ഇവ സ്മാർട്ട് ഫോണുകളിലും, ഡെസ്ക് ടോപ്പുകളിലും, ടാബ്ലേറ്റുകളിലും ഒരു പോലെ ഉപയോഗിക്കാനാകും.

## ഗൂഗിൾ ഫോട്ടോസ്

ചിത്രങ്ങൾ ശേഖരിക്കുന്നതിനും, ഷെയർ ചെയ്യുന്നതിനും ഉപയോഗിച്ച് വരുന്ന ഒരു സംവിധാനമാണ് ഗൂഗിൾ ഫോട്ടോസ്. ഇതൊരു ക്ലൗഡ് സ്റ്റോറേജ് സേവനമാണ്. ഇമെയിൽ ഐ ഡി യുടെ സഹായത്തോടെ ഉപയോക്താവിന് അവരുടെ സ്മാർട്ട് ഫോണുകളിലും, ഡെസ്ക് ടോപ്പുകളിലും ചിത്രങ്ങൾ ആക്സസ് ചെയ്യാനാകും. 2015 ലാണ് ഇത് ലോഞ്ച് ചെയ്യുന്നത്.

ഫോട്ടോ എഡിറ്റ് ചെയ്യാനും, വിവിധ ഫോൾഡറുകളിൽ സൂക്ഷിക്കാനുമുള്ള സംവിധാനം ഇവയ്ക്കുണ്ട്. ഹൈ ലൈറ്റ്, ടൈംലൈൻ തുടങ്ങിയവയിലേക്ക് മെമ്മറീസ് ഫീച്ചർ ഫോട്ടോകളെ ഓർഗനൈസ്ഡ് ചെയ്യാനും സൗകര്യമുണ്ട്. ഫോട്ടോയും, വീഡിയോയും ബാക്കപ്പ് ചെയാനുള്ള മികച്ച ഓപ്ഷനാണ് ഗൂഗിൾ ഫോട്ടോസ്.

ഗൂഗിൾ ഫോട്ടോസ് 16 മെഗാപിക്സൽ വരെയുള്ള ഫോട്ടോകൾക്കും 1080 പി റെസല്യൂഷൻ വരെയുള്ള വീഡിയോകൾക്കും അൺലിമിറ്റഡ് സ്റ്റോറേജ് നൽകുന്നു. കൂടാതെ ഫോട്ടോകൾ തീയതിയും, സ്ഥലവും അനുസരിച്ച് ഓർഗനൈസ് ചെയ്യാനും സാധിക്കും.

## ആൻഡ്രോയ്ഡ്

ഗൂഗിളിന്റെ ഒരു പോപ്പുലർ ഓപ്പറേറ്റിംഗ് സിസ്റ്റമാണ് ആൻഡ്രോയ്ഡ്. 2005 ലാണ് ഗൂഗിൾ ആൻഡ്രോയ്ഡ് ഏറ്റെടുക്കുന്നത്. സ്മാർട്ട് ഫോണുകൾ, ടാബ്ലറ്റുകൾ, കംപ്യൂട്ടറുകൾ എന്നിവയിൽ ആൻഡ്രോയ്ഡ് സംവിധാനം ഇന്ന് വ്യാപകമായി ഉപയോഗിച്ച് വരുന്നു.

ഇവ ഗൂഗിൾ പ്ലേ സ്റ്റോർ ആപ്പുകൾ, മറ്റ് ഉള്ളടക്കങ്ങൾ ഇവ പ്രദാനം ചെയ്യുന്നു. മികച്ച കസ്റ്റമൈസേഷൻ സേവനങ്ങളും ഇവ നൽകുന്നു. ഉദാഹരണത്തിന് റോമുകളുടെ ഇൻസ്റ്റലേഷൻ, ഹോം സ്ക്രീൻ ലേഔട്ടുകൾ സജ്ജമാക്കൽ തുടങ്ങിയവ. ഒരേ സമയം നിരവധി ആപ്ലിക്കേഷൻ പ്രവർത്തിക്കുന്ന മൾട്ടി ടാസ്കിങ് സംവിധാനം, ഗൂഗിൾ അസിസ്റ്റന്റ് സംവിധാനം, നോട്ടിഫിക്കേഷൻ സംവിധാനം എന്നിവ ഇതിൽ ലഭ്യമാണ്.

മികച്ച പെർഫോമൻസ് കാഴ്ച വയ്ക്കുന്നു എന്നതും ഇവയുടെ സവിശേഷതയാണ്. കൂടാതെ ഇഷ്ടാനുസരണം ഉപയോക്താവിന് ഡിവൈസ് ഫീച്ചറുകൾ പരിഷ്കരിക്കാനും, ഇഷ്ടമുള്ള ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യാനും സാധിക്കും.

സ്മാർട്ട് ഫോണുകൾക്ക് പുറമേ ഡിജിറ്റൽ സ്ക്രീനുകൾ, മൊബൈൽ സംവിധാനങ്ങൾ, സ്മാർട്ട് ഹോം ഡിവൈസ്സുകൾ എന്നിവയിലും ആൻഡ്രോയ്ഡ് സിസ്റ്റം ഇന്ന് ഉപയോഗിക്കുന്നുണ്ട്.

ജാവ, സി, സി പ്ലസ് പ്ലസ് തുടങ്ങിയ പ്രോഗ്രാമിങ് ഭാഷകളിലാണ് ആൻഡ്രോയ്ഡ് ഓപ്പറേറ്റിംഗ് സിസ്റ്റം എഴുതപ്പെട്ടിരിക്കുന്നത്. വ്യാപകമായി ഉപയോഗിച്ച് വരുന്ന ആൻഡ്രോയ്ഡ് സംവിധാനത്തിൽ ഇന്നത്തെ എ ഐ ഫീച്ചറുകൾ ഇനിയും കൂടുതൽ വൈവിധ്യമാർന്ന മാറ്റങ്ങൾ കൊണ്ടു വരുമെന്നതിൽ തർക്കമില്ല. ●



# ഗൂഗിൾ ഉത്പന്നങ്ങൾക്കൊരു അവലോകനം

ഗൂഗിൾ ഉത്പന്നങ്ങൾ വിപണിയിൽ കാര്യക്ഷമമായ മാറ്റങ്ങൾ കൊണ്ടു വന്നുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ രംഗത്തും, ബിസിനസ്സ് രംഗത്തും, ആശയവിനിമയ രംഗത്തും, വിനോദ രംഗത്തുമെല്ലാം ഈ ഉത്പന്നങ്ങൾ കൊണ്ടു വരുന്ന കാര്യക്ഷമത മനുഷ്യന് പുരോഗതിയുടെ വാതായനങ്ങൾ തുറന്നിടുന്നു.

എളുപ്പത്തിൽ വിവരങ്ങൾ തേടാനും, ഉപയോക്തൃ സൗഹൃദപരമായി അവ ഉപയോഗിക്കാനുമുള്ള സംവിധാനങ്ങളുടെ കഴിവ് ജനങ്ങൾക്കിടയിൽ ഗൂഗിൾ ഉത്പന്നങ്ങളുടെ ഉപയോഗം വർധിക്കാനുള്ള കാരണമായിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിലെ പേപ്പറിൽ നിന്ന് ഡിജിറ്റൽ യുഗത്തിലേക്കുള്ള മാറ്റങ്ങൾ വിദ്യാർത്ഥികൾക്കിടയിൽ കൂടുതൽ പ്രചാരം സമ്മാനിക്കുന്നു. വിദ്യാർത്ഥികളെ അവരുടെ പഠന രംഗത്ത് ശാക്തീകരിക്കാനാകുമെന്നത് ഇവയുടെ പ്രധാന ഗുണമാണ്. അധ്യാപകർക്കും ഇവ ഒരേ പോലെ പ്രയോജനം ചെയ്യുന്നു. ടെക്നോളജി സംവിധാനത്തിലൂടെ കുട്ടികളുടെ പഠനാനുഭവം വർധിപ്പിക്കാനും അവർക്ക് ഡിജിറ്റൽ സാക്ഷരത നൽകാനും സാധിക്കുന്നു. കുട്ടികളുടെ അറിവ് വർധിപ്പിക്കുന്നതിനും പഠന വിഷയങ്ങൾ ആഴത്തിൽ മനസിലാക്കുന്നതിനും ഗൂഗിൾ ടൂളുകൾ സഹായമാണ്. ഫിസിക്കൽ പേപ്പർ വർക്കുകൾ ഒഴിവാക്കി കൊണ്ട് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലേക്ക് ചേക്കേറുമ്പോൾ മികച്ച വിദ്യാഭ്യാസം കാഴ്ച വയ്ക്കാനുമുള്ള ഒരു ഘടകം കൂടിയാണ് ഇത്. ഗൂഗിൾ ക്ലാസ്സ്റൂം, ഗൂഗിൾ മീറ്റ് പോലുള്ള പ്ലാറ്റ്ഫോമുകൾ ആശയവിനിമയം എളുപ്പത്തിലാക്കാനും സഹായിക്കുന്നു.





**ബിസിനസ് രംഗം നോക്കിയാൽ ഗൂഗിളിന്റെ ഉത്പ ന്നങ്ങൾ കൂടുതൽ സുതാര്യത കൊണ്ടു വരുന്നതായി കാണാനാകും. ചുരുങ്ങിയ സമയം കൊണ്ട് ഇവ ഫലപ്രാപ്തി നേടിത്തരുന്നു.**

ഗൂഗിൾ ഷീറ്റ്സ്, ഗൂഗിൾ ഡോക്സുകൾ പോലുള്ള ഉത്പന്നങ്ങൾ ഇത്തരത്തിൽ അധ്യപകർക്കും, വിദ്യാർത്ഥികൾക്കും പരസ്പരം സഹകരിക്കാനും, പഠന വിവരങ്ങൾ കൈമാറാനുമുള്ള ഒരു സംവേദാത്മക മാർഗ്ഗമാണ്.

ബിസിനസ് രംഗം നോക്കിയാൽ ഗൂഗിളിന്റെ ഉത്പന്നങ്ങൾ കൂടുതൽ സുതാര്യത കൊണ്ടു വരുന്നതായി കാണാനാകും. ചുരുങ്ങിയ സമയം കൊണ്ട് ഇവ ഫലപ്രാപ്തി നേടിത്തരുന്നു. ബിസിനസിന്റെ പ്രചാരം വർധിപ്പിക്കാനും വിശ്വാസ്യത വർധിപ്പിക്കാനും ഇതൊരു മാർഗമാണ്.

പരസ്പരം ബിസിനസ്സ് ബന്ധങ്ങൾ കൊണ്ടു പോകുന്നതിനും, വലിയ ഫയലുകൾ ഡിജിറ്റൽ മാർഗം സൂക്ഷിക്കുന്നതിനുള്ള സ്റ്റോറേജ് ഗൂഗി ൾ ഉത്പന്നങ്ങൾ നൽകുന്നുണ്ട്. ബിസിനസ് ടാർഗറ്റ് ഓഡിയൻസിലേക്ക് എത്തുന്നതിനും, മികച്ച പുരോഗതിക്കും ഇവ മുതൽക്കൂട്ടാണ്. ക്ലൗഡ് കംപ്യൂട്ടിംഗ്, പുതിയ സോഫ്റ്റ്വെയറുകൾ, എ ഐ സാങ്കേതികവിദ്യകൾ ഇവ വ്യാപകമായി സേവനങ്ങൾ എത്തിക്കുന്നതിലും, പുതുമ നൽകുന്നതിലും സുപ്രധാന പങ്കുവഹിക്കുന്നു. ബിസിനസ്സ് ആവശ്യങ്ങൾ നേടിയെടുക്കാനുള്ള വേഗത്തിനൊപ്പം ചെലവ് കുറവാണെന്നതും സുരക്ഷയേകുന്നു എന്നതും ഇതിന്റെ പ്രത്യേകതയാണ്.

ഗൂഗിൾ പ്രോഡക്റ്റ്സ് ഒരു വിനോദ ഉപാധി എന്ന നിലയിലും മികച്ച അനുഭവം നൽകുന്ന ഒരു പ്ലാറ്റ്ഫോമാണ്. നിരവധി മാറ്റങ്ങളാണ് ഇത്തരത്തിൽ ഗൂഗിളിന് വിനോദ മേഖലയിൽ സൃഷ്ടിക്കാൻ സാധിച്ചിട്ടുള്ളതും. ആഗോള നിലയിൽ ഉപയോക്താക്കളെ ആകർഷിക്കാൻ ഇവയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇഷ്ടാനുസൃതം സിനിമകൾ, ടെലിവിഷൻ പരിപാടികൾ, ബ്ലോഗ്, കോമഡി എന്നിവ കൃത്യതയുള്ള വോയിസ്, വീഡിയോ സംവിധാനത്തിലൂടെ കാണാനാകുന്നു എന്നത് ഇവയുടെ മറ്റൊരു സവിശേഷതയാണ്.





ആശയവിനിമയം മെച്ചപ്പെടുത്തുന്നതിന് നിരവധി പ്ലാറ്റ്ഫോമുകളാണ് ഗൂഗിളിനുള്ളത്. ചാറ്റ് ചെയ്യാനും, വീഡിയോ, വോയിസ് കോൾ സംവിധാനം പ്രയോജനപ്പെടുത്താനും കോൺഫറൻസ് കോൾ ചെയ്യാനും ട്രാൻസലേറ്റ് ചെയ്യാനും ഫയലുകൾ കൈമാറാനുമെല്ലാം ഗൂഗിൾ ഉത്പന്നങ്ങൾ മുൻപന്തിയിലാണ്. ദൂര വ്യാപകമായ ആശയവിനിമയം ഇവയുടെ പ്രധാന സവിശേഷതയാണ്. ദ്രുത ഗതിയിൽ ആശയവിനിമിയം സാധ്യമാകുന്നതിനാൽ തന്നെ ലോകത്തെ ആശയവിനിമയ പരിമിതികൾ മറികടക്കാൻ ഇവയ്ക്ക് പൂർണമായും സാധിക്കുന്നു എന്ന് തന്നെ പറയാം. ജനങ്ങൾക്കിടയിലെ ബന്ധം ശക്തമാക്കാനും ആശയവിനിമയ രംഗത്ത് പുതിയ ദിശാ ബോധം ഉയർത്താനും ഗൂഗിൾ ഉത്പന്നങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

ഗൂഗിൾ മികച്ച മാറ്റങ്ങൾ കാഴ്ച്ചവച്ച് മുന്നേറുമ്പോൾ ഇവ ഉപയോക്തൃ അനുഭവവും, സാങ്കേതിക പരിജ്ഞാനവും വർധിപ്പിക്കുന്നുവെന്ന് കാണാനാകും. ഗൂഗിൾ സേവനങ്ങളുടെ സുരക്ഷിതത്വവും, സൗജന്യ സേവനങ്ങളും ജനങ്ങൾക്കിടയിൽ അവയുടെ ഉപയോഗം അടിക്കടി ഉയരുന്നതിനുള്ള ഒരു കാരണം കൂടിയാകുന്നുണ്ട്. എല്ലാമേഖലകളിലും പുതു സാധ്യതകൾ എത്തിക്കാൻ ഇന്ന് ഗൂഗിൾ പ്രതിജ്ജാബന്ധമായി തന്നെ പ്രവർത്തിക്കുന്നു.

ഗൂഗിൾ ഉത്പന്നങ്ങൾ ഉപയോക്താക്കളുടെ ജീവിതം മെച്ചപ്പെടുത്തുകയും കരിയറിൽ മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. സ്മാർട്ട് ഫോണുകളിലും കംപ്യൂട്ടറുകളിലും ലോകം കീഴ്മേൽ മറിയുന്ന ഈ കാലഘട്ടത്തിൽ ഒഴിച്ചു കൂടാനാവാത്ത ഘടകം എന്നു തന്നെ വേണം ഗൂഗിൾ ഉത്പന്നങ്ങളെ വിശേഷിപ്പിക്കാൻ. ●




# സ്വയം ജോലി ചെയ്തു വരുമാനം: സ്മാർട്ട്ഫോൺ മാത്രം മതി

റിൻസി ജോൺ

ജീവിതത്തിൽ എപ്പോഴെങ്കിലും ഒരു വരുമാനമില്ലാതെ വിഷമിച്ചിട്ടില്ലാത്തവർ ചുരുക്കമായിരിക്കും. സർക്കാർ ജോലിയോ പ്രൈവറ്റ് കമ്പനി ജോലിയോ ഇല്ലാതെ നിന്ന അവസ്ഥ വന്നവർക്കുവേണ്ടിയാണ് ഈ ലേഖനം. മലയാളം അറിയാവുന്നവർക്കും ഇംഗ്ലീഷ് അറിയാവുന്നവർക്കും അത്യാവശ്യം കംപ്യൂട്ടർ അറിയാവുന്നവർക്കും ഈ കുറിപ്പ് പ്രയോജനപ്പെടും.




### കമ്പനി ജോലികൾ ഉള്ളപ്പോൾ ഈ ലേഖനത്തിന്റെ പ്രസക്തി എന്താണെന്നാണോ?

കമ്പനിയിൽ പോയി ജോലി ചെയ്യാനുള്ള സാഹചര്യം ഇല്ലാത്തവർക്കും ജോലിയിൽ സ്വാതന്ത്ര്യം ആഗ്രഹിക്കുന്നവർക്കും മാത്രമുള്ള ഒരു ലേഖനമാണിത്.

### കമ്പനി ജോലികൾ ചെയ്യുമ്പോൾ നേരിടുന്ന പ്രശ്നം എന്താണ്?

ഒരു സ്വാതന്ത്ര്യം ഉണ്ടാവില്ല അല്ലേ. ഒരു ബോസ്സിന്റെ നിർദേശങ്ങൾക്കനുസരിച്ച് ജോലി ചെയ്യേണ്ടി വരും. അവധി എടുക്കാൻ അനുവാ




**ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, യൂട്യൂബ് പോലെയുള്ള സോഷ്യൽ മീഡിയ ആപ്പുകൾ ഉപയോഗിക്കാൻ ഇഷ്ടമുള്ളവരാണ് നമ്മിലോരോരുത്തരും. സോഫ്റ്റ് സ്കിൽ ഉള്ളവർക്ക് ഇതിൽ നിന്നും ഒരു വരുമാനം കണ്ടെത്താനാകും.**

ദം തേടണം. അതുമൂലം വ്യക്തിപരമായ പല പ്രശ്നങ്ങളും ഉണ്ടാവാറുണ്ട്. 24/7 ജോലിയാണെങ്കിൽ പിന്നെ പറയേണ്ടതില്ല. പെർഫോമൻസ് കൂട്ടാനായി പലരും നന്നായി പണിയെടുക്കും. ഇതെഴുതുന്ന ഞാനും വ്യത്യസ്ഥയൊന്നുമായിരുന്നില്ല. ഐടി ജോലിയാണെങ്കിൽ പ്രത്യേകിച്ചും സമ്മർദ്ധത്തിന് ഒരു കുറവുമുണ്ടാവില്ല. ആരോഗ്യ പ്രശ്നങ്ങൾ മറ്റൊരു വഴി പിറകേ വരും. ഒരു സമാധാനം ഉണ്ടാവില്ല എന്ന് ചുരുക്കം.

### ഇതിന് എന്താണ് ഒരു പ്രതിവിധി?

സ്വയം ഒരു ജോലി കണ്ടെത്താൻ കഴിഞ്ഞാലോ. എങ്ങനെ ഒരു ജോലി കണ്ടെത്താം. അതിന് ലാപ്ടോപ്പൊക്കെ ആവശ്യമല്ലേ. ഇവിടെയാണ് നാം സ്മാർട്ട് ആവേണ്ടത്. കയ്യിൽ ഒരു സ്മാർട്ട് ഫോണുണ്ടോ? എന്തുകൊണ്ട് അതൊരു വരുമാനമാർഗമായി കണ്ടുകൂടാ?

### അതെങ്ങനെ എന്നാവും

ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, യൂട്യൂബ് പോലെയുള്ള സോഷ്യൽ മീഡിയ ആപ്പുകൾ ഉപയോഗിക്കാൻ ഇഷ്ടമുള്ളവരാണ് നമ്മിലോരോരുത്തരും. സോഫ്റ്റ് സ്കിൽ ഉള്ളവർക്ക് ഇതിൽ നിന്നും ഒരു വരുമാനം




കണ്ടെത്താനാകും. എന്നാൽ വ്യക്തിപരമായ കാര്യങ്ങൾ ഒരു പബ്ലിക് പ്ലാറ്റ്ഫോമിൽ ഷെയർ ചെയ്യുമ്പോൾ അത് പല പ്രശ്നങ്ങളുമുണ്ടാക്കാൻ ഇടയാകും.

### അങ്ങനെ വരുമ്പോൾ മറ്റെന്താണ് വഴി?

സ്വന്തം കഴിവുകളെ തിരിച്ചറിയണം. മലയാളം എഴുതാനും വായിക്കാനും അറിയാമോ? ഇംഗ്ലീഷോ? കംപ്യൂട്ടറിനെ പറ്റി എന്തറിയാം? മൈക്രോസോഫ്റ്റ് വേഡ് പോലെയുള്ള ടൂളുകൾ ഉപയോഗിക്കാൻ അറിയാമോ? എങ്കിൽ പിന്നെ മറ്റൊന്നും നോക്കേണ്ട. സ്വയം ജോലി കണ്ടെത്താൻ തയ്യാറെടുക്കാം.

### സ്വയംതൊഴിൽ കണ്ടെത്താൻ എന്ത് ചെയ്യണം?

പ്ലേസ്റ്റോറിൽ നിന്നോ ആപ്സ്റ്റോറിൽ നിന്നോ ഫ്രീലാൻസ് ചെയ്യാനുള്ള ഒരു ആപ്പ് ഇൻസ്റ്റാൾ ചെയ്യണം. നിരവധി ആപ്പുകൾ ലഭ്യമാണ്. ഫ്രീലാൻസർ, അപ്പ് വർക്ക്, ട്രൂലാൻസർ എന്നിവ അവയിൽ ചിലതാണ്. സ്വയം ജോലി ചെയ്യുമ്പോൾ ആപ്പിൽ നിന്ന് വരുമാനം കിട്ടാൻ ജിഎസ്ടി നമ്പർ നൽകേണ്ടിവരും.

### ആദ്യം ആപ്പിൽ രജിസ്റ്റർ ചെയ്യണം.

ഓരോ ആപ്പിലും പ്രൊഫൈൽ പേജ് ഉണ്ടായിരിക്കും. പ്രൊഫൈൽ പേജിൽ സ്വന്തം വിവരങ്ങളെല്ലാം കൊടുക്കുക.

എന്താണ് പഠിച്ചത്, എവിടെയാണ് പഠിച്ചത്, ഓരോന്നിന്റെയും സ്കോർ വിവരങ്ങൾ, എവിടെയെങ്കിലും ജോലി ചെയ്തിട്ടുണ്ടോ, എവിടെയാണ് ജോലി ചെയ്തത്, എന്തെല്ലാം ജോലിയാണ് ചെയ്തത്, കഴിവുകൾ എന്തൊക്കെയാണ്, ഓരോ കഴിവിലും എത്ര നാളത്തെ എക്സ്പീരിയൻസ് ഉണ്ട് എന്ന് തുടങ്ങി ആവശ്യമായ വിവരങ്ങൾ നൽകുക.

ഇങ്ങനെ ചെയ്യുമ്പോൾ പ്രധാനമായും ശ്രദ്ധിക്കേണ്ട കാര്യം ഇപ്പറയുന്നവയാണ്. ചുരുങ്ങിയ വാക്കുകളിൽ സ്വയം ഒരു ആമുഖം കൊടുക്കേണ്ടതുണ്ട്. സ്വയം എന്ന് പറയുമ്പോൾ വ്യക്തിപരമായ കാര്യങ്ങളല്ല, ജോലി സംബന്ധമായ കാര്യങ്ങൾ.

പ്രൊഫൈൽ അപ്ഡേറ്റ് ചെയ്തുകഴിയുമ്പോൾ ആപ്പിന്റെ ഡാഷ് ബോർഡ് പേജിൽ കഴിവുകൾക്ക് മാച്ച് ആവുന്ന ജോബുകൾ വരുന്നതാണ്.

### ഓരോ ജോബും വായിച്ചു നോക്കി ആവശ്യമായ ജോബ് തിരഞ്ഞെടുക്കണം.

ഓരോ ജോബിലും അത് പോസ്റ്റ് ചെയ്ത ക്ലയന്റ് ജോബിനെ പറ്റി വിവരിച്ചിട്ടുണ്ടാവും. അതോടൊപ്പം തന്നെ ജോബിന്റെ പേമെന്റ് വിവരങ്ങളും കാണും.



**ജോലി കണ്ടെത്താൻ ബയോഡേറ്റ ആവശ്യമാണ്. അത്യാവശ്യം നിലവാരമുള്ള റെസ്യൂം നിർമ്മിക്കാൻ സ്മാർട്ട്ഫോൺ ആപ്പുകളെ ആശ്രയിക്കാം. ഉദാഹരണം, റെസ്യൂം ബിൽഡർ.**

## ജോലിയും പേമെന്റും സമയവും ഒത്തു വന്നാൽ അല്ലെ ചെയ്യാവുന്നതാണ്.

അല്ലെ ചെയ്യുന്ന എല്ലാ ജോബും കിട്ടണമെന്നില്ല. ആപ്പിൽ ഒരു ഫ്രീ യൂസറായിട്ടാണ് രജിസ്റ്റർ ചെയ്തതെങ്കിൽ വളരെ കുറച്ചു ജോലികൾ മാത്രമേ ഡാഷ്ബോർഡിൽ വരൂ. പേമെന്റ് ചെയ്തു രജിസ്റ്റർ ചെയ്താൽ കൂടുതൽ അവസരങ്ങൾ ലഭിക്കും. ഒരു ക്ലയന്റ് സമീപിക്കുമ്പോൾ എല്ലാ നിബന്ധനകളും വ്യക്തമായി മുൻകൂട്ടി സംസാരിക്കണം. നിബന്ധനകൾ എന്ന് പറയുമ്പോൾ വർക്ക് എങ്ങനെ എപ്പോൾ പൂർത്തിയാക്കി നൽകും, പേമെന്റ് തുടങ്ങിയ കാര്യങ്ങൾ.

ഒരു വിഭാഗം, ആപ്പിനു പുറത്ത് വർക്ക് തരുന്നവരാണ്. ആപ്പ് മുഖേന വർക്ക് ചെയ്യുമ്പോൾ എല്ലാം ട്രാക്കിംഗ് ആയിരിക്കും. അതൊരുതരത്തിൽ സുരക്ഷിതമാണ്. മറ്റൊരുതരത്തിൽ ദോഷമാണ്. കാരണം, പേമെന്റ് വരുമ്പോൾ പൂർത്തിയാക്കിയ വർക്കിന്റെ പേമെന്റിൽ നിന്നും അല്പം പണം ആപ്പ് തന്നെ പിൻവലിക്കാറുണ്ട്. വിശ്വസ്തരായ കസ്റ്റമർ അഥവാ ക്ലയന്റ് ആണെങ്കിൽ ആപ്പിന് പുറത്ത് വർക്ക് ചെയ്തു കൊടുക്കാം.






## ആശയവിനിമയം നടത്താൻ

ആപ്പിൽ ആശയവിനിമയം നടത്താൻ മെസഞ്ചർ ഉണ്ടാവും. ആപ്പിന് പുറത്ത് ആശയവിനിമയം ചെയ്യാൻ ജിമെയിൽ, സ്കൈപ്പ്, ഗൂഗിൾമീറ്റ്, സൂം, ജിറ്റ്സി, ജോയിൻമി പോലെയുള്ള ആപ്പുകൾ ഉപയോഗിക്കാം. വാട്സ്ആപ്പ്, ടെലഗ്രാം തുടങ്ങിയവയും ഉപയോഗിച്ചു കാണുന്നു. ആപ്പിനു പുറത്ത് വർക്ക് ചെയ്യുമ്പോൾ ആദ്യം ചെറിയ ജോലികൾ മാത്രം കണ്ടെത്തി ചെയ്തു തുടങ്ങണം. പേമെന്റ് കിട്ടിയാൽ മാത്രം മുൻപോട്ടു പോകാം.

## ബയോഡേറ്റ അഥവാ റെസ്യൂം


ജോലി കണ്ടെത്താൻ ബയോഡേറ്റ ആവശ്യമാണ്. അത്യാവശ്യം നിലവാരമുള്ള റെസ്യൂം നിർമ്മിക്കാൻ സ്മാർട്ട്ഫോൺ ആപ്പുകളെ ആശ്രയിക്കാം. ഉദാഹരണം, റെസ്യൂം ബിൽഡർ. ആപ്പിൽ ആവശ്യമായ വിവരങ്ങൾ നൽകി ഒരു ഫോർമാറ്റ് തിരഞ്ഞെടുത്താൽ ആപ്പ് തന്നെ പിഡിഎഫ് രൂപത്തിലോ മറ്റോ ബയോഡേറ്റ ചെയ്തുതരും.

## പോർട്ട്ഫോളിയോ

ബയോഡേറ്റയോടൊപ്പം തന്നെ സ്വന്തം കഴിവുകളെ ഡിജിറ്റലായി അവതരിപ്പിക്കുവാനാണ് പോർട്ട്ഫോളിയോ. പോർട്ട്ഫോളിയോ തയ്യാറാക്കാൻ ലിങ്ക്ഡ്ഇൻ, വേർഡ്പ്രസ് പോലെയുള്ള ആപ്പുകൾ ഉപ




**മലയാളത്തിൽ നിന്നും ഇംഗ്ലീഷിലേക്കും ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്കും എന്ന് തുടങ്ങി അറിയാവുന്ന ഭാഷകളിൽ ട്രാൻസ്ലേഷൻ ചെയ്ത് സ്മാർട്ട് ഫോൺ വഴി വരുമാനം കണ്ടെത്താം.**




യോഗിക്കാം. ലിങ്ക്ഡ്ഇൻ ഉപയോഗിച്ചാൽ നിരവധി ജോലികൾ ലഭിക്കുവാനും അപേക്ഷിക്കുവാനും എളുപ്പമാണ്.

## ജോലികൾ എവിടെ സൂക്ഷിക്കണം

ഫോണിൽ ഫയലുകൾ സൂക്ഷിക്കുന്നത് സുരക്ഷിതമല്ല. ഫോൺ പ്രവർത്തനരഹിതമായാൽ ചെയ്ത ജോലികൾ നഷ്ടമാവാനുള്ള സാധ്യതയുണ്ട്. എപ്പോഴും ഗൂഗിൾ ഡ്രൈവ് പോലെയുള്ള ആപ്പുകളിൽ ഫയലുകൾ സേവ് ചെയ്യണം. ഒരു ഗൂഗിൾ അക്കൗണ്ട് ഉണ്ടെങ്കിൽ എല്ലാ ഫയലുകളും എവിടെ നിന്നും ഓപ്പൺ ചെയ്തുപയോഗിക്കാൻ കഴിയും.

## ജോലി സമയം എങ്ങനെ ട്രാക്ക് ചെയ്യാം

സാധാരണ ഓഫീസ് ജോലിയല്ലാത്തതുകൊണ്ടു തന്നെ ജോലി സമയം റെക്കോർഡ് ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇതിനായി ക്ലോക്കിഫൈ പോലെയുള്ള ഒട്ടനവധി ആപ്പുകൾ പ്ലേസ്റ്റോറിലും ആപ്പ് സ്റ്റോറിലും ഉണ്ടായിരിക്കും.

## വരുമാനം എങ്ങനെ നിരീക്ഷിക്കാം?

ജോലി ചെയ്യുന്നതിനോടൊപ്പം തന്നെ പരമപ്രധാനമായ മറ്റൊരു കാര്യമാണ് വരുമാനം നിരീക്ഷിക്കുക എന്നത്. ഇതിനായി പേവൈസ് പോലെയുള്ള ഒട്ടനവധി ആപ്പുകളും ലഭ്യമാണ്.

## എഐയുടെ ഉപയോഗം

ജോലി എളുപ്പമാക്കാൻ എഐ ഉപയോഗിക്കാം. മറിച്ച്, ജോലി ചെയ്യാൻ തന്നെ എഐ ഉപയോഗിക്കുന്നതിൽ അർത്ഥമില്ല. ചെയ്യുന്ന കാര്യങ്ങൾ യാന്ത്രികമാവാൻ പാടില്ല.

## വരുമാനം എങ്ങനെ ലഭിക്കും?

ബാങ്ക് ട്രാൻസ്ഫർ, ഗൂഗിൾപേ, ഫോൺപേ, പേപാൽ, വെസ്റ്റേൺ യൂണിയൻ തുടങ്ങി അനവധി ഓപ്ഷനുകൾ ഉണ്ടായിരിക്കും.

**കമ്പനി ജോലിയും സ്മാർട്ട് ഫോൺ ജോലിയും : ഒരു താരതമ്യം**

കമ്പനി ജോലികളിൽ പ്രതിമാസ വരുമാനമായിരിക്കും. ഫ്രീലാൻസ് ചെയ്യുമ്പോൾ പ്രതിദിനം, ആഴ്ചതോറും, പ്രതിമാസം എന്നിങ്ങനെ അനവധി മാർഗങ്ങളുണ്ട്.

കമ്പനി ജോലികളിൽ സ്ഥിര വരുമാനം ഉണ്ടാകും. ഫ്രീലാൻസ് വരുമാനം ഏറിയും കുറഞ്ഞുമിരിക്കും.

## ഡേറ്റാ കളക്ഷൻ ജോലികൾ

ക്ലയന്റ് ആവശ്യപ്പെടുന്ന വിവരങ്ങൾ ഇന്റർനെറ്റിൽ നിന്നും ശേഖരിച്ച് ആവശ്യപ്പെടുന്ന രൂപത്തിൽ നൽകണം. ഇതിനായി മൈക്രോസോഫ്റ്റിന്റെയും, ഗൂഗിളിന്റെയും ആപ്പുകൾ പ്രയോജനപ്പെടുത്താം. ടേബിൾ രൂപത്തിൽ ഡേറ്റ കൈകാര്യം ചെയ്യാൻ ഗൂഗിൾ ഷീറ്റ് ഉപയോഗിക്കാവുന്നതാണ്. ലൈവ് ആയി വർക്ക് ചെയ്യാൻ കഴിയുമെന്നതാണ് ഗൂഗിൾ ആപ്പുകളുടെ സുപ്രധാനമായ ഒരുപയോഗം.

## ട്രാൻസ്ലേഷൻ ജോലികൾ

മലയാളത്തിൽ നിന്നും ഇംഗ്ലീഷിലേക്കും ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്കും എന്ന് തുടങ്ങി അറിയാവുന്ന ഭാഷകളിൽ ട്രാൻസ്ലേഷൻ ചെയ്ത് സ്മാർട്ട് ഫോൺ വഴി വരുമാനം കണ്ടെത്താം. കസ്റ്റമറിന്റെ ആവശ്യമനുസരിച്ച് ജോലി ചെയ്തു കൊടുക്കാൻ കഴിയണമെന്നു മാത്രം. ആവശ്യമെങ്കിൽ മാത്രം ഗൂഗിൾ ട്രാൻസ്ലേറ്ററിന്റെ സഹായം തേടാം.

## ടൈപ്പിംഗ് ജോലികൾ

മൈക്രോസോഫ്റ്റ് വേഡ്, എക്സൽ, പവർപോയിന്റ് തുടങ്ങിയ ആപ്പുകൾ ഉപയോഗിച്ച് ടൈപ്പിംഗ് ചെയ്തു വരുമാനം കണ്ടെത്താം. ഗൂഗിൾ ആപ്പുകളും ഉപയോഗിക്കാം. വേറെയും ഒട്ടേറെ ആപ്പുകൾ ലഭ്യമാണ്. നൂതന സാങ്കേതികവിദ്യ കണ്ടെത്താനും അവ ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാനുമുള്ള ജിജ്ഞാസയാണ് പ്രധാനം. അങ്ങനെ വരുമ്പോൾ സ്വയം വളരാനും ലോകത്തിനൊപ്പം മുൻപോട്ട് സഞ്ച




**കംപ്യൂട്ടർ പ്രോഗ്രാമിംഗ്, സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ് എന്നിവ അറിയാവുന്നവർക്ക് സ്വന്തമായി ജോലി കണ്ടെത്തി ചെയ്യാവുന്നതാണ്. സോഫ്റ്റ്‌വെയർ ജോലികൾ ആയതുകൊണ്ട് തന്നെ വിദേശത്തുനിന്നും പ്രോജക്ടുകൾ ലഭിക്കും.**

രിക്കാനും കഴിയും.


കസ്റ്റമർ തരുന്ന ചിത്രങ്ങളോ ഓഡിയോ അല്ലെങ്കിൽ വീഡിയോ ക്ലിപ്പുകളോ കൃത്യമായി വേഗത്തിൽ ടൈപ്പ് ചെയ്ത് നൽകുകയാണ് ലക്ഷ്യം. ഒരു വാക്കിന് റേറ്റ് ഉറപ്പിച്ചു വേണം ടൈപ്പിംഗ് വർക്ക് എടുക്കേണ്ടത്. ഫ്രീലാൻസ് സ്റ്റാൻഡേർഡ് അനുസരിച്ച് ബയോഡേറ്റ താരതമ്യം ചെയ്ത് റേറ്റ് ഉറപ്പിക്കാം.

## എഴുതാൻ അറിയാവുന്നവരാണോ?

മലയാളമോ ഇംഗ്ലീഷോ ഏതു ഭാഷയും ആയിക്കോട്ടെ. ഫോണിൽ ഗൂഗിൾ പ്ലേ സ്റ്റോർ ഓപ്പൺ ചെയ്യുക. ഐഫോണിൽ ആപ് സ്റ്റോർ ഓപ്പൺ ചെയ്യാം. ഗൂഗിൾ ഡോക്സ് സെർച്ച്ചെയ്ത് ഇൻസ്റ്റാൾ ചെയ്യാം.

## എഴുതുന്ന ജോലികൾ എങ്ങനെ ചെയ്യണം?

കസ്റ്റമർ എഴുതാനായി വിഷയം തരും. എത്ര വാക്കുകൾ, ഒരു വാക്കിന് റേറ്റ് എത്ര, സബ്മിറ്റ് ചെയ്യേണ്ടത് എപ്പോൾ തുടങ്ങിയ വിവരങ്ങൾ പറഞ്ഞിരിക്കും. സ്വന്തമായി വിഷയം തിരഞ്ഞെടുക്കാനും ഒരു ചില പ്രസിദ്ധീകരണങ്ങൾ അനുവദിക്കാറുണ്ട്. സ്വയം പരിജ്ഞാനം ഉള്ള വിഷയത്തെപ്പറ്റി എഴുതുന്നതാണ് അത്യുത്തമം. സ്വന്തം ശൈലിയിൽ എഴുതുമ്പോൾ കൂടുതൽ വായനക്കാരെ ആഘർഷിക്കാം. ഇന്റർനെറ്റിൽ നിന്നും അതേപടി പകർത്താൻ പാടില്ല എന്ന് ചുരുക്കം. പുതിയ വിഷയമാണെങ്കിൽ പ്പോലും വായിച്ചു മനസ്സിലാക്കിയ വസ്തുതകൾ വേണം സ്വന്തം വാക്കുകളിൽ പകർത്താൻ.



## മലയാളത്തിൽ എഴുതാൻ

മംഗ്ലീഷ് കീബോർഡ് പോലെയുള്ള ഏതെങ്കിലും മലയാളം കീബോർഡുകൾ പ്ലേസ്റ്റോറിൽ നിന്ന് ഇൻസ്റ്റാൾ ചെയ്യാം. പറഞ്ഞുകൊടുത്താൽ ടൈപ്പ് ചെയ്യുന്ന കീബോർഡുകളും ഉണ്ട്. സ്വന്തം സമയം മനസ്സിലാക്കി ആവശ്യമായ കീബോർഡ് തിരഞ്ഞെടുക്കാം. മലയാളത്തിൽ എഴുതുമ്പോൾ ഭാഷയും ശൈലിയും ശ്രദ്ധിക്കണം.

## ഇംഗ്ലീഷിൽ എഴുതാൻ

സ്പെല്ലിങ്ങും ഗ്രാമറും എഴുതുമ്പോൾ തന്നെ ചെക്ക് ചെയ്യാൻ കഴിയുന്ന ഏതെങ്കിലും ഒരു കീബോർഡ് ഇൻസ്റ്റോൾ ചെയ്യണം. ഇങ്ങനെ ചെയ്യുന്നത് തെറ്റുകൾ ഒരു പരിധിവരെ ഒഴിവാക്കാൻ സഹായിക്കും.


## സോഫ്റ്റ്‌വെയർ ജോലികൾ ചെയ്യുന്നതെങ്ങനെ?

കംപ്യൂട്ടർ പ്രോഗ്രാമിംഗ്, സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ് എന്നിവ അറിയാവുന്നവർക്ക് സ്വന്തമായി ജോലി കണ്ടെത്തി ചെയ്യാവുന്നതാണ്. സോഫ്റ്റ്‌വെയർ ജോലികൾ ആയതുകൊണ്ട് തന്നെ വിദേശത്തുനിന്നും പ്രോജക്ടുകൾ ലഭിക്കും. സോഫ്റ്റ്‌വെയർ മേഖലയെന്നല്ല, എല്ലാ മേഖലകളിൽ നിന്നും നല്ല വരുമാനമുള്ള ജോലികൾ വിദേശത്തുനിന്നും ലഭിക്കും. ഒരു സോഫ്റ്റ്‌വെയർ ഡെവലപ്പറാണെങ്കിൽ പ്രോഗ്രാമിംഗ് പ്രോജക്ടുകൾ എടുക്കാവുന്നതാണ്. മറിച്ച്, സോഫ്റ്റ്‌വെയർ ടെസ്റ്ററാണെങ്കിൽ ടെസ്റ്റിംഗ് ജോലികൾ കണ്ടെത്തണം.

സോഫ്റ്റ്‌വെയർ പ്രോഗ്രാമിംഗിന് നിരവധി ആപ്പുകൾ സ്മാർട്ട് ഫോണിൽ ഇൻസ്റ്റോൾ ചെയ്യാം. എച്ച്ടിഎംഎൽ, സിഎസ്എസ്, ജെഎസ് തുടങ്ങി എല്ലാ ഫ്രെയിംവർക്കുകൾക്കും ആപ്പുകൾ പ്ലേസ്റ്റോറിൽ നിന്നോ ആപ്സ്റ്റോറിൽ നിന്നോ കണ്ടെത്താം. സോഫ്റ്റ്‌വെയർ ടെസ്റ്റിംഗിന് ആപ്പുകളും സൈറ്റുകളും ഉണ്ട്. ടെസ്റ്റിംഗിൽ ബഗ്ഗുകൾ റെക്കോർഡ് ചെയ്യാൻ 'ജിര' പോലെയുള്ള ആപ്പുകൾ കാണാം.

## ഫ്രീലാൻസിങ്ങിലെ വെല്ലുവിളികൾ

സ്വയം ബോസായിരിക്കാനും ജോലിയിൽ സ്വാതന്ത്ര്യമുണ്ടാകുവാനും ഫ്രീലാൻസിംഗ് നല്ലതാണെങ്കിലും അവിടെയും വെല്ലുവിളികളില്ലാതെയില്ല. ആയതുകൊണ്ട് തന്നെ പരാജയപ്പെട്ടു പോകാനുള്ള സാധ്യതകൾ ഏറെയാണ്. ഈ വെല്ലുവിളികളെ



**കമ്പനിയിൽ മിനിമം സമയം ഹാജറുണ്ടെങ്കിൽ അന്നത്തെ ശമ്പളം ഉറപ്പാണ്. എന്നാൽ ഫ്രീലാൻസ് ചെയ്യുമ്പോൾ ജോലി സമയം പൂർണ്ണമായും വിനിയോഗിക്കേണ്ടതുണ്ട്.**




മനസ്സിലാക്കി മുന്നോട്ടുപോകേണ്ടതുണ്ട്.

## അസ്ഥിര വരുമാനം

ഒരു സ്ഥിര വരുമാനമില്ലായ്മയാണ് ഈ മേഖലയിലെ സുപ്രധാന വെല്ലുവിളി.

പ്രതിമാസം ഒരു നിശ്ചിത തുക സമ്പാദിക്കാനാവില്ല എന്ന് ചുരുക്കം. എന്നാലിത് ഫ്രീലാൻസറിനെയും ക്ലയന്റിനെയും ആശ്രയിച്ചിരിക്കും. കഴിവുറ്റ ഒരു ഫ്രീലാൻസറും ജോലിയുടെ നിലവാരമനുസരിച്ച് പേമെന്റ് ചെയ്യുന്ന ഒരു ക്ലയന്റുമാണെങ്കിൽ ദീർഘകാല ജോലി സാധ്യതയുണ്ടാവും. ചില മാസങ്ങൾ ധാരാളം പ്രോജക്റ്റും വരുമാനവും നേടി തന്നേക്കാം. അതേ സമയം മറ്റു ചില മാസങ്ങളിൽ പ്രോജക്റ്റുകൾ ഇല്ലാതെയും വരും.

ഇതു മറികടക്കാൻ ശരിയായ ഒരു ബഡ്ജറ്റ് പ്ലാൻ വേണം. പ്രത്യേകിച്ചും എമർജൻസി ഫണ്ട് കരുതിയിട്ടുണ്ടാവണം. ഇക്കാര്യങ്ങൾ ശ്രദ്ധിച്ചാൽ സമ്മർദ്ദങ്ങളെ മറികടക്കാം.

## ഉടമ്പടി അഥവാ കോൺട്രാക്റ്റ്

ഒരു ഉടമ്പടിയില്ലാതെ വിശ്വാസത്തിലൂന്നി ജോലി ചെയ്യേണ്ട സാഹചര്യങ്ങൾ വന്നേക്കാം. ചെയ്യുന്ന ജോലികൾ പരിഗണിക്കപ്പെടാതെ വരാറുണ്ട്. ആയതിനാൽ ആപ്പുകളിൽ രജിസ്റ്റർ ചെയ്തു ജോലി ചെയ്യുന്നതാണ് സുരക്ഷിതം.

## ഒറ്റപ്പെടൽ

തനിയെ ജോലി ചെയ്യുമ്പോൾ ഒറ്റപ്പെടലുണ്ടാവാനുള്ള സാധ്യതകളേറെയാണ്. പരസഹായം ഇല്ലാതെ സ്വന്തം നിലയിൽ ജോലി ചെയ്യേണ്ടിവരും. ഈ വെല്ലുവിളിയെ അതിജീവിക്കാൻ കഴിയുന്നവർക്കേ ഈ മേഖലയിൽ തുടരാനാവൂ. പിന്തുണയ്ക്കായി കുടുംബത്തെയും സൗഹൃദങ്ങളെയും ആശ്രയിക്കാം. ജോലി സംബന്ധമായ അനവധി കൂട്ടായ്മകളെയും നിലനിർത്തി കൊണ്ടു പോകേണ്ടതുണ്ട്. Quora, Reddit, Stackoverflow തുടങ്ങിയവ. കടന്നുവരുന്ന സാഹചര്യങ്ങളിൽ നിന്നും പരിചയപ്പെടുന്ന വ്യക്തികളിൽ നിന്നും പഠിക്കുകയെന്നത് പരമപ്രധാനമാണ്.

## സമയ ക്രമീകരണം

കമ്പനിയിൽ മിനിമം സമയം ഹാജറുണ്ടെങ്കിൽ അന്നത്തെ ശമ്പളം ഉറപ്പാണ്. എന്നാൽ ഫ്രീലാൻസ് ചെയ്യുമ്പോൾ ജോലി സമയം പൂർണ്ണമായും വിനിയോഗിക്കേണ്ടതുണ്ട്. എത്രമാത്രം ജോലി ചെയ്യുന്നുവോ അത്രയും അറിവും വരുമാനവും വർദ്ധിക്കും. സമ്മർദ്ദങ്ങളില്ലാതെ ജോലിയോടൊപ്പം വ്യക്തിജീവിതം സന്തുലിതമാക്കാൻ സമയ ക്രമീകരണം ഉപകരിക്കും.

## ക്ലയന്റ് മാനേജ്മെന്റ്

ആശയവിനിമയത്തിൽ വരുന്ന അപാകതകൾ, അപ്രതീക്ഷിത സാഹചര്യങ്ങൾ, വൈകി വരുന്ന വരുമാനം എന്നിവയും മറ്റൊരു കടമ്പയാണ്. ദീർഘകാല അടിസ്ഥാനത്തിൽ ശരിയായ ക്ലയന്റ് ഉണ്ടാവേണ്ടത് അത്യാവശ്യമാണ്. എന്തെങ്കിലും പ്രശ്നങ്ങളുണ്ടാവുമ്പോൾ എത്രയും പെട്ടെന്ന് ശരിയായ രീതിയിൽ പരിഹരിച്ചു കൊണ്ടു പോകണം.

## ചാർജുകൾ കുറയ്ക്കുന്നതും കൂട്ടുന്നതും

ചാർജുകൾ കുറച്ച് ജോലികൾ നേടിയെടുക്കാൻ പലരും ശ്രമിക്കാറുണ്ട്. ഇങ്ങനെ ചെയ്യുന്നതിൽ ഒരർത്ഥവുമില്ല. നിലനിൽപ്പിനെ ബാധിക്കാത്ത തരത്തിൽ സ്വന്തം കഴിവിനും മുൻ പരിചയത്തിനുമനുസരിച്ച് ചാർജുകൾ നിശ്ചയിക്കേണ്ടതുണ്ട്. ഗവേഷണം നടത്തി ഫ്രീലാൻസ് നിലവാരമനുസരിച്ച് ചാർജുകൾ





**ഫ്രീലാൻസ് ചെയ്യുമ്പോൾ ദുർബലമായ വൈ ഫൈ നെറ്റ്വർക്കുകൾ ധാരാളമായി ഉപയോഗിച്ചു കാണുന്നു. സെൻസിറ്റീവ് ആയ വിവരങ്ങളും ക്യാഷ് ട്രാൻസ്ഫറുകളും പബ്ലിക് വൈഫൈ ഉപയോഗിച്ച് നടത്തരുത്.**

ക്രമീകരിക്കണം.

## സുരക്ഷയും സ്വകാര്യതയും : ചില പൊടിക്കൈകൾ

### വ്യക്തിപരമായ കാര്യങ്ങൾ

ഡിജിറ്റൽ യുഗത്തിൽ നേരിടേണ്ടിവരുന്ന പ്രധാന പ്രശ്നമാണ് പ്രൈവസി. ബയോഡേറ്റ ഷെയർ ചെയ്യുമ്പോൾ സുരക്ഷ ഉറപ്പാക്കേണ്ടതുണ്ട്.

### പാസ്സ്‌വേർഡ്

ഡിജിറ്റലായി ഷെയർ ചെയ്യുന്ന വിവരങ്ങൾക്ക് സങ്കീർണമായ പാസ്‌വേഡ് സെറ്റ് ചെയ്യേണ്ടതുണ്ട്. കുറഞ്ഞത് 12 അക്ഷരങ്ങൾ ഉണ്ടാവണം. ക്യാപ്പിറ്റൽ ലെറ്ററുകൾ, സ്മോൾ ലെറ്ററുകൾ, നമ്പറുകൾ സിംബലുകൾ എന്നിവയുണ്ടാവണം. മറ്റുള്ളവർക്ക് ഊഹിച്ചെടുക്കാൻ കഴിയാത്ത തരം പാസ്സ്‌വേർഡ് സെറ്റ് ചെയ്യണം. ഒരേ പാസ്സ്‌വേർഡ് എല്ലായിടത്തും ഉപയോഗിക്കാൻ പാടില്ല.

### 2FA (2 ഫാക്ടർ അതെന്റിക്കേഷൻ)

2FA അഥവാ രണ്ടു തരത്തിലുള്ള ഡിജിറ്റൽ സുരക്ഷ. പാസ്സ്‌വേർഡിനു പുറമേ ഓടിപി, സ്ക്രീൻ ലോക്ക് പാറ്റേൺ തുടങ്ങിയവ സെറ്റ് ചെയ്യുന്നതിലൂടെ അധിക സുരക്ഷ ഉറപ്പാക്കാൻ കഴിയും. ഇങ്ങനെ ചെയ്യുമ്പോൾ ലോഗിൻ ചെയ്യാൻ സമയമെടുത്താലും ഹാക്കിങ്ങുകളെ ഒരു പരിധി വരെ അതിജീവിക്കാൻ കഴിയും.

### വൈഫൈ : ജാഗ്രത

ഫ്രീലാൻസ് ചെയ്യുമ്പോൾ ദുർബലമായ വൈ ഫൈ നെറ്റ്വർക്കുകൾ ധാരാളമായി ഉപയോഗിച്ചു കാണുന്നു. സെൻസിറ്റീവ് ആയ വിവരങ്ങളും ക്യാഷ് ട്രാൻസ്ഫറുകളും പബ്ലിക് വൈഫൈ ഉപയോഗിച്ച് നടത്തരുത്. വിപിഎൻ ഉപയോഗിക്കുന്നതാണ് അത്യുത്തമം. വിപിഎൻ വിവരങ്ങളെ എൻക്രിപ്റ്റ് ചെയ്യുന്നതിനാൽ ഹാക്കേഴ്സിന് വിവരങ്ങൾ വായിച്ചെടുക്കാൻ പ്രയാസമായിരിക്കും.

### ആശയവിനിമയവും വ്യക്തിപരമായ വിവരങ്ങളും

വിലാസം, പേഴ്സണൽ ഈമെയിൽ, ഫോൺ നമ്പർ തുടങ്ങിയവ ആവശ്യമെങ്കിൽ മാത്രം ഷെയർ ചെയ്യുക.

### വെബ്സൈറ്റുകളിലെ പ്രൈവസി സെറ്റിങ്ങുകൾ

ഒട്ടനവധി വെബ്സൈറ്റുകൾ ഉപയോഗിക്കേണ്ടി




വരുമ്പോൾ ഈ വെബ്സൈറ്റുകളിലെ വിവരങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടതുണ്ട്. ജോലിക്ക് ആവശ്യമായ വിവരങ്ങൾ മാത്രമേ ഷെയർ ചെയ്യേണ്ടതുള്ളൂ. സാമൂഹിക മാധ്യമങ്ങളായ ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, യൂട്യൂബ് എന്നിവയിൽ ഷെയർ ചെയ്യുന്ന പോലെ വ്യക്തിപരമായ വിവരങ്ങൾ ഷെയർ ചെയ്യാതിരിക്കാൻ ശ്രദ്ധിക്കണം.

### സുരക്ഷിതമായ പേമെന്റ് രീതികൾ

പേപാൽ, സ്ട്രൈപ്പ്, ബാങ്ക് ട്രാൻസ്ഫർ എന്നിവ സുരക്ഷിതമാണ്. ബാങ്ക് വിവരങ്ങൾ ഇമെയിൽ വഴിയോ വാട്സ്ആപ്പ് വഴിയോ മറ്റോ നേരിട്ട് ഷെയർ ചെയ്യാതെ ഒരു ടെക്സ്റ്റ് ഫയലായി ഷെയർ ചെയ്യുന്നത് നന്നായിരിക്കും.

### സോഫ്റ്റ്‌വെയർ അപ്ഡേറ്റ് : ഫോണും ആപ്പുകളും

കാലപ്പഴക്കം ചെന്ന സോഫ്റ്റ്‌വെയറുകൾ ദുർബലമാണ്. ഫോണിലെ സോഫ്റ്റ്‌വെയർ അപ്ഡേറ്റുകൾ ചെയ്യേണ്ടതുണ്ട്. ആന്റിവൈറസ് അപ്ഡേറ്റ് ചെയ്യുന്നത് നല്ലതാണ്.

### ഓൺലൈൻ തട്ടിപ്പുകൾ

ഈമെയിൽ, മെസ്സേജ് എന്നിവ വഴി ശരിയെന്ന് തോന്നിപ്പിക്കുന്ന നിരവധി അവസരങ്ങൾ വരാറുണ്ട്. ലിങ്കുകളിൽ ക്ലിക്ക് ചെയ്യുന്നതിനും വിവരങ്ങൾ പങ്കുവയ്ക്കുന്നതിനും മുൻപ് ഒരു നിമിഷം ചിന്തിക്കുക. സുരക്ഷിതമായ ആപ്പുകൾ തന്നെ വൈറസുകളെ പറ്റി മുന്നറിയിപ്പ് തരാറുണ്ട്. ഈ മുന്നറിയിപ്പുകളെ അവഗണിക്കാതിരിക്കുക.

വളരെ അടിസ്ഥാനമായ ചില കാര്യങ്ങൾ മാത്രമാണ് ഈ ലേഖനത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. ഒരു സ്മാർട്ട്ഫോൺ മാത്രം ഉപയോഗിച്ച് സ്വയം വരുമാനം കണ്ടെത്താൻ നിരവധി മാർഗ്ഗങ്ങൾ ഇനിയുമുണ്ട്. സ്മാർട്ട്ഫോൺ കയ്യിലുള്ളപ്പോൾ ജോലിയില്ല എന്ന് പറയുന്നതിന് പകരം ഇനിമുതൽ സ്വയംതൊഴിൽ എങ്ങനെ കണ്ടെത്താം എന്ന് ചിന്തിച്ചു തുടങ്ങേണ്ടിയിരിക്കുന്നു... ●

# എക്സിന് പകരക്കാരൻ

**എൻ.എൻ. രാജ്**

ലോകത്ത് ഏറ്റവും പ്രചാരമുള്ള മൈക്രോ ബ്ലോഗിംഗ് സേവനം ആണ് എക്സ്. ഇലോൺ മസ്ക് ഏറ്റെടുക്കുന്നതിന് മുമ്പ് ടിറ്റർ എന്നായിരുന്നു പേര്. 2006 ൽ ജാക്ക് ഡോസേ ആണ് അമേരിക്കയിലെ സാൻഫ്രാൻസിസ്കോ ആസ്ഥാനമായി ടിറ്ററിന് തുടക്കം കുറിച്ചത്. 2022 ൽ ഇലോൺ മസ്ക് ടിറ്ററിനെ ഏറ്റെടുത്തു. തുടർന്ന് 2023 ൽ ടിറ്ററിന്റെ പേര് എക്സ് എന്നാക്കി മാറ്റി.

ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന മൈക്രോ ബ്ലോഗിംഗ് സേവനം എക്സ് ആണെങ്കിലും എക്സിന് പകരം ഉപയോഗിക്കാവുന്ന നിരവധി മൈക്രോ ബ്ലോഗിംഗ് ആപ്പുകൾ ഇന്ന് ലഭ്യമാണ്. അവയെ ഈ ലക്കം പരിചയപ്പെടാം.

## ത്രെഡ്സ്

ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം, മെസഞ്ചർ, വാട്സ്ആപ്പ് തുടങ്ങിയവയുടെ മാതൃകമ്പനിയായ മെറ്റാ പ്ലാറ്റ്ഫോംസിന്റെ ഉടമസ്ഥതയിലുള്ള ഒരു മൈക്രോ ബ്ലോഗിംഗ് സേവനമാണ് ത്രെഡ്സ്. ഇൻസ്റ്റഗ്രാമിൽ അക്കൗണ്ട് ഉള്ളവർക്ക് മാത്രമെ ത്രെഡ്സിൽ അക്കൗണ്ട് തുടങ്ങാൻ സാധിക്കുകയുള്ളു. ഇൻസ്റ്റഗ്രാം അക്കൗണ്ട് ഉള്ളവർക്ക് അതേ ഹാൻഡിൽ ഉപയോഗിച്ച് ത്രെഡ്സിൽ അക്കൗണ്ട് തുടങ്ങാം. 2023 ജൂലൈ 5 നാണ് ത്രെഡ്സ് ഔദ്യോഗികമായി പുറത്തിറക്കിയത്.

എക്സിൽ ലഭ്യമായ ഒട്ടുമിക്ക ഫീച്ചറുകളും ത്രെഡ്സിലും ലഭ്യമാണ്. ഏതാണ്ട് എക്സിന്





**ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന മൈക്രോ ബ്ലോഗിംഗ് സേവനം എക്സ് ആണെങ്കിലും എക്സിന് പകരം ഉപയോഗിക്കാവുന്ന നിരവധി മൈക്രോ ബ്ലോഗിംഗ് ആപ്പുകൾ ഇന്ന് ലഭ്യമാണ്.**

സമാനമായ ഇന്റർഫേസ് തന്നെയാണ് ത്രെഡ്സിനും. എന്നാൽ എക്സിലേതുപോലെ ഡയറക്ട് മെസ്സേജ് അയക്കാനുള്ള സൗകര്യം ത്രെഡ്സിൽ ലഭ്യമല്ല. പക്ഷെ, ത്രെഡ്സിൽ അക്കൗണ്ട് ഉള്ളവർക്ക് ഇൻസ്റ്റഗ്രാമിലും അക്കൗണ്ട് ഉണ്ടാവും എന്നത് കൊണ്ട് ത്രെഡ്സ് സുഹൃത്തുക്കളോട് ഇൻസ്റ്റഗ്രാം വഴി ഡയറക്ട് മെസേജ് അയയ്ക്കാവുന്നതാണ്. ഇതിനായി ത്രെഡ്സ് യൂസറിന്റെ പ്രൊഫൈൽ പേജിലുള്ള ഇൻസ്റ്റഗ്രാം ഐക്കണിൽ ക്ലിക്ക് ചെയ്യുക.

എക്സിന് ഏറ്റവും മികച്ച ഒരു എതിരാളി തന്നെയാണ് ഇന്ന് ത്രെഡ്സ്. മലയാള ഭാഷയിൽ 'ത്ര' എന്ന അക്ഷരത്തിനോട് സാമ്യമുള്ള ലോഗോയാണ് ത്രെഡ്സിന്.

## ബ്ലൂസ്കൈ

സ്വതന്ത്രവും വികേന്ദ്രീകൃതവുമായ ഒരു സോഷ്യൽ മീഡിയ സ്റ്റാൻഡേർഡ് വികസിപ്പിച്ചെടുക്കുക എന്ന ഉദ്ദേശത്തോടെ ട്വിറ്റർ തന്നെ ആരംഭിച്ച ഒരു




പ്രോജക്ട് ആണ് ബ്ലൂസ്കൈ. ട്വിറ്ററിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് വികസിപ്പിച്ചെടുത്ത പ്ലാറ്റ്ഫോം ആയതു കൊണ്ട് തന്നെ ഏതാണ്ട് ട്വിറ്ററിന് സമാനമായ യൂസർ ഇന്റർഫേസും ഫീച്ചറുകളും ആണ് ബ്ലൂസ്കൈയിലും. ട്വിറ്റർ സ്ഥാപകനായ ജാക്ക് ഡോർസേ 2019 ൽ ബ്ലൂസ്കൈ പ്രോജക്ട് പ്രഖ്യാപിച്ചു. 2024 ഒക്ടോബറിന് ശേഷം ബ്ലൂസ്കൈയ്ക്ക് വലിയ പ്രചാരം ലഭിച്ചു തുടങ്ങി. 300 അക്ഷരങ്ങൾ വരെയുള്ള മെസേജുകളും ചിത്രങ്ങളും ഷോർട്ട് വീഡിയോകളും പോസ്റ്റ് ചെയ്യാൻ സാധിക്കും. ത്രെഡ്സിൽ നിന്നും വ്യത്യസ്ഥമായി എക്സിലേതുപോലെ ഡയറക്ട് മെസ്സേജ് അയയ്ക്കാനുള്ള സൗകര്യം ബ്ലൂസ്കൈയിൽ ലഭ്യമാണ്. കേരളത്തിൽ വലിയ പ്രചാരം ഇല്ലെങ്കിലും എക്സിന് പകരമായി ഉപയോഗിക്കാവുന്ന വളരെ മികച്ച ഒരു പ്ലാറ്റ്ഫോം ആണ് ബ്ലൂ സ്കൈ.

## മാസ്റ്റഡോൺ

എക്സിന് പകരം ഉപയോഗിക്കാവുന്ന ഓപ്പൺ സോഴ്സും ഫെഡറേറ്റഡും ആയ ഒരു മൈക്രോബ്ലോഗിംഗ് സേവനം ആണ് മാസ്റ്റഡോൺ. വികേന്ദ്രീകൃത




സോഷ്യൽ നെറ്റ്വർക്കിംഗിന് ഉപയോഗിക്കുന്ന ഓപ്പൺ സ്റ്റാൻഡേർഡ് ആയ ActivityPub പ്രോട്ടോകോൾ ഉപയോഗിച്ചാണ് മാസ്റ്റഡോൺ പ്രവർത്തിക്കുന്നത്. 2016 ൽ Eugen Rochko എന്ന സോഫ്റ്റ്വെയർ ഡെവലപ്പർ ആണ് ഇത് വികസിപ്പിച്ചെടുത്തത്. 2022 ൽ ഇലോൺ മസ്ക് ട്വിറ്ററിനെ ഏറ്റെടുത്തതിനെ തുടർന്ന് നിരവധി പേർ ട്വിറ്ററിനെ ഉപേക്ഷിച്ച് മാസ്റ്റഡോണിലേക്ക് വന്നിരുന്നു. ആൻഡ്രോയിഡ്, ഐ ഓ എസ്, ഗ്നു/ലിനക്സ്, മാക് ഓഎസ്, ബിഎസ്ഡി, മൈക്രോസോഫ്റ്റ് വിൻഡോസ് എന്നീ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളിൽ പ്രവർത്തിക്കും. ഗ്നു അഫേറോ ജനറൽ പബ്ലിക്ക് ലൈസൻസ് വേർഷൻ 3+ എന്ന സ്വതന്ത്രസോഫ്റ്റ്വെയർ ലൈസൻസിന് കീഴിലാണ് മാസ്റ്റഡോൺ പുറത്തിറക്കുന്നത്.

## ടംബ്ലർ (Tumblr)

വേഡ്പ്രെസ്സിന്റെ മാതൃസ്ഥാപനമായ Automattic Inc. ന്റെ ഉടമസ്ഥതയിലുള്ള ഒരു മൈക്രോ ബ്ലോഗിംഗ് സേവനം ആണ് ടംബ്ലർ. 2007 ൽ ഡോവിഡ് കാർപ് എന്ന അമേരിക്കൻ സംരംഭകൻ ആണ് ഇത് ആരംഭിച്ചത്. എക്സ് ഉൾപ്പെടെ മുകളിൽ വിവരിച്ച മൈക്രോ ബ്ലോഗിംഗ് പ്ലാറ്റ് ഫോമുകൾക്ക് സമാനമായ ഫീച്ചറുകൾ തന്നെയാണ് ടംബ്ലറിലും ഉള്ളത്. എക്സിന് പകരക്കാരനെ തേടുന്നവർക്ക് പരീക്ഷിക്കാവുന്ന മികച്ച ഒരു പ്ലാറ്റ്ഫോം തന്നെയാണ് ടംബ്ലറും.

മുകളിൽ വിവരിച്ച മൈക്രോ ബ്ലോഗിംഗ് പ്ലാറ്റ്ഫോമുകളെല്ലാം നൂറ് ശതമാനം എക്സിന് പകരം വെക്കാവുന്നതാണെങ്കിലും ഉപയോക്താക്കളുടെ എണ്ണം കുറവാണ് എന്നതാണ് എടുത്ത് പറയേണ്ട പരിമിതി. ●




# ഏജന്റിക് എഐ - സ്വയംഭരണ സാങ്കേതിക വിദ്യയിലേക്കൊരു ജാലകം

◐ കെ. എൻ. നായർ


സങ്കീർണ്ണമായ പരിതസ്ഥിതികളിൽ സ്വതന്ത്രമായി പ്രവർത്തിക്കാനും സ്വയം തീരുമാനങ്ങൾ എടുക്കാനുമുള്ള കഴിവുകൾ ഉപയോഗിച്ച് നിർവ്വചിക്കപ്പെട്ട ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ തുടർനടപടികൾ സ്വയം കൈക്കൊള്ളാൻ രൂപകൽപ്പന ചെയ്തിട്ടുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയാണ് എജെന്റിക് എഐ. സ്വയംഭരണാധികാരത്തോടെ പ്രവർത്തിക്കാനും സ്വതന്ത്രമായ തീരുമാനങ്ങൾ എടുക്കാനും എജന്റിക് എഐ സിസ്റ്റങ്ങൾക്ക് കഴിയും. അത്യാധുനിക യുക്തിചിന്ത, ആവർത്തനപരമായ ആസൂത്രണം (iterative planning) തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിച്ച് സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് സ്വയം പരിഹാരം കാണുവാൻ ഇതിന് സാധിക്കുന്നു. ഒരു ജോലിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന എഐ സിസ്റ്റങ്ങളിൽ നിന്ന് വ്യത്യസ്തമായി ലക്ഷ്യം നേടാൻ വേണ്ടി ഓപ്ഷനുകൾ വിലയിരുത്താനും, അവയിൽ ഉചിതമായതു തെരഞ്ഞെടുക്കാനും ഏജന്റിക് എഐ സംവിധാനങ്ങൾക്ക് സാധിക്കും.

നിലവിലെ എഐ സിസ്റ്റങ്ങൾ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗരേഖകൾക്ക് അനുസൃതമായി പ്രവർത്തിക്കുമ്പോൾ ഏജന്റിക് എഐ സാഹചര്യങ്ങൾ വിശകലനം ചെയ്യുകയും മുന്നോട്ട് പോകുന്നതിനുള്ള മികച്ച പാത കണ്ടെത്തുകയും ചെയ്യുന്നു. നിർദ്ദിഷ്ട ലക്ഷ്യങ്ങൾ നേടുന്നതിന് സങ്കീർണ്ണമായ വർക്ക്ഫ്ലോ കൈകാര്യം ചെയ്യുക, മാറ്റങ്ങളുമായി പൊരുത്തപ്പെടുകയും തുടർച്ചയായി സ്വയം മെച്ചപ്പെടുത്തുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങൾ ഏജന്റിക് എഐ അനായാസം കൈകാര്യം ചെയ്യുന്നു.





**സൂക്ഷ്മമായ മാനുഷിക നിരീക്ഷണം കൂടാതെ തന്നെ സങ്കീർണ്ണമായ ജോലികൾ ചെയ്യാനുള്ള ഈ സാങ്കേതികവിദ്യയുടെ ശേഷി സംരംഭങ്ങൾക്ക് വലിയ പ്രയോജനങ്ങൾ ലഭ്യമാക്കുന്നു.**




അനുഭവങ്ങളിൽ നിന്ന് പഠിക്കുകയും കാലക്രമേണ പ്രകടനം മെച്ചപ്പെടുത്തുകയും ചെയ്യുക, സമാന സ്വഭാവമുള്ള മറ്റ് ഏജന്റുകളുമായി ഇടപെടുക, സങ്കീർണ്ണമായ നിർദ്ദേശങ്ങൾ മനസിലാക്കുകയും പാലിക്കുകയും ചെയ്യുക, വലിയ അളവിലുള്ള ഡേറ്റ വിശകലനം ചെയ്ത് പാറ്റേണുകൾ തിരിച്ചറിയുക തുടങ്ങിയ ഏജന്റിക് എഐയുടെ സവിശേഷതകൾ മൂലം ഈ ടെക്നോളജിയെ 2025ലെ ഏറ്റവും പ്രധാന സാങ്കേതിക പ്രവണതകളിലൊന്നായി. കണക്കാക്കപ്പെടുന്നു. അടുത്ത നാലു വർഷത്തിനുള്ളിൽ ബിസിനസ് രംഗത്തെ ദൈനംദിന തീരുമാനങ്ങളിൽ 15% എങ്കിലും ഏജന്റിക് എഐ ഉപയോഗിച്ച് ഓട്ടോണോമസ് ആയി എടുത്തവയായിരിക്കും എന്ന് ഈ രംഗത്തെ വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു.

## ഏജന്റിക് എഐയുടെ ഗുണങ്ങൾ

സൂക്ഷ്മമായ മാനുഷിക നിരീക്ഷണം കൂടാതെ തന്നെ സങ്കീർണ്ണമായ ജോലികൾ ചെയ്യാനുള്ള ഈ സാങ്കേതികവിദ്യയുടെ ശേഷി സംരംഭങ്ങൾക്ക് വലിയ പ്രയോജനങ്ങൾ ലഭ്യമാക്കുന്നു. ആവർത്തിച്ചുള്ള ജോലികൾ ഓട്ടോമേറ്റ് ചെയ്യുകയും കൂടുതൽ കൃത്യതയുള്ള തീരുമാനങ്ങളെടുക്കാൻ സംരംഭങ്ങളെ പ്രാപ്തമാക്കുകയും ചെയ്യുന്നതിനോടൊപ്പം വിശകലനം ചെയ്യുന്ന ഡേറ്റയിൽ നിന്ന് പഠിക്കുവാനുള്ള കഴിവ് ഈ ജോലികളിലെ കാര്യക്ഷമത വർദ്ധിക്കാൻ സഹായിക്കുന്നു. പ്രവർത്തനങ്ങളിലെ ഓട്ടോമേഷൻ വർക്ക്ഫ്ലോ ഒപ്റ്റിമൈസ് ചെയ്യാനും, പരിപാലന സമയം കുറയ്ക്കാനും പ്രവർത്തനക്ഷമത മെച്ചപ്പെടുത്താനും സഹായിക്കും. ആവർത്തന വിരസമായ ജോലികൾ ഈ സാങ്കേതികവിദ്യയുടെ സഹായത്തോടെ എളുപ്പത്തിൽ ചെയ്യാവുന്നതുകൊണ്ട് കൂടുതൽ സർഗ്ഗാത്മകവും ഉയർന്ന മൂല്യങ്ങളുള്ളതുമായ ജോലികൾ കൈകാര്യം ചെയ്യാൻ ജീവനക്കാർക്ക് കൂടുതൽ സമയം ലഭിക്കുന്നു.

ആവർത്തനസ്വഭാവമുള്ളതും, സമയമെടുക്കുന്നതുമായ ജോലികൾ ഏറ്റെടുക്കുന്നതിലൂടെ ജീവനക്കാരുടെ ശമ്പളം തുടങ്ങിയ ചെലവുകളും, മനുഷ്യസഹജമായ തെറ്റുകളും കുറയ്ക്കാൻ ഏജന്റിക് എഐ വലിയൊരളവു വരെ സംരംഭങ്ങളെ സഹായിക്കുന്നു. ഇതിന്റെ ഉയർന്ന സ്കേലബിലിറ്റി അടിസ്ഥാന സൗകര്യങ്ങളിലോ, ജീവനക്കാരുടെ എണ്ണത്തിലോ ആനുപാതികമായ വർദ്ധന കൂടാതെ തന്നെ വർദ്ധിച്ച ജോലിഭാരം കൈകാര്യം ചെയ്യാൻ സംരംഭങ്ങളെ പ്രാപ്തരാക്കുന്നു.

കൂടാതെ തത്സമയ വിശകലനത്തിലൂടെയും തീരുമാനമെടുക്കലിലൂടെയും നിലവിലുള്ള സാഹചര്യങ്ങളിലെ പെട്ടെന്നുള്ള മാറ്റങ്ങളോടും, ഉയർന്നുവരുന്ന അപ്രതീക്ഷിത വെല്ലുവിളികളോടും കാര്യക്ഷമമായി പ്രതികരിക്കാൻ ഏജന്റിക് എഐ ഓർഗനൈസേഷനുകളെ സഹായിക്കുന്നു.

ഇതിന്റെ പ്രധാന സവിശേഷതകളിലൊന്ന് പ്രത്യേകമായി രൂപകൽപന ചെയ്ത അൽഗരിതങ്ങളുടെ സഹായത്തോടെ ലക്ഷ്യങ്ങൾ സ്വയം നിശ്ചയിക്കാനും





**ഡേറ്റ ശേഖരിക്കുക, തീരുമാനങ്ങൾ എടുക്കുക, വിവരങ്ങൾ അപഗ്രഥിക്കുക, ഫലങ്ങളും ശുപാർശ കളും സൃഷ്ടിക്കുക തുടങ്ങിയ ഘട്ടങ്ങളിലൂടെയാണ് ഏജന്റിക് എഐ പ്രവർത്തിക്കുന്നത്.**

അവ പിന്തുടരാനുമുള്ള കഴിവാണ്.

ബുദ്ധിപരമായും സ്വതന്ത്രമായും പ്രവർത്തിക്കുന്ന എഐ സംവിധാനങ്ങൾ എന്ന ദീർഘകാല സ്വപ്നം യാഥാർത്ഥ്യമാകുന്നതിലേക്ക് ഏജന്റിക് എഐ രംഗ ത്തെ സമീപകാല വികസനങ്ങൾ സഹായിക്കും എന്നു പറയാം

## ഏജന്റിക് എഐയുടെ പ്രവർത്തനം

ഡേറ്റ ശേഖരിക്കുക, തീരുമാനങ്ങൾ എടുക്കുക, വിവരങ്ങൾ അപഗ്രഥിക്കുക, ഫലങ്ങളും ശുപാർശ കളും സൃഷ്ടിക്കുക തുടങ്ങിയ ഘട്ടങ്ങളിലൂടെയാണ് ഏജന്റിക് എഐ പ്രവർത്തിക്കുന്നത്. വ്യത്യസ്ത സ്രോതസ്സുകളിൽ നിന്ന് ഡേറ്റ ശേഖരിക്കുകയാണ് ഇതിലെ ആദ്യപടി. തത്സമയ ഫീഡുകൾ, ചരിത്രപ രമായ ഡേറ്റ, മുൻകാല ഉപയോക്തൃ ഇടപെടലുക ളുടെ വിവരങ്ങൾ തുടങ്ങി വ്യത്യസ്ത തരം ഡേറ്റ ലാർജ് ലാംഗ്വേജ് മോഡൽ, നാച്ചുറൽ ലാംഗ്വേജ് പ്രോസസ്സിങ്ങ് തുടങ്ങിയ സാങ്കേതികവിദ്യകളുടെ സഹായത്തോടെ ശേഖരിക്കുന്നു.

തുടർന്ന് വ്യത്യസ്ത അൽഗോരിതങ്ങളുടെ സഹാ യത്തോടെ എന്ത് നടപടികളാണ് ആദ്യം എടുക്കേ ണ്ടത്, ചെയ്യേണ്ട പ്രവൃത്തികളുടെ മുൻഗണന ക്രമം തുടങ്ങിയവ വിലയിരുത്തുന്നു. അതിനു ശേഷം ഡേറ്റ അപഗ്രഥനത്തിലൂടെ സിസ്റ്റത്തെ മുമ്പിലുള്ള യഥാർ



ത്ഥ പ്രശ്നത്തെ പരിഹരിക്കാൻ പ്രാപ്തമാക്കുന്നു.

## പ്രധാന ആശയങ്ങളും സാങ്കേതിക വിദ്യകളും

വിവിധ സാങ്കേതികവിദ്യകളും ആശയങ്ങളും ഏജന്റിക് എഐ യുടെ പ്രവർത്തനത്തിൽ ഉപയോഗി ക്കുന്നു. അവയിൽ പ്രധാനമായ ചിലതിനെപ്പറ്റി താഴെ പരാമർശിക്കുന്നു.

മെഷീൻ ലേണിങ്ങ് സാങ്കേതികവിദ്യയിൽ അധി ഷ്ഠിതമായ അൽഗോരിതങ്ങളാണ് ഏജന്റിക് എഐ യുടെ അടിസ്ഥാനം എന്നു പറയാം. ഇവയാണ് ഡേറ്റ യിൽ നിന്ന് പഠിക്കാനും പ്രവചനങ്ങൾ നടത്താനും കഴിയുന്ന അടിത്തറ ഈ സിസ്റ്റങ്ങൾക്കു നൽകുന്നത്.

തുടർച്ചയായ പരീക്ഷണങ്ങളിലൂടെയും തെറ്റു തിരുത്തലുകളിലൂടെയും ഏജന്റിക് എഐ സിസ്റ്റങ്ങ ളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന ഒരു ആശയം അല്ലെങ്കിൽ സമ്പ്രദായമായമാണ് ദൃഢീകരിച്ച പഠനം (reinforcement learning).

നാം ഉപയോഗിക്കുന്ന സാധാരണ ഭാഷ മനസ്സി ലാക്കാനും, അത് സൃഷ്ടിക്കാനും നാച്ചുറൽ ലാംഗ്വേജ് പ്രോസസ്സിംഗ് സാങ്കേതികവിദ്യ ഈ സിസ്റ്റങ്ങളെ പ്രാപ്തരാക്കുന്നു. ഇത് മനുഷ്യരുമായുള്ള സ്വാഭാവി കമായ ഇടപെടൽ സുഗമമാക്കാനും, ടെക്സ്റ്റുകൾ ജനറേറ്റ് ചെയ്യാനും സഹായിക്കുന്നു.

ബൃഹത്തായ ഡേറ്റ വ്യാഖ്യാനിക്കുന്നതിനും പുറ ത്തു നിന്നും ലഭിക്കുന്ന ദൃശ്യസൂചകങ്ങൾ മനസിലാ ക്കുന്നതിനും ഏജന്റിക് എഐ സിസ്റ്റങ്ങൾ കംപ്യൂട്ടർ വിഷൻ സാങ്കേതികവിദ്യ ഉപയോഗിക്കുന്നു.

ഡിസിഷൻ ട്രീ മോഡലാണ് ഏജന്റിക് എഐ സിസ്റ്റങ്ങളിൽ തീരുമാനങ്ങളെടുക്കുന്ന രീതികളിൽ പ്രധാനം. (തീരുമാനങ്ങളെടുക്കുന്ന പ്രക്രിയയുടെ ഒരു ദൃശ്യ പ്രാതിനിധ്യമാണ് ശാഖകളുള്ള ഒരു മര ത്തിന്റെ മാതൃകയിലുള്ള ഡിസിഷൻ ട്രീ മോഡൽ). പ്രോബബിലിറ്റി ഉപയോഗിച്ച് ഒരു കാര്യം നടക്കുവാ നുള്ള സാധ്യത നിർണ്ണയിക്കാൻ ഉപയോഗിക്കുന്ന ഗ്രാഫിക്കൽ മോഡലുകളായ ബയേസിയൻ നെറ്റ് വർക്കുകൾ, താൽക്കാലിക ക്രമങ്ങളെ അടിസ്ഥാന മാക്കിയുള്ള തീരുമാനങ്ങൾ എടുക്കാൻ സഹായിക്കു ന്ന ടെംപോറൽ ലോജിക് (Temporal logic) സമീപന വും ഏജന്റിക് എഐ സിസ്റ്റങ്ങളിൽ ഉപയോഗി ക്കാറുണ്ട്.

ട്രാൻസ്ഫർ ലേണിങ്ങ് പോലെയുള്ള അഡാപ്റ്റീ വ് ലേണിങ്ങ് സാങ്കേതിക വിദ്യകൾ ഒരു ജോലിയിൽ നിന്ന് നേടിയ അറിവ് പുതിയ അനുബന്ധ ജോലി കളിൽ ഉപയോഗിക്കാൻ ഏജന്റിക് എഐ സിസ്റ്റങ്ങ ളെ പ്രാപ്തമാക്കുന്നു. ഈ കഴിവ് ഈ സംവിധാന ങ്ങളുടെ പ്രകടനം മെച്ചപ്പെടുത്താനും പുതിയ സാഹ ചര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാനും



**ഏജന്റിക് എഐ സിസ്റ്റങ്ങളുടെ മുൻകാല അനുഭവങ്ങളിൽ നിന്ന് പഠിക്കാനും പ്രവർത്തനം സ്വയം മെച്ചപ്പെടുത്താനുമുള്ള കഴിവ് ഡ്രൈവിംഗ് കൂടുതൽ സുരക്ഷിതമാക്കാൻ സഹായിക്കുന്നു.**

സഹായിക്കുന്നു.

## ഏജന്റിക് എഐ വിവിധ മേഖലകളിൽ

ഏജന്റിക് എഐയുടെ പ്രായോഗിക ഉപയോഗങ്ങൾ പല തുറകളിലും ദൃശ്യമായിക്കൊണ്ടിരിക്കുന്നു. ഉപഭോക്തൃസേവന രംഗത്ത് ഈ സാങ്കേതിക വിദ്യയ്ക്ക് വലിയ നേട്ടങ്ങൾ കൊണ്ടുവരാനാകും. ഇന്ന് പ്രചാരത്തിലുള്ള അലെക്സ, സിരി തുടങ്ങിയ വെർചൽ അസ്സിസ്റ്റന്റുകൾ ഉപയോക്താക്കൾ നൽകുന്ന ഇൻപുട്ടുകളോട് പ്രതികരിക്കുന്നവയാണ്. എന്നാൽ ഏജന്റിക് എഐ അധിഷ്ഠിതമായ മോഡലുകൾക്ക് കൂടുതൽ വിശാലമായ കഴിവുകൾ ഉണ്ടായിരിക്കും. ഉദാഹരണമായി ഒരു വ്യക്തിഗത ഏജന്റിക് എഐ സംവിധാനത്തിന് വീട്ടിൽ സാധാരണ ഉപയോഗിക്കുന്ന സാധനങ്ങൾ തീരുമ്പോൾ അവ വീണ്ടും ഓർഡർ ചെയ്യുക, മുൻകാല ഉപയോഗ ഡേറ്റ കണക്കിലെടുത്ത് തെർമോസ്റ്റാറ്റുകൾ ക്രമീകരിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യാനാകും.

ശാസ്ത്രീയ ഗവേഷണ രംഗത്ത് ഏജന്റിക് എഐ സംവിധാനങ്ങൾ വ്യാപകമായി ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. അനുമാനങ്ങൾക്ക് (hypothesis) രൂപം നൽകുക, സിമുലേഷനുകൾ സൃഷ്ടിക്കുക, തുടങ്ങിയ പ്രക്രിയകളിൽ ഗവേഷകരെ വലിയ തോതിൽ



സഹായിക്കാൻ ഈ സിസ്റ്റങ്ങൾക്കാകും. പുതിയ മരുന്നുകൾക്കായുള്ള ഗവേഷണ രംഗത്ത് സാധ്യതയുള്ള ഫോർമുലേഷനുകളെ കണ്ടെത്താൻ ഇവ സഹായിക്കുന്നു.

ബിസിനസ് സംരംഭങ്ങളിൽ കസ്റ്റമർ സപ്പോർട്ട്, ബിസിനസ് പ്രോസസ്സ് ഓട്ടോമേഷൻ (BPA), സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഉൽപ്പാദനം, സാമ്പത്തികം തുടങ്ങിയ വിവിധ മേഖലകളിൽ ഏജന്റിക് എഐയുടെ ഉപയോഗം, കാര്യക്ഷമത വർദ്ധിപ്പിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്.

ആരോഗ്യ പരിപാലന രംഗത്ത് ബൃഹത്തായ മെഡിക്കൽ ഡേറ്റയിൽ നിന്ന് നിർണായക വിവരങ്ങൾ തെരഞ്ഞെടുത്ത് മികച്ച പരിചരണ തീരുമാനങ്ങൾ എടുക്കാൻ ഡോക്ടർമാരെ ഏജന്റിക് എഐ സഹായിക്കുന്നു.

## ഓട്ടോണോമസ് വാഹനങ്ങൾ

ഏജന്റിക് എഐ നിർണ്ണായകമായ പങ്കു വഹിക്കുന്ന ഒരു മേഖലയാണ് ഓട്ടോണോമിസ് കാറുകളുടെ പ്രവർത്തനവും. വികസനവും തീരുമാനങ്ങൾ തത്സമയം എടുക്കാനും സ്വതന്ത്രമായി പ്രവർത്തിക്കാനും ഈ സാങ്കേതിക വിദ്യയുടെ ഉപയോഗം ഇവയെ പ്രാപ്തമാക്കുന്നു. പുറത്തു നിന്നും ലഭിക്കുന്ന വലിയ അളവിലുള്ള ഡേറ്റ ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രോസസ്സ് ചെയ്യാനും തീരുമാനങ്ങൾ എടുക്കാനും ഇത് സഹായിക്കുന്നു. മറ്റു വാഹനങ്ങൾ, കാൽനടയാത്രക്കാർ, റോഡിലുള്ള മറ്റു തടസ്സങ്ങൾ എന്നിവയോട് പ്രതികരിക്കുന്നത് പോലെയുള്ള കഴിവുകൾ സങ്കീർണ്ണമായ സാഹചര്യങ്ങളിൽ അനിവാര്യമാണ്.

ഏജന്റിക് എഐ സിസ്റ്റങ്ങളുടെ മുൻകാല അനുഭവങ്ങളിൽ നിന്ന് പഠിക്കാനും പ്രവർത്തനം സ്വയം മെച്ചപ്പെടുത്താനുമുള്ള കഴിവ് ഡ്രൈവിംഗ് കൂടുതൽ സുരക്ഷിതമാക്കാൻ സഹായിക്കുന്നു. ദൃശ്യപരമായ വിവരങ്ങൾ കൃത്യമായി വ്യാഖ്യാനിക്കുക, ട്രാഫിക് തുടങ്ങിയവ വിലയിരുത്തി ഏറ്റവും മെച്ചപ്പെട്ട റൂട്ട് തെരഞ്ഞെടുക്കുക, സുരക്ഷയ്ക്ക് മുൻഗണന കൊടുക്കുക തുടങ്ങി വിവിധ ഘടകങ്ങൾ കണക്കിലെടുത്ത് സ്വയംഭരണ വാഹനങ്ങൾ ഉയർന്ന പ്രതികരണശേഷിയുള്ളതും ദൈനംദിന ഉപയോഗത്തിന് സുരക്ഷിതവുമാക്കുന്നതിൽ ഏജന്റിക് എഐയുടെ പങ്ക് പ്രാധാന്യമേറിയതാണ്.

## ഏജന്റിക് എഐ രംഗത്തെ ഏറ്റവും പുതിയ പ്രവണതകൾ

### ആമസോണിന്റെ പുതിയ കാൽവയ്പ്പ്

ഏജന്റിക് എഐ രംഗത്തെ വികസനങ്ങൾ ത്വരിതപ്പെടുത്താനായി ആമസോൺ എജിഐ എസ്



**ഗൂഗിൾ പുറത്തിറക്കിയ ജെമിനി–2 എഐ മോഡലിൽ കൂടുതൽ മൾട്ടി മീഡിയ കഴിവുകളോടൊപ്പം ഏജന്റിക് എഐ പ്രവർത്തന രീതികളും സംയോജിപ്പിച്ചിരിക്കുന്നതായി കമ്പനി അറിയിച്ചു.**

എഫ് ലാബ് എന്ന ഒരു സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്. ഡിജിറ്റൽ, ഭൗതിക മേഖലകളിൽ പ്രവർത്തിക്കാൻ ഉയർന്ന കഴിവുള്ള എഐ ഏജന്റുകളെ വികസിപ്പിച്ചെടുക്കുകയാണ് ഇതിന്റെ ലക്ഷ്യം.

ആമസോൺ അടുത്തിടെ അവരുടെ നോവ മൈക്രോ, ലൈറ്റ്, പ്രോ, പ്രീമിയർ എന്ന നാല് ഫൗണ്ടേഷൻ മോഡലുകൾ പരിചയപ്പെടുത്തുകയുണ്ടായി. ഇവയെ അടിസ്ഥാനമാക്കിയായിരിക്കും പുതിയ ഏജന്റിക് എഐ സിസ്റ്റങ്ങൾ ഡെവലപ്പ് ചെയ്യുന്നത് എന്നു പ്രതീക്ഷിക്കുന്നു. ലാർജ് ലാംഗ്വേജ് മോഡൽ (LLM), റീഇൻഫോഴ്സ്മെന്റ് ലേണിങ്ങ് തുടങ്ങിയ സാങ്കേതികവിദ്യകളെ സംയോജിപ്പിച്ച് എഐ ഏജന്റുകളെ സാധാരണ പരിതസ്ഥിതികളിൽ പ്രവർത്തന സജ്ജമാക്കാൻ ശ്രമിക്കുന്ന ഒരു സമീപനമാണ് കമ്പനി സ്വീകരിച്ചിരിക്കുന്നത്.

എജിഐ എസ്എഫ്. ലാബ് എന്ന കാൽവയ്പ്പ് ആമസോണിന് ആഗോള ഏജന്റിക് വിപണിയിൽ ഒരു പ്രധാന സ്ഥാനം ഉറപ്പാക്കുമെന്ന് വിലയിരുത്തപ്പെടുന്നു.

## ഗൂഗിളിന്റെ ജെമിനി–2

ഗൂഗിൾ പുറത്തിറക്കിയ ജെമിനി-2 എഐ മോഡലിൽ കൂടുതൽ മൾട്ടി മീഡിയ കഴിവുകളോടൊപ്പം ഏജന്റിക് എഐ പ്രവർത്തന രീതികളും സംയോജിപ്പിച്ചിരിക്കുന്നതായി കമ്പനി അറിയിച്ചു. ഒരു സാർവ്വത്രിക അസിസ്റ്റന്റായി പ്രവർത്തിക്കാൻ കഴിവുള്ള ഒരു എഐ ഏജന്റിനെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള ഒരു പ്രധാന പടിയായി കമ്പനി ഇതിനെ കാണുന്നു.

ഏജന്റിക് എഐ സിസ്റ്റങ്ങളുടെ ഒരു സവിശേഷതയായ ഡീപ് റിസർച്ച് സൗകര്യം ഇതിൽ സംയോജിപ്പിച്ചിട്ടുണ്ട്. ഉപയോക്താവ് ഒരു വിഷയത്തെപ്പറ്റിയുള്ള ചോദ്യം ഉന്നയിച്ചാൽ എഐ ഏജന്റ് അതിനെപ്പറ്റി ഒരു റിസർച്ച് പ്ലാൻ സൃഷ്ടിക്കുകയും, വിഷയത്തെക്കുറിച്ചുള്ള പ്രസക്തമായ ഗവേഷണ പേപ്പറുകളും ലേഖനങ്ങളും കണ്ടെത്താൻ സഹായിക്കുകയും ചെയ്യുന്നു.

വീഡിയോ ഗെയിമുകൾ മെച്ചപ്പെടുത്താനും 3D ലോകങ്ങൾ നാവിഗേറ്റ് ചെയ്യാനും കഴിവുള്ള എഐ ഏജന്റുകൾ വികസിപ്പിച്ചെടുക്കാനുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

## ഇന്ത്യയുടെ നിർണ്ണായക പങ്ക്

2025 ഏജന്റിക് എഐയുടെ വർഷമായിരിക്കുമെന്നും ഇന്ത്യയുടെ സ്ഥാനം ഈ വികസന പാതയുടെ മുൻനിരയിലായിരിക്കുമെന്നും റെഡിസ് (Redis) പ്രോഡക്റ്റ് മാനേജ്മെന്റ് വൈസ് പ്രസിഡന്റ് മൻവി നർസിങ്ങ് അഭിപ്രായപ്പെടുന്നു. വിവിധ ഇന്ത്യൻ കമ്പനികൾ ഇപ്പോൾ തന്നെ റെഡിസ് പ്ലാറ്റ്ഫോം ഉപയോഗി




ച്ച് ഏജന്റിക് എഐ സിസ്റ്റങ്ങൾ ഉപയോഗിക്കുന്നുണ്ടെന്നും ഇന്ത്യൻ സാങ്കേതിക ആവാസവ്യവസ്ഥ ഏജന്റിക് എഐ രംഗത്ത് വരും ദിവസങ്ങളിൽ കൂടുതൽ നിർണായക പങ്ക് വഹിക്കാൻ സജ്ജമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വരും വർഷങ്ങളിൽ ഏജന്റിക് എഐയുടെ ഉപയോഗം കൂടുതൽ വ്യാപകമാകുമെന്നും, അതോടൊപ്പം ഓരോ സംരംഭത്തിന്റെയും പ്രവർത്തനം പൂർണ്ണമായി മനസ്സിലാക്കിയ ഒരു ഏജന്റിക് എഐ സംവിധാനം ബിസിനസിന്റെ ദൈനംദിന കാര്യങ്ങൾ വിശകലനം ചെയ്യുകയും ഉൽപ്പാദനക്ഷമതയും കാര്യക്ഷമതയും വർദ്ധിക്കാൻ സഹായിക്കുകയും ചെയ്യുമെന്നും ടെക് മഹീന്ദ്ര മുൻ സിഇഒ സി പി ഗുർനാനി പറഞ്ഞു. എഞ്ചിനീയറിംഗ് മികവും, വിവിധ മേഖലകളിലുള്ള നവീകരണങ്ങളും രാജ്യത്തെ ഈ മേഖലയിലെ ഒരു പ്രധാന ശക്തിയായി ഉയർത്തുമെന്നുള്ള വിശ്വാസവും അദ്ദേഹം പങ്കുവെച്ചു.

## ഉപസംഹാരമായി

സങ്കീർണ്ണമായ ഡേറ്റയെ അടിസ്ഥാനമാക്കി ഓട്ടോണോമസ് ആയി പ്രവർത്തിക്കാനും തീരുമാനങ്ങളെടുക്കാനും ബിസിനസുകളെ പ്രാപ്തമാക്കുന്ന സാങ്കേതികവിദ്യയിലെ ഒരു സുപ്രധാന കുതിച്ചുചാട്ടത്തെയാണ് ഏജന്റിക് AI പ്രതിനിധീകരിക്കുന്നത്. വ്യവസായങ്ങളിലുടനീളം വളരെയധികം സാധ്യതകൾ വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും, നിയന്ത്രണം, ഉത്തരവാദിത്തം, ആസൂത്രിതമല്ലാത്ത പ്രത്യാഘാതങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാർമ്മിക ആശങ്കകളും ഇത് ഉയർത്തുന്നു. ഈ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതു തുടരുമ്പോൾ, നവീകരണവും ഉത്തരവാദിത്തമുള്ള മേൽനോട്ടവും തമ്മിൽ സന്തുലിതാവസ്ഥ കൈവരിക്കേണ്ടത് അത്യാവശ്യമാണ്.

●

# AI ടൂളുകൾ; ഇവയുടെ ഉപയോഗം ഇനി അനിവാര്യം

ജെസ്‌ലി എ എൽ M.Tech, ഗൂഗിൾ സർട്ടിഫൈഡ് ഡിജിറ്റൽ മാർക്കറ്റർ

വിവിധ മേഖലകളെ പരിവർത്തനം ചെയ്യാനുള്ള സാധ്യതയുള്ള അതുല്യമായ കഴിവുകളുള്ള നിരവധി നൂതന AI ഉപകരണങ്ങൾ പ്രചാരത്തിലായിവരുകയാണ്. ശ്രദ്ധേയമായ ചില AI ടൂളുകൾ ഇതാ:

**Gemini** : ഗൂഗിളിന്റെ ശക്തമായ സംഭാഷണ AI ആയ Gemini 2.0 Advanced , ചാറ്റ്ജിപിടി-യ്ക്ക് ശക്തമായ എതിരാളിയാണ്. വലിയ അറിവ് അടിസ്ഥാനമാക്കി, സർഗ്ഗാത്മകമായ ടെക്സ്റ്റ് ജനറേഷൻ, കോഡിംഗ് സഹായം, എന്നിവയിൽ ഇത് മികച്ചതാണ്.

**Claude**: Anthropic വികസിപ്പിച്ചെടുത്ത Claude, സുരക്ഷയും സഹായവും ഊന്നിപ്പറയുന്നു. മനുഷ്യനുമായി സാമ്യമുള്ള സംഭാഷണങ്ങളിൽ ഏർപ്പെടാനുള്ള കഴിവ്.

**Midjourney**: ഒരു മുൻനിര ടെക്സ്റ്റ്-ടു-ഇമേജ് AI ആണിത്. ഉപയോക്താക്കൾ നൽകുന്ന വാചക വിവരണങ്ങൾ അടിസ്ഥാനമാക്കി Midjourney അതിശയകരവും പലപ്പോഴും അസാധാരണവുമായ ഇമേജുകൾ സൃഷ്ടിക്കുന്നു.

**Murf.ai**: ഓഡിയോബുക്കുകൾ, പോഡ്കാസ്റ്റുകൾ, അവതരണങ്ങൾ തുടങ്ങിയ ആകർഷകമായ ഓഡിയോ ഉള്ളടക്കം സൃഷ്ടിക്കാൻ ഈ AI അധിഷ്ഠിത ടെക്സ്റ്റ്-ടു-സ്പീച്ച് പ്ലാറ്റ്ഫോം വൈവിധ്യമാർന്ന യഥാർത്ഥ ശബ്ദങ്ങൾ വാഗ്ദാനം ചെയ്യുന്നു.

**Jasper**: മാർക്കറ്റർമാർക്കും കണ്ടെന്റ് ക്രിയേറ്റർമാർക്കുമായി രൂപകൽപ്പന ചെയ്ത ജാസ്പർ, ഉയർന്ന നിലവാരമുള്ള മാർക്കറ്റിംഗ് പകർപ്പ്, സോഷ്യൽ മീഡിയ പോസ്റ്റുകൾ, ലേഖനങ്ങളും തിരക്കഥകളും പോലുള്ള ദീർഘകാല ഉള്ളടക്കം എന്നിവ സൃഷ്ടിക്കാൻ സഹായിക്കുന്നു.

**Copy.ai**: ജാസ്പറിന് സമാനമായി, വെബ്സൈറ്റ് കോപ്പി, ഇമെയിൽ പ്രചാരണങ്ങൾ, ഉൽപ്പന്ന വിവരണങ്ങൾ എന്നിവ ഉൾപ്പെടെ ആകർഷകമായ മാർക്കറ്റിംഗ്, പരസ്യ ഉള്ളടക്കം രചിക്കുന്നതിൽ Copy.ai സഹായിക്കുന്നു.

**Synthesia**: AI അധിഷ്ഠിത അവതാറുകൾ ഉപയോഗിച്ച് യഥാർത്ഥ വീഡിയോകൾ സൃഷ്ടിക്കാൻ ഉപയോക്താക്കളെ അനുവദിക്കുന്ന ഒരു AI വീഡിയോ ക്രിയേറ്റിങ് പ്ലാറ്റ്ഫോം. മാർക്കറ്റിംഗ്, പരിശീലനം, വിദ്യാ ഭ്യാസം എന്നിവയിൽ ഇതിന് പ്രയോഗങ്ങളുണ്ട്.

**GitHub Copilot**: ഈ AI അധിഷ്ഠിത കോഡിംഗ് അസിസ്റ്റന്റ്, കോഡ് പൂർത്തീകരണങ്ങൾ നിർദ്ദേശിക്കുന്നതിലൂടെ, ബഗുകൾ തിരിച്ചറിയുന്നതിലൂടെയും പരിഹരിക്കുന്നതിലൂടെയും മുഴുവൻ കോഡ് ബ്ലോക്കുകൾ സൃഷ്ടിക്കുന്നതിലൂടെയും ഡെവലപ്പർമാർക്ക് കൂടുതൽ മികച്ച കോഡ് വേഗത്തിൽ എഴുതാൻ സഹായിക്കുന്നു.

ഈ പട്ടിക സമഗ്രമല്ല, AI ലാൻഡ്സ്കേപ്പ് നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്നതാണ്. പുതിയ ടൂളുകളും മുന്നേറ്റങ്ങളും വേഗത്തിൽ ഉയർന്നുവരുന്നു.

## പ്രധാന നിഗമനങ്ങൾ

AI വേഗത്തിൽ മുന്നേറുകയാണ്, വിവിധ മേഖലകളിൽ പ്രയോഗങ്ങളുണ്ട്.

Midjourney, DALL-E 3 തുടങ്ങിയ ടൂളുകൾ സർഗ്ഗാത്മക പ്രകടനത്തെ പരിവർത്തനം ചെയ്യുന്നു.

ഉൽപ്പാദനക്ഷമതയും ക്രിയേറ്റിവിറ്റിയും വർദ്ധിപ്പിക്കുന്നതിന് AI വർദ്ധിച്ചുവരുന്ന തോതിൽ പ്രൊഫഷണൽ വർക്ക്ഫ്ളോകളിൽ സംയോജിപ്പിക്കപ്പെടുന്നു.

### ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഡിജിറ്റൽ മാർക്കറ്റിംഗും സൗജന്യമായി പരിശീലിക്കാം

കേരളത്തിനകത്തും പുറത്തും വിവിധ കമ്പനികൾക്കും ബിസിനസ് ഉടമകൾക്കും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് / ഡിജിറ്റൽ മാർക്കറ്റിങ് തുടങ്ങിയവ പരിശീലിക്കാൻ ആഗ്രഹിക്കുന്നവർക്കും പരിശീലനം നൽകുന്ന ഡിജിറ്റൽ മാഗ്നെറ്റ് ട്രെയിനിങ് സെന്റർ എല്ലാ ഞായറാഴ്ചകളിലും സംഘടിപ്പിക്കുന്ന ട്രെയിനിങ് പ്രോഗ്രാമിൽ പങ്കെടുക്കുന്നതിലൂടെ ഈ മേഖലയിലെ വിശാലമായ ലോകത്തെ നിങ്ങൾക്കും അടുത്തറിയാം. പങ്കെടുക്കുവാൻ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറിൽ വിളിക്കാം അല്ലെങ്കിൽ വാട്സാപ്പ് ചെയ്യാം Ph: +91 6235080604.

വാട്സ്ആപ്പ് ഗ്രൂപ്പിൽ ജോയിൻ ചെയ്യാൻ ഈ ലിങ്ക് തുറക്കാം. rebrand.ly/DMJESLEY



www.digitalmagnetonline.com
ONLINE
2 മണിക്കൂർ
സൗജന്യ ഡിജിറ്റൽ
മാർക്കറ്റിംഗ് ട്രെയിനിംഗ്
TOPICS COVERED
Facebook മാർക്കറ്റിംഗ്
Google പരസ്യങ്ങൾ
Amazon സെല്ലർ അക്കൗണ്ട്
Website നിർമ്മാണം
ഇ - കൊമേഴ്സ്
ഗ്രാഫിക്സ് ഡിസൈൻ
ഓൺലൈൻ മണി മേക്കിങ്
zoom LIVE
Instructor:
Jesley A.L
Google Certified Digital Marketer
EVERY SUNDAY
8:00 PM (INDIA)
Join Now!
DIGITAL
MAGNET
INSTITUTE OF DIGITAL MARKETING
ക്ലാസ്സിൽ പങ്കെടുക്കുവാൻ ഈ
WhatsApp ഗ്രൂപ്പിൽ തുടരാം
SCAN QR CODE
To Attend Free Training
CALL or WHATSAPP
+91 8089200987



# ഇൻഫോ സൈറ്റ്

Info Site

◐ ആര്യ എസ് നായർ

## വാക്വം ക്ലീനർ സ്മാർട്ട് ആയി

നിലം തൂത്തു തുടയ്ക്കാൻ റോബോട്ടിക് വാക്വം ക്ലീനർ ഉപയോഗിക്കുമ്പോൾ നിലത്ത് നിരന്നു കിടക്കുന്ന സാധനങ്ങൾ പെറുക്കി വെക്കൽ ഒരു ചടങ്ങ് ആയിരുന്നു. ആ പ്രശ്നത്തിനും പരിഹാരമായി. ചൈനീസ് കമ്പനിയായ റോബോ റോക്സ് (Robo-rock's 70), കടലാസോ പേപ്പറോ പോലെ 300 ഗ്രാം



ഭാരം വരെയുള്ള സാധനങ്ങൾ നിലത്തു നിന്നും പെറുക്കി മാറ്റും. വാക്വം ക്ലീനറിൽ തന്നെയുള്ള കൃത്രിമ കൈ ഉപയോഗിച്ചാണ് സാധനങ്ങൾ പെറുക്കി മാറ്റുന്നത്. ആപ്പ് ഉപയോഗിച്ച് പ്രോഗ്രാം ചെയ്ത് വേസ്റ്റുകൾ ഡസ്റ്റ് ബിന്നിൽ നിക്ഷേപിക്കാം. ലേസർ ഡിസ്റ്റൻസ് സെൻസറിനൊപ്പം ക്യാമറയും മറ്റ് സെൻസറുകളും ഒക്കെ ഇതിലുണ്ട്. വീട്ടിലുള്ള സാധനങ്ങൾ ഇഗ്നോർ ചെയ്യാനുള്ള ഓപ്ഷനും ആപ്പിൽ ഉണ്ട്. അതുകൊണ്ട് ആവശ്യമുള്ള സാധനങ്ങൾ ഒന്നും പെറുക്കി മാറ്റുകയും ഇല്ല. അടുത്തമാസം അമേരിക്കയിൽ വിപണനത്തിന് തയ്യാറാകും എന്നാണ് കമ്പനി പറയുന്നത്.

## ആപ്പിളിന്റെ സ്മാർട്ട് ഹോം

ഏറെ നാളത്തെ കാത്തിരിപ്പിന് വിരാമമായി ഹോം ഗാഡ്ജറ്റ്കളിലേക്ക് ആപ്പിളും എത്തുന്നു. വിപണിയിൽ ധാരാളം സ്മാർട്ട് ലോക്കുകൾ ഉണ്ടെങ്കിലും കസ്റ്റമറുടെ പ്രൈവസിക്ക് ഏറെ പ്രാധാന്യം നൽകുന്നു എന്ന വിശ്വാസ്യത ആപ്പിൾ ലോക്കുകൾക്ക് ആളുകൾക്കിടയിൽ വലിയ ചലനം ഉണ്ടാക്കും. ഐഫോൺ ഉപയോഗിച്ചും ഫെയ്സ് ഡിറ്റക്ഷൻ വഴിയും ഫിംഗർ പ്രിന്റ് വഴിയും ഡോർ ഓപ്പൺ ചെയ്യാൻ കഴിയും. ഈ വർഷം അവസാനത്തോടുകൂടി പ്രോഡക്റ്റ് വിപണിയിൽ എത്തുമെന്ന് പ്രതീക്ഷിക്കാം. മറ്റ് ഹോം സ്മാർട്ട് ഡിവൈസുകൾ കൂടി ഇൻട്രൊഡ്യൂസ് ചെയ്ത്, ആപ്പിൾ നിങ്ങളുടെ വീടിനെ മുഴുവനായി സുരക്ഷിതവും വിനോദപ്രദമായതും ആക്കും




എന്നാണ് ടെക് വിദഗ്ധർ പറയുന്നത്. ആപ്പിളിന്റേത് ആയതുകൊണ്ട് തന്നെ യൂണിക് ഡിസൈനും ഫീച്ചറും ഒക്കെ ലോക്കിൽ പ്രതീക്ഷിക്കാം.

## കുട്ടികൾക്ക് ടെൻഷൻ വേണ്ട

'സ്ട്രെസ്' പ്രായഭേദമന്യേ ഇന്ന് എല്ലാവർക്കും വരുന്ന ഒരു വില്ലൻ ആണ്. കുട്ടികളിലെ സ്ട്രെസ്സ് കുറയ്ക്കുന്നതിനായി മൂൺ ബേർഡ് (moonbird) എന്ന കമ്പനി വിപണിയിൽ എത്തിക്കുന്ന സ്ട്രെസ് റിലീസിംഗ് ഡിവൈസ് ആണ് ടെക് ലോകത്തെ ക്യൂട്ട് ന്യൂസ്. ഇതിൽ സ്ക്രീൻ ടൈമേ ഇല്ല. ബ്രീത്തിങ് എക്സർസൈസ് വഴി കുട്ടികളിലെ സ്ട്രെസ്സ് കുറയ്ക്കുക എന്നാതാണ് ഇതിന്റെ പിന്നിലെ ആശയം. ഒരു പാവയ്ക്കുള്ളിൽ ഒളിപ്പിച്ചുവെച്ച ഒരു ഭീമൻ മുട്ട പോലെയാണ് ഈ കളിപ്പാട്ടം ഉള്ളത്. കുട്ടികളുടെ കയ്യിൽ ഒതുങ്ങുന്ന ഈ പാവ വയറ് വീർപ്പിച്ച് ശ്വാസോച്ഛ്വാസം എടുക്കും. അതനുസരിച്ച് കുട്ടികൾക്കും ശ്വസിക്കാൻ തോന്നുകയും സ്ട്രെസ്സ് റിലീഫ് കിട്ടുകയും ചെയ്യും. കരടിയും മൂങ്ങയും ആണ് ഇപ്പോൾ കമ്പനി അവതരിപ്പിച്ചിരിക്കുന്ന രൂപം. രണ്ട് പാർട്ട് ആയിട്ടാണ് ഈ കളിപ്പാട്ടം വരുന്നത് അകത്തുള്ള മുട്ട പോലെയുള്ള ഭാഗം മാറ്റി കരടിയിലും മൂങ്ങയിലും ഫിറ്റ് ചെയ്യാം. ഇതിന് പുറകിലെ ബട്ടൺ ഉപയോഗിച്ച് ശ്വാസോച്ഛ്വാസത്തിന്റെ വേഗം നിയന്ത്രി





# ഇൻഫോ സൈറ്റ് Info Site

ക്കാം. മൊബൈൽ ഫോൺ പോലെ ചാർജ് ചെയ്ത് ഇത് ഉപയോഗിക്കാം. 8000 രൂപയാണ് വില.

## കുട്ടികൾക്ക് സ്മാർട്ട് ടൈം

സാംസങ് ഗൂഗിളുമായി ചേർന്ന് കുട്ടികൾക്കായി



വിപണിയിൽ എത്തിച്ചിരിക്കുന്ന സ്മാർട്ട് വാച്ച് ആണ് ഗാലക്സി വാച്ച് സെവൻ (Galaxy Watch 7) സ്മാർട്ട് വാച്ചിനായി വാശിപിടിക്കുന്ന കുട്ടികൾക്ക് ഇനി ധൈര്യമായി ഇത് മേടിച്ചു കൊടുക്കാം. പൂർണ്ണമായും വാച്ചിന്റെ നിയന്ത്രണം നിങ്ങളുടെ കയ്യിൽ തന്നെ ആയിരിക്കും.വാച്ചിലെ ആപ്പുകളും സ്ക്രീൻ ടൈമും ഒക്കെ നിങ്ങളുടെ മൊബൈൽ ഫോൺ ഉപയോഗിച്ച് നിയന്ത്രിക്കാം. കോൾ ചെയ്യാൻ 'ഈ സിം' ആക്ടിവേറ്റ് ചെയ്താൽ മതി. ഈ വാച്ചിലേക്ക് ആയി കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന കൂടുതൽ ഫീച്ചറുകൾ നിർമ്മിക്കുന്ന പണിപ്പുരയിലാണ് സാംസങ്ങും ഗൂഗിളും. കുട്ടികളുടെ സേഫ്റ്റിക്കായി ലൊക്കേഷൻ ഷെയറിങ് ഓപ്ഷനും ഇതിലുണ്ട്.

## ബ്രില്ലിയന്റ് ഗ്ലാസ്

ബ്രില്യന്റ് ലാബ് വിപണിയിൽ എത്തിക്കുന്ന സ്മാർട്ട് ഗ്ലാസ് ആയ ബ്രില്യന്റ് AI ഗ്ലാസ് ഇമ്മിണി വലിയ ബ്രില്യന്റ് ആണ്. ഡിസൈനാണ് ഇതിന്റെ ഏറ്റവും വലിയ ആകർഷകത്വം. കൂടാതെ വിപണിയിലെ ഏറ്റവും ലൈറ്റ് വെയ്റ്റും, 30 ഗ്രാം ആണ് ഇതിന്റെ ഭാരം. തീർന്നില്ല വോയിസ് കമാൻഡുകളിലൂടെ നിങ്ങളുടെ ഏതൊരു ആവശ്യവും ഇത് നിറവേറ്റി തരും. ഭക്ഷണം കഴിക്കുന്നതിനു മുമ്പ് അതിന്റെ കലോറി, നിങ്ങളുടെ മെഡിക്കൽ കണ്ടീഷന് ഇത് നല്ലതാണോ തുടങ്ങിയ വിവരങ്ങളും കൺമുന്നിൽ തെളിഞ്ഞു കാണാം. നിങ്ങൾ ഒരു യാത്രയിൽ ആണെങ്കിൽ കാണുന്ന മോന്യുമെൻസിന്റെ ഹിസ്റ്ററി ലഘുക്കുറിപ്പായി വായിച്ചെടുക്കാം. 640x400 color OLED ഡിസ്പ്ലേ ആണ് ഇതിനുള്ളത്. ബ്ലൂടൂത്ത് കണക്ടിവിറ്റി വോയിസ് അസിസ്റ്റന്റ് തുടങ്ങി എല്ലാ ബേസിക് ഫീച്ചറുകളും



ഏറ്റവും മികച്ച രീതിയിൽ തന്നെ ഇതിലുണ്ട്. 140-mAh ആണ് ബാറ്ററി. 29,000 രൂപയാണ് വില.

## സ്മാർട്ട് മ്യൂസിക്

ഇയർ പോഡുകൾ ദൈനംദിനം എന്നോണം അപ്ഡേറ്റ് ചെയ്യുന്നുണ്ടെങ്കിലും കൂടുതൽ ശബ്ദത്തിൽ പാട്ട് കേൾക്കുവാൻ സ്പീക്കറുകളുടെ അപ്ഡേഷനും കാര്യമായി തന്നെ നടക്കുന്നുണ്ട്. വിവിധ കമ്പനികൾ ഇത്തരത്തിലുള്ള മാഗ്നെറ്റിക് ബ്ലൂടൂത്ത് സ്പീക്കറുകൾ വിപണിയിൽ എത്തിക്കുന്നു. നിങ്ങളുടെ മൊബൈൽ ഫോണിലോ മറ്റ് ഇലക്ട്രോണിക് ഗാഡ്ജറ്റുകളിലോ മാഗ്നെറ്റിക് ആയി ഇത് ഘടിപ്പിക്കാം. ടോക്ക് ടെക്കിന്റെ മാഗ്നെറ്റിക് ബ്ലൂടൂത്ത് സ്പീക്കറിന്റെ



മറ്റൊരു സവിശേഷത ഇതൊരു വയർലെസ് ചാർജർ കൂടിയാണ് എന്നതാണ്. 15 വാട്ട് വയർലെസ് ചാർജിങ് സ്റ്റേഷൻ ആണിത്. മൊബൈൽ ഫോൺ, സ്മാർട്ട് വാച്ച് തുടങ്ങിയ ഗാഡ്ജറ്റുകൾ വയർലെസ് ആയി ചാർജ് ചെയ്യാം. ഒരു മൊബൈൽ സ്റ്റാൻഡ് ആയും ഇത് ഉപയോഗിക്കാം. കൂടാതെ ഇതിനുള്ളിലെ എൽ ഇഡി ഡിസ്പ്ലേ ഓൺ ഓഫ് ചെയ്തു നിങ്ങൾക്ക് ഇഷ്ടമുള്ള രീതിയിൽ പ്രവർത്തിപ്പിക്കാം.

●



# വെബ്സൈറ്റ് റിവ്യു

## WEBSITE REVIEW


**എന്തിനും ഏതിനും ഇന്റർനെറ്റിൽ ഉത്തരം തിരയുന്നവരാണ് നമ്മൾ. ചിലപ്പോഴെല്ലാം ഒരു ഉത്തരത്തിന് പലയിടത്തുമായി തിരയേണ്ടി വരും. പക്ഷെ നാം തിരയുന്ന ചോദ്യങ്ങൾക്ക് മറുപടി ഒരു വെബ്സൈറ്റ് തരുന്നുണ്ടെങ്കിലോ? എന്തും ഏറ്റവും എളുപ്പമായി ചെയ്ത് തീർക്കാൻ ഒരു വെബ്സൈറ്റ് നിങ്ങളെ സഹായിക്കുമെങ്കിലോ? അതല്ലേ ഏറ്റവും സഹായം. അത്തരത്തിൽ ചെറുതും വലുതുമായ നിരവധി വെബ്സൈറ്റുകൾ ഇന്റർനെറ്റിലുണ്ട്. ഗവൺമെന്റ് വെബ്സൈറ്റുകളും അല്ലാത്ത വെബ്സൈറ്റുകളും നിരവധിയാണ്. അതിൽ ചിലതാണ് ഇത്.**

ആതിര ശിശുപാലൻ

### വാർഡ് വിഭജനം നടത്തിയത് ഇനി മാപ്പ് രൂപത്തിൽ കാണാം (wardmap.ksmart.live)


കേരള സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ വാർഡുകൾ പുനർ വിഭജനം നടത്തിയിരുന്നു. ഇത്തരത്തിൽ പുനർവിഭജനം നടത്തിയത് എങ്ങനെയാണെന്നും നിങ്ങളുടെ ഏരിയയിൽ ഏതൊക്കെ രീതിയിൽ ആണ് ഇത്തരത്തിൽ വാർഡുകൾ പുനക്രമീകരിച്ചിരിക്കുന്നത് എന്നും മനസ്സിലാക്കാൻ ഇനി അധികം ദൂരം പോകേണ്ട. എല്ലാം ഒരു വിരൽ തുമ്പിൽത്തന്നെ മനസ്സിലാക്കാൻ സാധിക്കും.

wardmap.ksmart.liveഎന്ന വെബ്സൈറ്റ് ആണ് ഇതിന് സഹായിക്കുന്നത്. വെബ്സൈറ്റിൽ ഇത്തരത്തിൽ വാർഡ് വിഭജനം നടത്തിയതിന്റെ എല്ലാ വിവരങ്ങളും ലഭ്യമാണ്. ഇതിൽ മാപ്പ് അടക്കം സൂം ചെയ്ത് കാണാവുന്ന രീതിൽ ആണ് സെറ്റ് ചെയ്തിരിക്കുന്നത്. ആദ്യം വെബ്സൈറ്റിൽ കയറിയ ശേഷം വാർഡ് ഡീലിമിറ്റേഷൻ എന്ന പേജിൽ നിങ്ങളുടെ ജില്ല തിരഞ്ഞെടുക്കുക, ശേഷം ലോക്കൽ ബോഡി ഏതാണെന്നും തിരഞ്ഞെടുക്കുക. ഇനി സബ്മിറ്റ് ബട്ടണിൽ ക്ലിക്ക് ചെയ്താൽ നിങ്ങളുടെ ഏരിയയിലെ മൊത്തത്തിലുള്ള മാപ്പ് കാണിക്കും. ഇതിൽ നിങ്ങളുടെ വാർഡ് ഏതാണെന്നും നമ്പർ ഏതാണെന്നും വ്യക്തമായി കാണിക്കുന്നു. വാർഡ് വിഭജനം നടത്തിയപ്പോൾ നിങ്ങളുടെ വാർഡ് നമ്പർ മാറിയതിനെ കുറിച്ച് ഇതിൽ വ്യക്തമായി കണ്ട് മനസ്സിലാക്കാൻ സാധിക്കുന്നു.




### പ്രധാനപ്പെട്ട സർട്ടിഫിക്കറ്റ് നഷ്ടമായോ (digilocker.gov.in)


ഇന്ത്യൻ ഗവൺമെന്റിന്റേതായി എല്ലാവർക്കും ഉപയോഗിക്കാൻ സാധിക്കുന്ന ഒരു വെബ്സൈറ്റ് ആണ് digilocker.gov.in. നിങ്ങളുടെ പത്താം ക്ലാസ്സ് അല്ലെങ്കിൽ പ്ലസ് ടു സർട്ടിഫിക്കറ്റ് നഷ്ടമായെങ്കിൽ ഇനി അതോർത്ത് വിഷമിക്കണ്ട. വളരെ എളുപ്പത്തിൽ നിങ്ങൾക്ക് ഇത് ലഭ്യമാകും. അതിനായി digilocker.gov.in എന്ന വെബ്സൈറ്റ് ആദ്യം തുറക്കുക. ഇതിൽ നിങ്ങളുടെ നഷ്ടപ്പെട്ടു പോയ സർട്ടിഫിക്കറ്റ് തിരികെ ലഭിക്കാനുള്ള ഒരു ഓപ്ഷൻ ഉണ്ട്.




ഇതിനായി ആദ്യം നിങ്ങളുടെ ആധാർ നമ്പർ വെച്ച് സൈൻ ഇൻ ചെയ്യുക. എന്നിട്ട് പേജിലേക്ക് ലോഗിൻ ചെയ്യുക. ഇതിൽ കാണുന്ന പേജിൽ നിങ്ങളുടെ എക്സാം റോൾ നമ്പർ എന്റർ ചെയ്യുക. ഒപ്പം നിങ്ങൾ എന്നാണോ പാസ്സ് ആയത് ആ വർഷം ഇവിടെ കൊടുക്കുക. പിന്നീടു വരുന്ന ഓപ്ഷനിൽ നിന്നും മാർക്ക് ലിസ്റ്റ് ഡിജിറ്റൽ ഫോമിൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഇതിൽ നിങ്ങളുടെ പത്താം ക്ലാസ്സ്, പ്ലസ്ടു സർട്ടിഫിക്കറ്റ് എല്ലാം ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

## ട്രിപ്പിന്റെ കാര്യം എല്ലാം പ്ലാൻ ചെയ്യാം (https://www.buildai.space/app/trip-planner-ai)

വെറുതെ ഇരിക്കുമ്പോൾ ട്രിപ്പ് പോകാൻ ആഗ്രഹിക്കുന്നവരാണോ നിങ്ങൾ? ഒരു മികച്ച പ്ലാനിങ്ങ് ഇല്ലാത്തത് കാരണം പലപ്പോഴായി ട്രിപ്പ് പോക്ക് മുടങ്ങി കിടക്കുകയാണോ? നല്ലൊരു ട്രിപ്പ് ഗൈഡിനെ ആണോ നിങ്ങൾ അന്വേഷിക്കുന്നത്? എന്നാലിതാ നിങ്ങൾക്ക് വേണ്ടിയുള്ളതാണ് ഈ ട്രിപ്പ് പ്ലാനർ




വെബ്സൈറ്റ്. ഈ വെബ്സൈറ്റ് നിങ്ങൾക്ക് ട്രിപ്പ് പോകാൻ താൽപര്യമുള്ള സ്ഥലം പറഞ്ഞു കൊടുത്താൽ അതിനെ കുറിച്ച് വേണ്ട എല്ലാ വിവരങ്ങളും പറഞ്ഞ് തരും.

അതിനായി ആദ്യം വെബ്സൈറ്റിൽ കയറുക. ശേഷം നമ്മൾക്ക് പോകേണ്ട സ്ഥലം ഡെസ്റ്റിനേഷൻ തിരഞ്ഞെടുക്കുക. ഇനി എത്ര ദിവസത്തെ യാത്രയാണ് ഉദ്ദേശിക്കുന്നത് എന്നും പ്രത്യേകം പറയണം. ഇനി റൺ ഓപ്ഷൻ കൊടുത്താൽ നിങ്ങൾക്ക് പോകേണ്ട സ്ഥലത്തേക്കുള്ള യാത്രാ പ്ലാൻ ഒരു ടൈംടേബിൾ പോലെ ഇതിൽ വ്യക്തമാക്കും. മാത്രമല്ല എവിടെ മികച്ച താമസ സൗകര്യം ലഭിക്കും കാണേണ്ട സ്ഥലങ്ങൾ തുടങ്ങി എല്ലാ കാര്യങ്ങളും ഇതിൽ പറയുന്നു. നിങ്ങൾ കാണാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് എത്ര സമയം ചിലവഴിക്കാം എന്ന് തുടങ്ങിയ കാര്യങ്ങളും അടുത്ത സ്ഥലത്തേക്ക് എപ്പോൾ എത്തണം എന്നും എല്ലാം ഈ വെബ്സൈറ്റിൽ പറയുന്നു. ടൂർ പോകാൻ താൽപര്യം ഉള്ളവർക്ക് ഇതൊരു മികച്ച വെബ്സൈറ്റ് ആയിരിക്കും എന്ന് തീർച്ച.

## വീട്ടിലിരുന്ന് പാസ്പോർട്ട് സൈസ് ഫോട്ടോ തയ്യാറാക്കാം (https://www.cutout.pro)

ഒരു ബയോഡേറ്റ തയ്യാറാക്കണം. അല്ലെങ്കിൽ വളരെ ഒഫീഷ്യലായ കാര്യത്തിന് ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ വേണം എന്നിങ്ങനെയുള്ള ആവശ്യങ്ങൾക്ക് വേഗം സ്റ്റുഡിയോയിലേക്ക് പോകേണ്ട ആവശ്യം ഇല്ല. വേഗം വീട്ടിലെ ഇന്റർനെറ്റ് ഉപയോഗിച്ച് ഫോണിലെ ക്യാമറയിലെ ഫോട്ടോ എടുത്ത് തന്നെ നിങ്ങൾക്ക് ആവശ്യമുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ തയ്യാറാക്കാം.

ഇതിനായി വളരെ ഉപകാരപ്പെടുന്ന ഒരു വെബ്സൈറ്റ് ആണ് https://www.cutout.pro ഈ വെബ്സൈറ്റിൽ പാസ്പോർട്ട് സൈസ് ഫോട്ടോ നിർമ്മി




ക്കാൻ ആദ്യം നിങ്ങളുടെ ഫോണിൽത്തന്നെ ഒരു ഫോട്ടോ എടുക്കുക. ഈ ഫോട്ടോ ഇതിലേക്ക് അപ്ലോഡ് ചെയ്യുക. ഇതിന് ശേഷം പാസ്പോർട്ട് സൈസ് ഫോട്ടോയുടെ സൈസ് നോർമ്മൽ എന്ന് തിരഞ്ഞെടുക്കണം. ഇതിൽ പാസ്പോർട്ട് സൈസ് ആക്കുക മാത്രമല്ല ബാക്ക്ഗ്രൗണ്ട് കളറും മാറ്റി കൊടുക്കാവുന്നതാണ്. നിങ്ങൾ അപ്ലോഡ് ചെയ്തിരിക്കുന്ന ഫോട്ടോയ്ക്ക് പറ്റിയ ബാക്ക്ഗ്രൗണ്ട് തന്നെ തിരഞ്ഞെടുക്കാം. നിങ്ങളുടെ ഫോട്ടോയിലെ വസ്ത്രവും മാറ്റി നൽകാവുന്നതാണ്. വളരെ ഒഫീഷ്യലായ ആവശ്യത്തിന് ആണെങ്കിൽ 'കോട്ടും ടൈയും' സെലക്ട് ചെയ്ത് കൊടുക്കാം. അങ്ങനെ ഒരു ഡിജിറ്റൽ സ്റ്റുഡിയോയിൽ നിന്നും ലഭിക്കുന്ന അതേ മികവോടെ തന്നെ ഫോട്ടോ ലഭിക്കും. ഇനി ഇത് പ്രിന്റ് എടുത്താൽ മതിയാകും.

## വർഷങ്ങൾ കഴിയുമ്പോൾ ഭൂമി എങ്ങനെയായിരിക്കും? (2050.earth)



ഓരോ വർഷങ്ങളും വളരെ വേഗത്തിലാണ് പോകുന്നത്. ഇന്ന് 2025ൽ എത്തി നിൽക്കുമ്പോൾ അടുത്ത കുറച്ച് വർഷങ്ങൾ കഴിയുമ്പോൾ എങ്ങനെ ആയിരിക്കും എന്ന് ചിന്തിച്ചിട്ടുണ്ടോ? ഇതാ നിങ്ങൾ കാണാൻ ആഗ്രഹിക്കുന്ന വർഷം ഇനി ഈ 2025ൽ ത്തന്നെ കാണാം. അതിനായി 2050.earth എന്ന വെബ്സൈറ്റ് കാണുക. ഇതിൽ 2030ലും 2040ലും 2050ലും ഈ ഭൂമി എങ്ങനെ ആയിരിക്കും എന്ന് കാണാൻ സാധിക്കും. വളരെ രസകരമായ ഒരു വെബ്സൈറ്റ് ആണിത്. ആ വർഷം ആ നഗരത്തിൽ വന്നിരിക്കുന്ന മാറ്റങ്ങളെ കുറിച്ചും ഇതിൽ വ്യക്തമാക്കുന്നുണ്ട്.

●





# ആൻഡ്രോയ്ഡ് ഫോൺ ഉപേക്ഷിക്കാൻ പ്ലാനുണ്ടോ ?

റിൻസി

അനുദിനം മാറിക്കൊണ്ടിരിക്കുന്ന സ്മാർട്ട്ഫോണുകൾ... ഇവിടെ നമ്മെ അലട്ടുന്ന ഒരു ചോദ്യമാണ്, കയ്യിലിരിക്കുന്ന ആൻഡ്രോയ്ഡ് സ്മാർട്ട്ഫോൺ കളഞ്ഞാലോ എന്നത്. ആൻഡ്രോയ്ഡ് ഫോൺ മാറ്റുന്നതെന്തിന്? പ്രൈവസി, സെക്യൂരിറ്റി, അരോചകമായ നോട്ടിഫിക്കേഷനുകൾ തുടങ്ങി നിരവധി കാരണങ്ങൾ ഇതിനു പിറകിലുണ്ട്. ഇതൊക്കെക്കൊണ്ടുതന്നെ ഒരു ആൻഡ്രോയ്ഡ് യൂസറിന് മറ്റൊരു പ്ലാറ്റ്ഫോമിലേക്ക് മാറിയാലോ എന്ന ചിന്ത വന്നേക്കാം.

## ആൻഡ്രോയ്ഡ് ഫോൺ കളയുന്നതെന്തിന്? പൊതുവായ കാരണങ്ങൾ എന്തെല്ലാം?

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്ത്, ഫോണുകളുടെ കാര്യത്തിലും ശ്രദ്ധേയമായ മാറ്റമുണ്ട്. ഒരു വിഭാഗം ആൻഡ്രോയ്ഡ് ഫോൺ മോഡൽ അപ്ഡേറ്റ് ചെയ്യു



ചില ആൻഡ്രോയ്ഡ് ഫോണുകൾ ക്ഷീണം തോന്നുമ്പോൾ വിശ്രമിക്കുന്നതായി കാണാറുണ്ട്. തന്റെ യജമാനനോട് പറയാതെ തന്നെ സ്ലീപ് മോഡിൽ പോവുന്നത് നല്ലതല്ല.




ന്നു. മറ്റുചിലർ ആൻഡ്രോയ്ഡ് തന്നെ വേണോ എന്ന് ചിന്തിക്കുന്നു. ഉപയോക്താക്കൾ ആൻഡ്രോയ്ഡ് ഫോൺ മാറ്റാനുള്ള കാരണങ്ങളെന്താണ്? വിൽപ്പനക്കാരും ഇതറിഞ്ഞിരിക്കണം.

## പഴയ ടെക്നോളജി

കടന്നുവരുന്ന വൈവിധ്യമുള്ള ടെക്നോളജിയാണ് പഴയ ടെക്നോളജിയായ ആൻഡ്രോയ്ഡ് വേണ്ടെന്നുവെക്കാൻ ഉപയോക്താക്കളെ സ്വാധീനിക്കുന്നത്. പുതിയ ഫീച്ചേഴ്സ്, ഫാസ്റ്റ് പ്രോസസേഴ്സ്, മികച്ച സോഫ്റ്റ്‌വെയർ എന്നിവ അടിക്കടി റിലീസാവുന്നുണ്ട്. അങ്ങനെ വരുമ്പോൾ ഉപയോക്താവിന്റെ മനസ്സിൽ ആൻഡ്രോയിഡിനുള്ള സ്ഥാനം ഇല്ലാതാവുന്നതിൽ തർക്കമൊന്നുമില്ല. ഉയർന്ന ക്യാമറ റെസല്യൂഷൻ, നൂതന എഐ, നീണ്ടുനിൽക്കുന്ന ബാറ്ററി എന്നിവയും ഉപയോക്താവിനെ സ്വാധീനിക്കുന്നു.

## പെർഫോമൻസ് കുറയുന്നത്

ചില ആൻഡ്രോയ്ഡ് ഫോണുകൾ ക്ഷീണം തോന്നുമ്പോൾ വിശ്രമിക്കുന്നതായി കാണാറുണ്ട്. തന്റെ യജമാനനോട് പറയാതെ തന്നെ സ്ലീപ്മോഡിൽ പോവുന്നത് നല്ലതല്ല. ഇത് ആൻഡ്രോയ്ഡിന്റെ കാര്യക്ഷമതയെ ചോദ്യം ചെയ്യുകതന്നെചെയ്യും.

സ്ലോആവൽ, ആപ്പ് ലോഡ് ആവാൻ വൈകുന്നത്, അധികനേരം ഉപയോഗിക്കുമ്പോൾ ബാറ്ററി ലൈഫ് കുറയുന്നത്, പഴയ ഹാർഡ്‌വെയറുമായി യോജിച്ചു പോകാത്ത പുതിയ സോഫ്റ്റ്‌വെയർ അപ്ഡേറ്റുകൾ എന്നിവ ആൻഡ്രോയ്ഡ് നേരിടുന്ന വെല്ലുവിളികളാണ്.

കടന്നുവരുന്ന വൈവിധ്യമുള്ള ടെക്നോളജിയാണ് പഴയ ടെക്നോളജിയായ ആൻഡ്രോയ്ഡ് വേണ്ടെന്നു വെക്കാൻ ഉപയോക്താക്കളെ സ്വാധീനിക്കുന്നത്. പുതിയ ഫീച്ചേഴ്സ്, ഫാസ്റ്റ് പ്രോസസേഴ്സ്, മികച്ച സോഫ്റ്റ്‌വെയർ എന്നിവ അടിക്കടി റിലീസാവുന്നുണ്ട്. അങ്ങനെ വരുമ്പോൾ ഉപയോക്താവിന്റെ മനസ്സിൽ ആൻഡ്രോയിഡിനുള്ള സ്ഥാനം ഇല്ലാതാവുന്നതിൽ തർക്കമൊന്നുമില്ല.






**പുതിയ സിം ടെക്നോളജി വരുമ്പോൾ പഴയ ആൻഡ്രോയ്ഡ് ടെക്നോളജി മാറ്റാൻ പലരും നിർബന്ധിതരാവാറുണ്ട്. മൊബൈൽ ക്യാരിയേഴ്സ് പഴയ ഫോണുകളെ പൊതുവെ പ്രമോട്ട് ചെയ്യാറില്ല.**



## മൊബൈൽ സിം സർവീസ്

പുതിയ സിം ടെക്നോളജി വരുമ്പോൾ പഴയ ആൻഡ്രോയ്ഡ് ടെക്നോളജി മാറ്റാൻ പലരും നിർബന്ധിതരാവാറുണ്ട്. മൊബൈൽ ക്യാരിയേഴ്സ് പഴയ ഫോണുകളെ പൊതുവെ പ്രമോട്ട് ചെയ്യാറില്ല. അങ്ങനെ കസ്റ്റമേഴ്സ് ആൻഡ്രോയ്ഡ് ഫോണുകളെ ഒരു ഇവേസ്റ്റ് ആയി കണക്കാക്കുന്നു.

## ആൻഡ്രോയ്ഡ് ഫോൺ കളയുന്നതിനു മുൻപ് പരിഗണിക്കേണ്ട കാര്യങ്ങൾ

### 1. റിപ്പയർ ചെയ്യാൻ കഴിയുമോ

കുറഞ്ഞ ചിലവിൽ റിപ്പയർ ചെയ്യാൻ കഴിഞ്ഞാൽ നല്ലതാണ്. ഐഫോൺ വാങ്ങാനുള്ള സാഹചര്യമില്ലെങ്കിൽ ആൻഡ്രോയ്ഡ് ഫോൺ റിപ്പയർ ചെയ്യുന്നതിനെപ്പറ്റി ചിന്തിക്കാം.

### 2. റീസെയിൽ വില

പഴയ ആൻഡ്രോയ്ഡ് ഫോൺ കളയുന്നതിനുപകരം വിൽക്കാൻ നോക്കാം. വെറുതെ കളയാതെ



## ഫോൺ ഡാമേജ്

താഴെ വീഴുന്നതോ വെള്ളത്തിൽ വീഴുന്നതോ കാരണം ആൻഡ്രോയ്ഡ് ഫോൺ തന്നെ ഇല്ലാതാവുന്നു. റിപ്പയർ ചെയ്യാൻ അധികമാരും താല്പര്യപ്പെടാറില്ല. ഫോണിന്റെ വിലയെക്കാൾ വലിയ വില നൽകാൻ ആർക്കും താല്പര്യമില്ല എന്ന് ചുരുക്കം. ഓരോരുത്തരുടെയും തീരുമാനം വ്യത്യസ്ഥമാവാം. ഒരു ഫോൺ ഇനി മുൻപോട്ടു കൊണ്ടു പോകുന്നത് നല്ലതല്ല എന്ന് തോന്നുമ്പോൾ കളയുന്നതാണുചിതം.

## സോഫ്റ്റ്വെയർ പരിമിതികൾ

പഴയ ആൻഡ്രോയ്ഡ് ഫോണുകളിൽ സോഫ്റ്റ്വെയർ അപ്ഡേറ്റ്സ് വരാറില്ല. ഇത് സെക്യൂരിറ്റി പ്രശ്നം ഉണ്ടാക്കും. അതുപോലെ തന്നെ പുതിയ ആപ്ലിക്കേഷനുകൾ ആക്സസ്സ് ചെയ്യാനും കഴിയില്ല. തങ്ങളുടെ ഡേറ്റാ സേഫ് അല്ലായെന്നുതോന്നുമ്പോൾ ഏതൊരുപയോക്താവിനും നീരസമുണ്ടാവുക സ്വാഭാവികം. ഫോൺ ഹാക്കായാൽപിന്നെ കളയാതെ വേറൊരു മാർഗമില്ല.



**സ്വകാര്യതയെ വെല്ലുവിളിക്കുന്ന കാലത്ത് ഫോണിന്റെ സെക്യൂരിറ്റിക്ക് വലിയ പ്രാധാന്യമുണ്ട്. ആൻഡ്രോയ്ഡ് ഫോണുകൾക്ക് ഐഫോണിനെയപേക്ഷിച്ച് സെക്യൂരിറ്റി & പ്രൈവസി കുറവാണ്.**

മറ്റൊരാൾക്ക് ആവശ്യമെങ്കിൽ നൽകാം.

### 3. റീസൈക്കിൾ ചെയ്യാം

കമ്പനി ഓഫർ ചെയ്യുന്ന റീസൈക്കിൾ ഓപ്ഷനുകൾ നോക്കാം. ഇവേസ്റ്റ് ഒഴിവാക്കി പരിസ്ഥിതി സംരക്ഷിക്കാൻ ഇത് സഹായിക്കും.

### 4. ഡേറ്റാ ബാക്കപ്പ്

പേഴ്സണൽ ഡേറ്റാ ബാക്കപ്പ് ചെയ്യാൻ മറക്കരുത്. കംപ്യൂട്ടറിലോട്ടോ ഹാർഡ് ഡിസ്കിലോട്ടോ മറ്റോ മാറ്റാം. ഓൺലൈൻ ഡ്രൈവും ഉപയോഗിക്കാം. ഫോൺ കളയുന്നതിനു മുൻപ് ഫോർമാറ്റ് ചെയ്യാൻ മറക്കരുത്. ഫാക്ടറി റീസെറ്റ് ചെയ്ത് പ്രൈവസി ഉറപ്പു വരുത്തുക.

## ഐഫോണിലേക്കോ മറ്റൊരു ആൻഡ്രോയ്ഡ് ഫോണിലേക്കോ മാറുന്നതിനു മുൻപ് എന്തെല്ലാം ശ്രദ്ധിക്കണം?

### 1. യൂസർ എക്സ്പീരിയൻസ് & ഇന്റർഫേസ്

മറ്റൊരു ആൻഡ്രോയ്ഡ് ഫോൺ വാങ്ങാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആദ്യം നോക്കേണ്ടത് പുതിയതായി ഇറങ്ങുന്ന ആൻഡ്രോയ്ഡ് ഫോണിന്റെ യൂസർ ഇന്റർഫേസാണ്. നിരവധി കസ്റ്റമൈസേഷൻ ഓപ്ഷനുകൾ ആൻഡ്രോയ്ഡ്ഫോൺ ഇപ്പോൾ തരുന്നുണ്ട്. അതുപയോഗിച്ച് ഒരു യൂസറിന് ഇഷ്ടമുള്ളപോലെ ഫോൺ സെറ്റ് ചെയ്യാൻ കഴിയും. എന്നിരുന്നാലും, ഇത് പുതിയ യൂസേഴ്സിന് മനസിലാക്കിയെടുക്കാൻ പ്രയാസമായിരിക്കും.

ഇവിടെയാണ് ഐഒഎസിനെപ്പറ്റി ചിന്തിക്കേണ്ടത്. കാരണം, എളുപ്പത്തിൽ വേണ്ട പോലെ ഫോൺ സെറ്റ് ചെയ്യാൻ ഐഫോൺ സഹായിക്കും. ആദ്യമൊക്കെ അല്പം അനിഷ്ടം തോന്നിയാലും, പോകെപ്പോകെ ഐഫോൺ ബെസ്റ്റ് ഓപ്ഷനാണെന്ന് മനസിലാവും.

### 2. ആപ്പ് അവൈലബിലിറ്റി & കമ്പാടിബിലിറ്റി

ഇപ്പോഴുള്ള ആൻഡ്രോയ്ഡ് ഫോൺ കളയുന്നതിന് മുൻപ് നിലവിൽ ഇൻസ്റ്റോൾ ചെയ്തിരിക്കുന്ന ആപ്പ്സിനെപ്പറ്റി ചിന്തിക്കേണ്ടതുണ്ട്. മിക്ക ആപ്പുകളും രണ്ട് പ്ലാറ്റ്ഫോമിലും ഉണ്ട്. എന്നാൽ ചില ആപ്പുകൾ ഐഫോണിൽ കാണാറില്ല. അതിനാൽ ആൻഡ്രോയ്ഡ് ഫോൺ കളയുന്നതിന് മുൻപ് ആവശ്യമായ കാര്യങ്ങൾ ബാക്കപ്പ് എടുക്കേണ്ടതുണ്ട്.

### 3. വില

ആപ്പിൾ ഫോൺ വേണമെങ്കിൽ വില കൂടുതൽ നൽകേണ്ടി വരും. എന്നാൽ ഫോണിന്റെ ക്വാളിറ്റിയാണോ വിലയാണോ നോക്കേണ്ടതെന്നോർക്കണം.

### 4. മറ്റു ഡിവൈസുമായുള്ള ഇന്റഗ്രേഷൻ

സ്മാർട്ട്വാച്ച്, ടാബ്ലറ്റ്സ് (ഐപാഡ്), ലാപ്ടോപ് തുടങ്ങിയവയുമായി കണക്ട് ചെയ്യാൻ പറ്റിയ ഒരു ഫോൺ കണ്ടെത്തണം. ആൻഡ്രോയ്ഡ് ഫോൺ വിൻഡോസ് പിസി യുമായി എളുപ്പത്തിൽ ഇന്റഗ്രേറ്റ് ആവും. എന്നാൽ ആപ്പിൾ പ്രോഡക്റ്റ്സിനോടാണ് ഐഫോണിന് പ്രിയം.

### 5. സെക്യൂരിറ്റി & പ്രൈവസി

സ്വകാര്യതയെ വെല്ലുവിളിക്കുന്ന കാലത്ത് ഫോണിന്റെ സെക്യൂരിറ്റിക്ക് വലിയ പ്രാധാന്യമുണ്ട്. ആൻഡ്രോയ്ഡ് ഫോണുകൾക്ക് ഐഫോണിനെയപേക്ഷിച്ച് സെക്യൂരിറ്റി & പ്രൈവസി കുറവാണ്.

ചുരുക്കത്തിൽ, ആൻഡ്രോയ്ഡ് ഫോൺ കളയണോ എന്നത് സ്വന്തം തീരുമാനമാണ്. ആവശ്യം, ജീവിത സാഹചര്യം, ഫോണിന്റെ ഗുണവും ദോഷവും, വില തുടങ്ങിയ കാര്യങ്ങൾ നോക്കേണ്ടതുണ്ട്. മുൻകൂട്ടിയുള്ള ഒരു അവലോകനം ഒരു നല്ല തീരുമാനം എടുക്കാൻ സഹായിക്കും.

●



# റിപ്പബ്ലിക് ദിന പരേഡിൽ മിന്നും താരമായി റോബോർട്ടിക് മ്യൂൾ

◐ അന്ന ബേബി

കൊൽക്കത്തയിൽ ജനുവരി 26 ന് നടന്ന റിപ്പബ്ലിക് ദിന പരേഡിൽ മിന്നും താരമായിരുന്നു സഞ്ജയ് എന്ന് പേരിട്ടിരിക്കുന്ന ഇന്ത്യയുടെ റോബോർട്ടിക് മ്യൂളുകൾ. ഉയർന്ന പരിശീലനം ലഭിച്ച നായകളെ പോലെ അച്ചടക്കത്തോടെ പരേഡിൽ പങ്കെടുത്ത ഇവ കാണികളുടെ ശ്രദ്ധ ആകർഷിച്ചു.

മ്യൂൾ എന്നാൽ മൾട്ടി യൂട്ടിലിറ്റി ലെഗ് എക്യുപ്മെന്റ്. ഉയർന്ന മഞ്ഞുമലകളും മരുഭൂമികളും താണ്ടാൻ കെൽപ്പുള്ള ഇവയെ ഇന്ത്യൻ സൈന്യം 2024 ലാണ് സ്വന്തമാക്കിയത്. 12 കിലോ മുതൽ 15 കിലോ വരെ ഭാരം വഹിക്കാനുള്ള കപ്പാസിറ്റി ഇവയ്ക്കുണ്ട്. ഒപ്പം മൈനസ് 40 ഡിഗ്രി മുതൽ മൈനസ് 55 ഡിഗ്രി വരെ താപനിലയിൽ ഇവയ്ക്ക് അനായാസം പ്രവർത്തിക്കാൻ സാധിക്കും.


ഉയർന്ന റെസൊല്യൂഷൻ ക്യാമറകൾ, സെൻസർ എന്നിവ മ്യൂളുകളുടെ സവിശേഷതകളാണ് . ദൂരെ നിന്ന് റിമോർട്ട് സംവിധാനം വഴി സൈനികർക്ക് ഇവ അതിവേഗം നിയന്ത്രിക്കാൻ സാധിക്കും. യുദ്ധ മേഖലകളിൽ പ്രവർത്തിക്കാനും, ബോംബ് നിർവീര്യമാക്കാനും, പർവ്വത പ്രദേശങ്ങളിലും മറ്റും പതിയിരിക്കാനും ഇവയ്ക്ക് കഴിയുന്നു. ഈ മ്യൂളുകളിൽ സൈനിക റൈഫിൾ, ആയുധങ്ങൾ, ഡ്രോണുകൾ ഇവയും ഘടിപ്പിക്കാനാകും.

അതിർത്തി കാക്കുന്നതിനും, കെമിക്കൽ ബയോളജിക്കൽ, ന്യൂകിയർ യുദ്ധമുഖത്ത് പ്രവർത്തിക്കുന്നതിനും, തീവ്രവാദികളെ ശക്തമായി നേരിടുന്നതിനും, സൈനിക അപകടങ്ങൾ കുറയ്ക്കുന്നതിനും, വെല്ലുവിളി നിറഞ്ഞ മേഖലകളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നതിനും, രഹസ്യാന്വേഷണത്തിനും ഇവ ഉപയോഗപ്രദമാണ്. 51 കിലോ ഭാരമുള്ള മ്യൂളുകൾക്ക് ഒരു റീചാർജിലൂടെ 10 മണിക്കൂർ വരെ പ്രവർത്തിക്കാനാകും. മനുഷ്യന്റെ ഉറ്റ സുഹൃത്തുക്കൾ എന്നറിയപ്പെടുന്ന നായ്ക്കൾ ടെക്നോളജിയുടെ ഭാവഭേദത്തോടെ റോബോർട്ടിക് മ്യൂളുകൾ ആകുമ്പോൾ അവ ഭാവിയിൽ സൈനികർക്ക് നിർണായക പിന്തുണയേകുമെന്നത് നിശ്ചയമാണ്. ●



## വിറ്റിമൗസ്

പ്രസന്നൻ




Info-Kairali Computer Magazine, Owned, Edited & Printed by Sojan Jose, Pullappallil, Manjoor P.O., Kuruppanthara, Kottayam.
Printed at Print Park, Kottayam and Published by Kairali Publications, Kuruppanthara, Kottayam. Editor- Sojan Jose

+2/DEGREE കഴിഞ്ഞവർക്ക്

# സുവർണ്ണാവസരം

# SAP S/4 HANA

## Financial Accounting

NextGen Education

**ADMISSION OPEN**



Since 1989

NICT

3RD FLOOR
TRIVENI COMPLEX
TOURIST BANGLOW ROAD
KOTTAYAM.
PH : 9447464308

**PUSH YOUR SAP SKILLS TO A NEXT LEVEL**

**BE A NEXT GENERATION LEARNER**

Info-Kairali 296 FEBRUARY 2025
Published on 29 JANUARY 2025
Price Rs.30
RNI-KERMAL/1998/1064 Regd. No. H6-42564/98

Registered-Regn No.KL/KTM/42/2024-26
Licence No.

